2015 ഡിസംബർ 10 മുതൽ 2016 ജനുവരി 9 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

**Cinema, Sports, Arts & Literature**



യു.എ.ഖാദറിന്
'നക്ഷത്രരാജ്യം
അവാർഡ്' സമർപ്പണം
കോഴിക്കോട് ടൗൺഹാൾ
2015 ഡിസംബർ 12ന്
6.30 p.m.

(ഉൾപേജ് കാണുക)



ഇയ്യങ്കോട് ശ്രീധരൻ (ലേഖനം)
പി.ആർ. നാഥൻ (ലോകവിചാരം)
എം.എസ്. കുമാർ (കഥ)
രാജൻ ചിന്നങ്ങത്ത് (കഥ)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
സി.കെ.രാഘവൻ (Short Story)
കുട്ടികൃഷ്ണൻ നായർ ഇളവന (കവിത)
കെ.ഷൈനു (വിചാരം)
പരിമള പി. (കവിത)
ജോസഫ് പുതക്കുഴി (കവിത)
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)
ഗിരീഷ് മൂഴിപ്പാടം (കാർട്ടൂൺ)




മുഖചിത്രം
**പത്മപ്രിയ**
(ഫിലിംസ്റ്റാർ)

Since : 2008
Nakshathra Rajyam
(Monthly Magazine)
2015 December 10
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 53 Volume 6
Managing Editor, Publisher &
Owned by
**Nakshathrarajyam** E. Radhakrishnan
Edoli House, Kommeri P.O.
Kozhikode - 673007
Address
Managing Editor
NAKSHATHRA RAJYAM
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email:nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

**എഡിറ്റോറിയൽ**




# സംസ്ഥാനത്ത് പുലരണം കർഷകന് സമ്പദ് സമൃദ്ധി കാലം

80% കാർഷികരാജ്യമായ ഭാരതത്തിൽ അർഹമായ വേതനം മനുഷ്യശക്തിക്കു ലഭിക്കുന്ന അപൂർവ്വം സംസ്ഥാനങ്ങളിൽ സാമ്പത്തികമായി മുന്നേറ്റം ഉണ്ടായ ഒരു സംസ്ഥാനമാണ് ഭാരതത്തിന്റെ ഭൂപടത്തിൽ തെക്കേ അറ്റത്ത് ഇടം പിടിച്ച ചെറിയ സംസ്ഥാനമായ കേരളം. എന്നാലും സംസ്ഥാനത്ത് കാർഷിക മേഖലയിൽ കർഷക ആത്മഹത്യ നിരക്ക് വൻതോതിൽ കൂടുന്നു. കർഷക ആത്മഹത്യയുടെ തോത് വർദ്ധിക്കാൻ കാരണമെന്ത്?. കാരണം കണ്ടെത്താനുള്ള ബാദ്ധ്യത നിറവേറ്റേണ്ട ഭരണകൂടങ്ങളുടെ അനാസ്ഥ കേരളത്തിൽ മാത്രമല്ല ഭാരതത്തിലാകെ കാർഷിക മേഖലയിൽ നാശം വിതച്ചുകൊണ്ടിരിക്കുകയാണ്. അവസാനിക്കണം കാർഷിക മേഖലയിലെ ഭരണകൂടങ്ങളുടെ ഇത്തരം കെടുകാര്യസ്ഥത പ്രവണതകൾ. ഭാരതത്തിലെ ജനങ്ങളുടെ ഭക്ഷണാവശ്യത്തിനും തന്റേയും കുടുംബത്തിന്റേയും ഭക്ഷണാവശ്യത്തിനും നിത്യവൃത്തിക്കും ചേർത്ത് വിയർപ്പൊഴുക്കുന്ന കർഷകരെ അവഗണിച്ചതിന്റെ പേരിൽ കാർഷിക മേഖലയിൽ ഇനിയൊരു കർഷക ആത്മഹത്യ രാജ്യത്ത് ഇനി ഉണ്ടായിക്കൂടാ. വിശിഷ്യ ചെറിയ സംസ്ഥാനമായ കേരളത്തിൽ.


കേരളത്തിലെ നെൽകൃഷിക്കാരെ സംരക്ഷിക്കുക. പച്ചക്കറി കൃഷിചെയ്യുന്ന കൃഷിക്കാർക്ക് അവർ വിളയിച്ച പച്ചക്കറികൾ വിൽക്കാൻ വേണ്ടതായ സ്റ്റാൾ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക. ഇടത്തട്ടുക്കാരേയും കേരളത്തിൽ കൃഷിനാശം സംഭവിച്ചാൽ അത് സുവർണ്ണാവസരമായി അന്യസംസ്ഥാനങ്ങളിൽനിന്ന് വിളവുകൾ ഇറക്കുമതി ചെയ്യുന്നതിനു ദല്ലാൾമാരായി വിളവുകൾ വിൽക്കാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും - ബിനാമിയായി പ്രവർത്തിക്കുകയും - തിന്നുന്ന ചോറിനോടും ജനിച്ച നാടിനോടും ജോലിയിലിരിക്കുന്ന സംസ്ഥാനത്തിനോടും കൂറില്ലാത്ത ഉദ്യോഗസ്ഥ00രേയും - അവരെ വലയിൽ നിർത്തി കമ്മീഷൻ പറ്റാൻ കരുക്കൾ നീക്കുന്ന ജനവഞ്ചകരേയും ഭരണകൂടങ്ങളുടെ ഇടനാഴികയിൽനിന്ന് പുറത്താക്കി ശുദ്ധികലശം ചെയ്യാൻ നയങ്ങളും പരിപാടികളും തയ്യാറാക്കുന്ന ആത്മാർത്ഥതയുള്ള ഭരണകൂടങ്ങൾ സ്ഥാപിക്കാൻ മുൻകൈയ്യെടുക്കുന്ന സംസ്ഥാന/ ദേശീയ രാഷ്ട്രീയപാർട്ടികളുടെ ഭരണകൂടം സ്ഥാപിക്കുക. പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഭാരതത്തിൽ വിശിഷ്യ കേരള സംസ്ഥാനത്ത് കൃഷിയിടങ്ങൾ സംരക്ഷിക്കുക. ശുദ്ധവായുവും വെളിച്ചവും വീടും ഭക്ഷണവും മനുഷ്യന് അത്യന്താപേക്ഷിതമാണ്. അതിനെകൈപ്പിടിയിലൊതുക്കി സാധാരണ ജനവിഭാഗങ്ങളെ നിയന്ത്രിക്കാൻ കച്ചക്കെട്ടിയിറങ്ങിയ ചൂഷകരെ ചുമലിൽ ചുമക്കുന്നവരെ തിരിച്ചറിയുക. വിനിയോഗിക്കുന്ന വോട്ടവകാശത്തിൽക്കൂടി സ്വന്തം അസ്ഥിത്വത്തിനും പുരോഗതിയിലേക്കുള്ള കാൽവെപ്പിനും പരവതാനിവിരിക്കുന്ന നിയമനിർമ്മാണ സഭകളെ വോട്ടവകാശത്തിൽകൂടി സ്ഥാപിക്കുക. അതായിരിക്കട്ടെ രാജ്യത്തെ ഓരോപൗരന്റേയും വോട്ടവകാശം രേഖപ്പെടുത്തൽ പ്രക്രിയ. വീണ്ടുമൊരു തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുകയാണ്. ജനങ്ങളുടെ സർക്കാറാകട്ടെ കേരളത്തിൽ ഭരണം നടത്തുന്നത്. അതിനായി വോട്ടവകാശം വിനിയോഗിക്കുക.

മാനേജിംഗ് എഡിറ്റർ

# കവിതയുടെ കരുത്ത്



ഇയ്യങ്കോട് ശ്രീധരൻ



എന്താണ് കവിത? കവിത എന്തിനുവേണ്ടിയാണ്? സാമൂഹിക ജീവിതത്തിൽ കവികൾക്ക് എന്താണ് പ്രസക്തി? അത്തരക്കാരെ കൊണ്ട് – കവിത കുറിക്കുന്ന ആളുകൾ – എന്താണ് പ്രയോജനം? ഇതൊക്കെ ഇന്നലെ തുടങ്ങിയ അന്വേഷണങ്ങളാണ്. എന്നാൽ കവിത ജീവിതം തന്നെയാണെന്നും ജീർണ്ണമായി തീരുന്ന ജീവിതം പുതുക്കി പണിയാനും അതു ശക്തമാണെന്നും ലോക നാഗരികത നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പഠിച്ച പാഠങ്ങൾ പലതും മറന്നുപോകുമ്പോഴാണ് തുടക്കത്തിൽ കുറിച്ച ചോദ്യങ്ങൾ ഉയരുന്നത്. മറ്റെല്ലാം ഭാഷകളിലുമെന്നപോലെ മലയാള കവിതക്കും ചരിത്രവും വർത്തമാനവുമുണ്ട്. ഭാഷയെ നവീകരിച്ചുകൊണ്ട്സമൂഹമനസ്സിനെ ഭാവോന്മീലിതമാക്കുന്ന ദർശനങ്ങളാലും ഈണങ്ങളാലും സമൃദ്ധമാണ് മലയാളകവിത. പ്രപഞ്ചസത്തയ്ക്ക് മൊത്തത്തിൽ ഒരു താളമുണ്ട് എന്നു പറയുന്നതുപോലെതന്നെ അവ്യവസ്ഥതകളുടെ അപശ്രുതികൾ ഒഴിവാക്കി താളനിഷ്ഠമായ നിലപാടുകളെടുക്കാൻ അതീതകാലം മുതൽ മനുഷ്യർ പരിശ്രമിച്ചിട്ടുണ്ട്.എന്നുവെച്ചാൽ ഭാഷകളും ലിപി സമുച്ചയങ്ങളും ഉയിരെടുക്കുന്നതിനുമുമ്പുതന്നെ കവിതയുണ്ടായിരുന്നു എന്നാണ അർത്ഥം.

കഴിഞ്ഞകാലത്ത് മലയാളത്തിന് നഷ്ടപ്പെട്ടുപോയ കവിപ്രതിഭകളിൽ അഗ്രിമസ്ഥാനത്താണ് കടമ്മനിട്ട രാമകൃഷ്ണന്റെ സ്ഥാനം. നാം ജീവിക്കുന്ന കാലഘട്ടത്തിൽ കവിതയെ മനുഷ്യമോചനത്തിനുള്ള ആയുധമാക്കിയ ചരിത്രദൗത്യമാണ് കടമ്മനിട്ട നിർവ്വഹിച്ചത്. അക്കാരണത്താൽ കുഞ്ചനും ആശാനും ചങ്ങമ്പുഴക്കുശേഷം മലയാള കാവ്യചരിത്രം അടയാളപ്പെടുത്തിയ കരുത്തിന്റെ കവിയായി കടമ്മനിട്ടയെ വിശേഷിപ്പിക്കാം. ഇടക്കാലത്ത് ആസ്വാദക പരിസരങ്ങളിൽ നിന്ന് അകന്നു തുടങ്ങിയ കവിതയ്ക്ക് വീണ്ടും തുടുപ്പാർന്ന ജനകീയമുഖം നൽകിയ കവിയായിരുന്നു അദ്ദേഹം.

കവിതയുടെ നാരായവേര് എന്ന് കടമ്മനിട്ട ആത്മഗതം കണക്ക് എഴുതിയ കുറിപ്പിൽ രേഖപ്പെടുത്തിയ വസ്തുതകൾ കവിതയോടുള്ള തന്റെ നിലപാട് സുവ്യക്തമായി അറിയിച്ചി

ELECTRICALS

# PEE KAY ELECTRICALS

**WHOLESALE & RETAIL**

**City Tower, Mavoor Road, Calicut**

Ph: 0495 2560330,Mob: 9447393749, 9061884419
E-mail: pkelectricals.clt@gmail.com
www.pkelectrical.in

Finolex

WIPRO
Applying Thought

legrand®

BAJAJ
Bajaj Electricals Ltd.
Inspiring Trust

KUNDAN CAB

HAVELLS

ട്ടുണ്ട്. 'പാണനിലൂടെ, പറയനിലൂടെ, പുള്ളുവനിലൂടെ, പുലയനിലൂടെ, കുറവനിലൂടെ, കുത്തൊഴുക്കിലും, കൊയ്ത്തുപാടത്തും, ഏറുമാടങ്ങളിലും, കുടിലിലും, കുന്നിലും തേങ്ങി ഉയർന്നുറച്ച നാടൻപാട്ടുകളിൽ തന്നെയാണ് നമ്മുടെ കവിതയുടെ നാരായവേര്. ശാസ്ത്രീയമെന്ന് കരുതപ്പെടുന്ന കലകളുടെ വേരുകളും ഇവിടെതന്നെയാണ്. കൂട്ടത്തിൽ പറഞ്ഞുവെക്കട്ടെ. വേരില്ലാതെ മരമില്ലെന്നും നാരായവേരിന്റെ ബലത്തിൽ സൂര്യനുനേരെ വളർന്നു പന്തലിച്ച മരമാണ് കവിതയെന്നും അറിയണം. മരങ്ങളുടെ കട്ടൗട്ടുകൾ കവിതയാവില്ല.' ഈ കുറിപ്പിൽ കവിതയുടെ സമഗ്രചിത്രം വെളിവാകുന്നു. തന്റെ രചനകളുടെ പശ്ചാത്തലചരിത്രം ഇതുതന്നെയാണെന്ന് അദ്ദേഹം തുറന്നു പറയുന്നു.

കടമ്മനിട്ടയുമായി മൂന്നു പതിറ്റാണ്ടുകാലത്ത് വ്യക്തിബന്ധം എനിയ്ക്കുണ്ട്. തീർത്തും ഗ്രാമീണമായ മനസ്സ് ഒരിക്കലും നഷ്ടപ്പെടാതെ അദ്ദേഹം സൂക്ഷിച്ചു. അനേകം പ്രതിലോമകാരികളുമായി ചങ്ങാത്തം പുലർത്തുമ്പോഴും ഒരു കമ്മ്യൂണിസ്റ്റുകാരന്റെ പ്രതിബദ്ധതയും ആർജ്ജവവും അദ്ദേഹം കൈവെടിഞ്ഞിരുന്നില്ല. പാർട്ടിപ്രവർത്തകനായാൽ ഹൃദയചുരുക്കം വരുമെന്ന യാഥാസ്ഥിതികവാദത്തെ നിരാകരിച്ചുകൊണ്ട് ഹൃദയവിശാലത വേണമെങ്കിൽ ജനങ്ങൾക്കിടയിൽ പുലരണമെന്നാണ് കടമ്മനിട്ടയുടെ നിലപാട്. വ്യക്തിപരമായ അനുഭവങ്ങളുടെ ഒട്ടേറെ ഓർമ്മകൾ ഈ കവിയെ കുറിച്ച് ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ബാബറി മസ്ജിദ് തകർന്നുവീണശേഷം നടന്ന ഒരു കവിസമ്മേളനത്തിൽ, അങ്ങടിപ്പുറത്താണെന്ന് തോന്നുന്നു., കടമ്മനിട്ട അതിശക്തമായ ഒരു കവിത അവതരിപ്പിച്ചു. സർവ്വത്ര മാറ്റൊലിക്കൊള്ളുന്ന സ്വരം ചില യുവാക്കളെ അലോസരപ്പെടുത്തി. സദസ്സിൽ നിന്ന് ചില യുവാൾ എഴുന്നേറ്റ് കവിയെ ചോദ്യം ചെയ്യാനൊരുങ്ങിയപ്പോൾ കടമ്മനിട്ട സ്വതഃസിദ്ധമായ ശൈലിയിൽ പറഞ്ഞു:" ഇരിയെടാ അവിടെ. നിങ്ങൾക്ക് കേൾക്കേണ്ടെങ്കിൽ കടക്കൂ പുറത്ത്.!"



അൽപം വർഗ്ഗീയ രോഗം ബാധിച്ച പിള്ളേർ തലതാഴ്ത്തി പുറത്തേക്കുപോയി.

1980–ലാണ്.കാസർകോട് ജില്ലയിലെ നീലേശ്വരം രാജാസ് ഹൈസ്ക്കൂളിലുള്ള ജൂബിലിയാഘോഷം. അനുബന്ധമായി കവി സമ്മേളനം ഉണ്ടായിരുന്നു. അദ്ധ്യക്ഷൻ കുഞ്ഞുണ്ണി മാഷ്, കടമ്മനിട്ട അൽപം സേവിച്ചുകൊണ്ടാണ് വന്നത്. വന്നപാട് അദ്ധ്യക്ഷന്റെ ശരീരത്തിലേക്ക് ഒന്നു ചരിഞ്ഞു. ഞാൻ പിടിച്ചുമാറ്റി. തുടർന്ന് കാവ്യാലാപനം. മുഴങ്ങുന്ന ശബ്ദത്തിൽ " കാട്ടാളൻ" എന്ന കവിത തുടങ്ങി. സദസ്സ് കോരിത്തരിച്ചു. ഇടയ്ക്കുവെച്ച് നാലഞ്ചുവരികൾ വിട്ടുപോയി. അതാ, ആ വരികൾ സദസ്സിൽ നിന്ന് ചില യുവാക്കൾ ചൊല്ലി. അസാധാരണമായ ഒരു കാവ്യാനുഭവമായിരുന്നു അത്. തിരുവനന്തപുരത്തെ വി.ജെ.ടി ഹാളിൽ 1990–ൽ ഡിസംബറിൽ ഞാൻ രചിച്ച കിംഗ്ലിയർ അരങ്ങേറി. അന്ന് കടമ്മനിട്ട എം.എൽ.എ ആയിരുന്നു. ഒന്നൊന്നരമണിക്കൂർ കഥകളി ഇരുന്നു കണ്ടു. അണിയറയിൽ വന്ന് എന്നെയും കലാമണ്ഡലം ഗോപിയേയും കൊട്ടിപിടിച്ചു.ഗോപിയാശാനേ, നിങ്ങളുടെ വേഷം യൂറോപ്പ് കീഴടക്കും ഉറപ്പ്.ആ വാക്കുകൾ ഫലിച്ചു. കിംഗ്ലിയർ കഥകളി പടിഞ്ഞാറൻ യൂറോപ്പിലെ സഹൃദയർ സഹർഷം സ്വീകരിച്ചു. കടമ്മനിട്ട ആറന്മുളയിൽ എം. എൽ.എയായി മത്സരിച്ചപ്പോൾ ഒരു കാർഡ് വന്നു. "ഇവിടെ കാളപ്പോര് നടക്കുന്നു. വരണം. സഹായിക്കണം."

കെ.ഇ. എന്നും ഞാനുമെല്ലാം ആറന്മുളയിൽ ഒരാഴ്ച താമസിച്ചു. എം.വി. രാഘവനെതറപറ്റിക്കാനുള്ള പ്രസംഗങ്ങൾ തുടങ്ങി. ഉശിരനായ കടമ്മൻ, ആ തിരഞ്ഞെടുപ്പിൽ കേരള രാഷ്ട്രീയത്തിലെ മല്ലനെമലർത്തിയടിച്ചു. കടമ്മന്റെ പ്രസംഗം ലളിതമായിരുന്നു. "നിങ്ങൾ എനിക്ക് വോട്ട് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ രാഷ്ട്രീയ രംഗത്തെ അഹങ്കാരം അവസാനി

പ്പിക്കണം. തോൽപ്പിക്കണം."

രാഘവൻ ചരിത്രത്തിലാദ്യമായി തോറ്റുപാളീസായി. കടമ്മനിട്ട " കാട്ടാളനും" മൂളിക്കൊണ്ട് അസംബ്ലിയിലേക്ക് കയറി. ഇതേത്തുടർന്ന് അദ്ദേഹം കേരള ഗ്രന്ഥശാലാസംഘം പ്രസിഡന്റായി. കൈത്താങ്ങായി ഐ.വി. ദാസ്. അവരുടെ മാന്ത്രികമായ ഇടപെടലുകളാൽ സംഘം ഉയിർത്തെഴുന്നേറ്റു. മദ്യത്തോടു സലാം പറഞ്ഞു. ഗ്രാമീണ ഗ്രന്ഥശാലകൾ ഉണർന്നു. ഞാൻ മുൻകൈ എടുത്തു സ്ഥാപിച്ച മഹാകവി പി. സ്മാരക ഗ്രന്ഥാലയത്തിന് ആ കാലത്താണ് ഡി.സി പുരസ്കാരം ലഭിച്ചത്. കൊല്ലങ്കോട്ട് സദസ്സിൽ കടമ്മനിട്ട ആവേശകരമായി. പ്രസംഗിച്ചു. ഒരു കവിതയും ചൊല്ലി. ഇതേകാലയളവിൽ പുരോഗമനകലാസാഹിത്യ സംഘം പത്തനംതിട്ട നഗരത്തിലെ വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾക്കെതിരെ ജില്ലയിലുടനീളം സാംസ്കാരിക പദയാത്ര സംഘടിപ്പിച്ചിരുന്നു. ഞാനും സംഘത്തിന്റെ ഭാരവാഹിയായിരുന്നു. ആ യാത്രയിലെ പ്രധാനപ്രസംഗകനായി കടമ്മനിട്ടയും ഗോകുലേന്ദ്രനും എന്നെയാണ് ക്ഷണിച്ചത്. എന്റെ പ്രസംഗം കവിക്ക് ഏറെ ഇഷ്ടമായിരുന്നു വിശേഷിച്ചും പൊതുയോഗങ്ങളിലെ പ്രഭാഷണങ്ങൾ. " എടോ ഇയ്യങ്കോട്, ഇങ്ങനെപ്രസംഗിക്കാൻ തന്നെ പോലെ കുറച്ചുപേരെയുള്ളു."

" അതൊരു ലെറ്റർപാർഡിൽ എഴുതിതരണം."

"അതെന്തിനാ?"

"ഒരു യോഗ്യതാപത്രമല്ലേ?"

വയസ്സാകുമ്പോൾ അവശസാഹിത്യകാരപെൻഷന് അതു വെച്ച് അപേക്ഷിക്കാം."

കവി ഉറക്കെ ചിരിച്ചു.

992-ൽ തൊടുപുഴയിലൊരു സാംസ്കാരിക സമ്മേളനം. കടമ്മനിട്ടയെയും എന്നെയും ക്ഷണിച്ചു. തൊടുപുഴ ടി.ബി. യിലായിരുന്നു തങ്ങിയത്. കവിയുടെ പഴയകാലം ഓർമ്മ വന്ന ചില ആരാധകർ മുറിയിലെത്തി.

" അൽപം കൊണ്ടുവന്നിട്ടുണ്ട്. പ്രസംഗം കഴിഞ്ഞ് ഉപയോഗിക്കാം."

" എന്താ അത്?"

അവരൊരു ആംഗ്യം കാണിച്ചു.

"പ്ലീസ് പുറത്തുപോകണം. ആ ബാഗും എടുക്കണം."

അവർ മ്ലാനമുഖങ്ങളോടെ മുറിയിൽനിന്നിറങ്ങി.

കടമ്മനിട്ട ഉറക്കെപാടി.

"സത്യം പറയുവാൻ ശക്തിയുണ്ടാവണം

നല്ലവാക്കോതുവാൻ ത്രാണിയുണ്ടാവണം."

കടമ്മനിട്ടയുടെ ഈ രണ്ടുമുഖങ്ങളും എനിക്ക് ചിരപരിചിതമായിരുന്നു. തപാലാപ്പീസ് കണക്കുപരിശോധനയുമായി ദക്ഷിണേന്ത്യ മുഴുവൻ നല്ലകാലത്തു കടമ്മനിട്ട സഞ്ചരിച്ചു. ഒരിക്കൽ ആലത്തൂരിൽ കവി സമ്മേളനത്തിന് ഞാൻ ക്ഷണിച്ചപ്പോൾ വന്നു.

"എടോ കണക്കു പരിശോധനയിൽ നിന്ന് രക്ഷപ്പെടുന്നു. നാല് മാസത്തിനുള്ളിൽ വിരമിക്കും."

"അപ്പോൾ മലയാളത്തിന് ഒരു പൂർണ്ണസമയക്കാരനായ കവിയെ കിട്ടുമല്ലേ?"

"എന്നൊന്നും പറഞ്ഞുകൂടാ"

കടമ്മനിട്ടയുടെ തട്ടകത്തിൽ ആ കവിതകളുടെ ശില്പോദ്യാനം പൂർത്തിയായി. ആർട്ടിസ്റ്റു സോമന്റെ ആത്മസമർപ്പണമായിരുന്നു ശിൽപ്പങ്ങളെല്ലാം. കാട്ടാളനും കുറത്തിയുമെല്ലാം ഉയിർത്തെഴുന്നേറ്റു. പടയണി ആശാനായ രാമൻനായരുടെ മകനും- കടമ്മനിട്ട- പടയണിയറിയാം, രണ്ടുനാൾ നീണ്ടുനിന്ന ആ പ്രദേശം മുഴുവൻ ഉത്സവച്ഛായയിൽ ഉറഞ്ഞുതുള്ളിയെ സഹൃദയസംഗമം.

കാവ്യസെമിനാറിൽ ആ കവിതകളെപ്പറ്റി പ്രബന്ധമവതരിപ്പിക്കാൻ അവസരം ലഭിച്ചത് എനിക്കായിരുന്നു. പുരാതനപ്പൊലിമയിലൂടെ പുരോഗമനവാഞ്ഛ സഫലീകരിച്ച കുഞ്ചൻനമ്പ്യാരുടെ ശക്തനായ പിന്തുടർച്ചവകാശിയാണ് കടമ്മനിട്ട എന്നാണ് ഞാൻ സമരത്ഥിച്ചത്. മലയാള കാവ്യപൈതൃകത്തിന്റെ മൂല്യങ്ങളും നന്മകളുമെല്ലാംപ്രസരിക്കുന്ന ഉഷ്ണജലപ്രവാഹം. അതു ചിലപ്പോൾ നിലാവ് പോലെ കുളിരലയായി മാറും. സങ്കീർണ്ണമായ ജീവിതാനുഭവങ്ങളുടെ വാങ്മയങ്ങളാണ് ഓരോ കവിതയും. ശാന്തയെന്ന കവിത കടമ്മൻ ആലപിക്കുമ്പോൾ അത് കേൾക്കുന്നവർ കോരിത്തരിക്കുന്നു. ആ ഗാർഹികാന്തരീക്ഷം സൃഷ്ടിക്കാൻ വേറൊരു കവിക്കും സാധിച്ചിട്ടില്ല. കുഞ്ചൻനമ്പ്യാരെപ്പോലെ നാട്ടുമൊഴികൾ സ്വാംശീകരിച്ച വേറൊരു കവിയില്ല. മലയാളത്തനിമ എന്നൊക്കെ പറയാമെങ്കിൽ കടമ്മനിട്ടകവിത അതാണ്

മലയരികിൽ വയലരികിൽ
അരുവിയുടെ തരുതരുപ്പും
കായലരികിൽ കുളമരികിൽ
പാലയുടെ പൂമണവും
ചൂരൽപിണഞ്ഞൊരു കാവിൽ
നായികയെൻ ഭഗവതിയും
ഭഗവതിക്കു പേപ്പിണിയും
പടയണിയും പറക്കൊട്ടും
മുടിയരുതെൻ പഴനാട്
മുടിയരുതെൻ തറവാട്

ഇതാണ് കടമ്മനിട്ടയുടെ കാവ്യവഴികൾ. ഗ്രാമീണചാരുതകൾ പാരമ്പര്യ സ്മൃതികൾ എല്ലാം കലർന്ന് ഓളംതല്ലുന്ന കാവ്യപ്രവാഹം. എന്റെ പ്രസംഗം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ കവി ഓടിവന്ന് കെട്ടിപ്പിടിച്ച്. ഇന്നും മറക്കാനാവില്ല ഭരത് മുരളി സന്തോഷത്തോടെ കൈപിടിച്ച് കുലുക്കി മഹാന്മാരെല്ലാം കടമ്മനിട്ടയെ അനുമോദിക്കാൻ എത്തിയിരുന്നു. അന്നത്തെലോക്സഭാസ്പീക്കറായിരുന്ന സോമനാഥ ചാറ്റർജിയാണ് ശില്പോദ്യാനം ഉദ്ഘാടനം ചെയ്തത്.

ആർദ്രമായ സ്മരണകൾ ഞാൻ വാരികെട്ടുകയാണ്. ഒടുവിൽ ഞങ്ങൾ ഒന്നിച്ചു പൊരുതാൻ ഇറങ്ങിയത് കഴിഞ്ഞ അസംബ്ലി തെരഞ്ഞെ

ടുപ്പിൽ അടൂരിലെ സ്ഥാനാർത്ഥിയായ ആരീഫിനെജയിപ്പിക്കാനായിരുന്നു. അന്ന് ഭരത്മുരളിയും ഒപ്പമുണ്ടായിരുന്നു. സാക്ഷാൽ ഗൗരിയമ്മയായിരുന്നു ആരീഫിന്റെ എതിരാളി. എല്ലാ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ ആദ്യം പ്രചരണം തുടങ്ങിവെച്ചിരുന്നത് ഞാനായിരുന്നു. ഞാനാകട്ടെ ഗൗരിയമ്മയുടെ കഴിവുകളെ പുകഴ്ത്തുക പതിവായിരുന്നു. ഒടുവിൽ അവർക്ക് അനേകം അവശതകളുണ്ടെന്നും വോട്ടർമാർ അവർക്ക് വിശ്രമജീവിതം അനുവദിക്കണമെന്നും പകരം യുവാവായ ആരീഫ് അസംബ്ലിയിലേക്ക് പോവുകയാണ് ഉചിതം എന്നും പറയാറുണ്ടായിരുന്നു. ഇതേ ശൈലി കടമ്മനിട്ടയും മുരളിയും ആവർത്തിച്ചു. അങ്ങനെചരിത്രത്തിൽ ആദ്യമായി ഗൗരിയമ്മ തന്റെ സ്വന്തം തട്ടകത്തിൽ തോൽവി ഏറ്റുവാങ്ങി.

" ഇയ്യങ്കോടേ, തെരഞ്ഞെടുപ്പ് പ്രസംഗവും ഒരു സാംസ്കാരിക പ്രവർത്തനമാണ്. കാര്യങ്ങൾ വെടിപ്പായി."

പിന്നീട് തിരുവനന്തപുരത്ത് വെച്ച് കണ്ടപ്പോൾ പറഞ്ഞു.

ഹൃദയാലുവായ കവിക്ക് ഓർക്കാപുറത്താണ് ആദ്യത്തെ സ്ട്രോക്കു വന്നത്. കുറച്ചു നാൾ വിശ്രമിച്ചശേഷം അദ്ദേഹം ഗ്രന്ഥശാലാസംഘത്തിൽ സജീവമായി. ചിട്ടയായ ഭക്ഷണക്രമം ശീലിച്ചു. മദിരാശിയിൽ ചെന്ന് ഹൃദയവാൽവിനു ശസ്ത്രക്രിയ ചെയ്തെങ്കിലും അതിന്റെ മേന്മയിൽ കുറച്ചുവർഷങ്ങൾ കഴിഞ്ഞെങ്കിലും ഒട്ടും പ്രതീക്ഷിക്കാത്ത സന്ദർഭത്തിൽ പ്രിയപ്പെട്ട കടമ്മനിട്ട യാത്രയായി.

മലയാള കാവ്യഭാവുകത്വത്തിന്റെ മരവിപ്പിനെകുടഞ്ഞുണർത്തി ഊർജ്ജസ്വലമാക്കിയ കടമ്മനെഎനിയ്ക്ക് ഒരിക്കലും മറക്കാനാവില്ല.

●

(കവിത)

# ചാവേർത്തറ



സുരേഷ് തെക്കീട്ടിൽ

തിരുമാന്ധാം കുന്നിൽ തിരുമുറ്റമിറങ്ങി
കഥകൾ പറയുമാ കൽപ്പടവുകൾ താണ്ടി
എത്താറുണ്ടാത്തറയ്ക്കു മുന്നിൽ ഞാൻ
ഇത്തിരിനേരം നമിച്ചുനിൽക്കാൻ
കിടയറ്റപോരാട്ട വീര്യത്തിന്നോർമ്മകൾ
തുടികൊട്ടി ഉയരുമാവേദിയിൽ
അർപ്പിക്കാറുണ്ടാദരവിൻ പൂക്കളേറെ
ഉറങ്ങുകയല്ലയാ സ്മരണകളവിടെ
ഉണർത്തുകയാണൊരു കാലഘട്ടം
വള്ളുവനാടിന്റെ ചോരത്തിളപ്പുകൾ
വാളായി തിളങ്ങിയ മാമാങ്കം.



ഒരു നാടിൻ സ്വപ്നങ്ങളേറ്റുവാങ്ങി
തട്ടകത്തമ്മയെ തൊഴുതുവണങ്ങി
കളരിമുറകളും വ്രതശുദ്ധിയുമായി
കരളുറപ്പോടെ ചാവേറുപോകും
ആത്മാഭിമാനികൾക്കൊന്നേ ലക്ഷ്യം
മാമാങ്കത്തിൻ നിലപാടുതറയിൽ
വള്ളുവക്കോനാതിരി നിന്നീടണം
നഷ്ടമായൊരധികാരമെല്ലാം-
തിരിച്ചെടുത്തേ മടക്കമുള്ളൂ.
വ്യാഴവട്ടമൊന്നു കാത്തിരുന്നെത്തും
മഹോത്സവമാം മാമാങ്കനാളിൽ
ദിഗന്തം പൊട്ടുമാറുച്ചത്തിലുയരും
ചാവേറുകൾ തൻപോർവിളികൾ
പുകൾകൊണ്ട നവാമണൽ തരികൾ
പുളകമണിയുമാധീരതയിൽ
വെട്ടിക്കയറുമാ പോരാളികൾ
വെട്ടേറ്റുതാഴെ വീഴും വരേയ്ക്കും.
രണഭൂമിയിൽ ചൂടുചോരചിന്തിയവർവീഴവേ

അടയും മുമ്പാ ജ്വലിക്കും കണ്ണുകൾ
പകയോടെ പറയുന്നതൊന്നുമാത്രം
വരും വള്ളുവനാടിൻ പുതുനാമ്പുകൾ
ചുരികയാൽ തീർക്കുവാൻ കണക്കുകൾ
യശ്ശസ്സുനേടാൻ, ശിരസ്സുയർത്താൻ
സർവ്വം ത്വജിച്ചും, രചിക്കും ചരിത്രം.

കാലങ്ങളെത്രയോ കടന്നുപോയി
നാട്ടുരാജ്യങ്ങളുമോർമ്മയായി
ഇനിയും യുഗങ്ങളേറെ കഴിയും
ഇത്രമേൽ തിളങ്ങും ത്യാഗങ്ങൾ കാണുമോ
ലോക ചരിത്രത്തിൻ താളുകളിൽ
ഇത്രതുടിയ്ക്കും ധീരത തെളിയുമോ
പിന്നിട്ട ചരിത്ര വീഥികളിൽ.

(കഥ)

# ഒടുവിൽ ഒരു തീരം



രാജൻ ചിന്നങ്ങത്ത്



രാത്രി നല്ല തണുപ്പായിരുന്നു.

നേരത്തെ ഉറങ്ങാൻ കിടക്കുകയും നേരം വൈകി ഉണരുകയും ചെയ്യുന്ന ശൈത്യകാല രാത്രി.

ദീർഘവും സുഖകരവുമായ ഉറക്കത്തിനു ശേഷം കണ്ണു തുറന്ന് നോക്കിയപ്പോൾ പെട്ടെന്ന് നേരിയ പരിഭ്രമം തോന്നി. റൂമിനകത്ത് ആരുമില്ല.

എല്ലാവരും ജോലിയ്ക്ക് പൊയ്ക്കഴിഞ്ഞുവോ? അടഞ്ഞു കിടക്കുന്ന ഗ്ലാസ്സ് വിൻഡോവിലൂടെ മുറിയ്ക്കകത്ത് നിറഞ്ഞു നിൽക്കുന്ന പ്രകാശം.

നേരം നന്നായി പുലർന്നിട്ടുണ്ട്. എന്നിട്ടും എന്തൊരു കുളിരു കുത്തുന്ന ശൈത്യം!

കമ്പിളിപ്പുതപ്പിനകത്തെ ചൂടിനെവാരിപ്പുണർന്നുകൊണ്ട് പിന്നേയും കിടക്കാൻ ആഗ്രഹം തോന്നി.

ചുവരിലെ ക്ലോക്ക് ശബ്ദിച്ചു. സമയം എട്ടര.

എല്ലാവരും എഴുന്നേറ്റു പോയി.

ഇത്ര നേരമായിട്ടും ആരും ഒന്നു വിളിച്ചതു പോലുമില്ലല്ലോ.

ദുഃഖത്തോടെ ഓർത്തു.

വീടുവിട്ട് വിദൂരദേശങ്ങളിൽ കഴിയുമ്പോൾ ഏതു കഷ്ടപ്പാടും പ്രയാസവും സഹിക്കാനുള്ള മനക്കരുത്ത് തനിയെ കൈവരും. അത് സ്വാഭാവികമാണ്.

പക്ഷേ, ക്രൂരവും നിശിതവുമായ ഈ അവഗണനയാണ് സഹിക്കാനൊക്കാത്തത്.

മറ്റുള്ളവർക്കിടയിൽ ആരുമല്ലാതെയായിത്തീരുക. സ്വയം വ്യക്തിത്വത്തിന് വേരുകൾ നഷ്ടപ്പെടുക.....

പണത്തിന് മുൻതൂക്കമുള്ള വ്യവസ്ഥിതി.

മനുഷ്യത്വത്തിന് ഇവിടെ എന്ത് മൂല്യമാണുള്ളത്?

ഉദ്യോഗവും വരുമാനവുമുണ്ടാക്കാൻ ഇനിയും ഭാഗ്യമനുഗ്രഹിച്ചിട്ടില്ലാത്ത തന്നോട് സംസാരിക്കുവാൻ പോലും കൂടെത്താമസിക്കുന്നവർക്ക് പിശുക്കായിത്തുടങ്ങിയിരിക്കുന്നു.

വർഷങ്ങളുടെ കാലപ്പഴക്കം തോന്നിക്കുന്ന എത്ര മാസങ്ങളാണ് പിന്നിട്ടു പോയത്!

നാട്ടിലെ യുവഹൃദയങ്ങളുടെ ഏറ്റവും ഹരം പിടിപ്പിക്കുന്ന സ്വപ്നമായ ഈ വാഗ്ദത്തഭൂമി. ഇവിടെ വിറയാർന്ന ഹൃദയത്തോടെ കാലുകുത്തിയ ദിവസം ഓർമ്മകൾക്കുമപ്പുറമായിരിക്കുന്നതുപോലെ തോന്നുന്നു.

എൻട്രിവിസയുമായി മാസങ്ങൾക്കു മുമ്പ് വീടുവിട്ടിറങ്ങിയപ്പോൾ മനസ്സിൽ പൂചൂടി നിന്നിരുന്ന കിനാവുകൾ.

മോഹങ്ങൾ, മനകോട്ടകൾ......

ഓർത്താൽ കൽക്കിണറ്റിലെ ഉറവപോലെ കണ്ണുകളിൽ നിന്നു നിലനിൽക്കാത്ത ജലപ്രവാഹമുണ്ടാകും.

അവയിലൊന്നുപോലും ഇന്ന് അവശേഷിക്കുന്നില്ല.

ഓരോന്നും ക്രമത്തിൽ തകർന്നടിഞ്ഞുപോയി.

എത്ര വേഗത്തിൽ.......
എത്ര വേഗത്തിൽ......

ഭാഗ്യം ഒരിക്കലും പിടിച്ചെടുക്കാൻ കഴിയാത്ത ഒരു മരീ

ചികയാണെന്ന് എത്ര വൈകിയാണ് ബോദ്ധ്യപ്പെട്ടത്!

കോളേജ് വിദ്യഭ്യാസം നേടിതന്ന യോഗ്യതാപത്രവുമായി കയറിയിറങ്ങിയ സ്ഥാപനങ്ങൾ, ഓഫീസുകൾ, ഷോപ്പുകൾ, ഷോറൂമുകൾ..... അവയുടെ സംഖ്യയോർത്താൽ നടുങ്ങിപ്പോകും.

മനസ്സിൽ പ്രതീക്ഷയുടെ മിന്നലുമായി ചെല്ലുമ്പോൾ ഉയർന്നുകേട്ട ഭയപ്പെടുത്തുന്ന ചോദ്യം:"ഡൂ യു ഹാവ് എനി പ്രീവിയസ്സ് എക്സ്പീരിയൻസ്."

" സോറി സർ, ഐ ഡോർട് ഹാവ് എനി "

സത്യം മാത്രമെ പറയൂ എന്ന ദുശ്ശീലം അപ്പോഴെല്ലാം ചതിച്ചു.

"ഓകെ. വി വിൽ ലെറ്റ് യൂ നോ ലേയ്റ്റർ."

അനേകം മുഖങ്ങളിൽ നിന്നും കേട്ട ആ വാചകം. അതിന്റെ ആവർത്തനം.

ഒടുവിൽ മനസ്സിലായി.

ഇംഗ്ലീഷിലെ ആ വാചകത്തിന് ഇംഗ്ലീഷുകാരൻ പോലും യാതൊരർത്ഥവും കല്പിച്ചിട്ടില്ല.

തളർന്നു വലഞ്ഞ് റൂമിനകത്ത് വന്നുകേറുന്ന വൈകുന്നേരങ്ങൾ.

പുതിയ പുതിയ പ്രതീക്ഷകളേയും പ്രത്യാശകളേയും ഊതിപ്പെരുക്കി കണ്ണു തുറക്കുന്ന പ്രഭാതങ്ങൾ.

എത്രയെത്ര ദിനരാത്രങ്ങൾ.....

പലരും ലക്ഷങ്ങളും ദശലക്ഷങ്ങളും വാരിക്കൂട്ടുന്ന ഈ സുവർണ്ണഭൂമിയിൽ തനിക്കുമാത്രമെന്തേ ഒരഭയം കിട്ടാഞ്ഞു?

അല്ലെങ്കിൽ, തനിക്കു മാത്രമാണോ?

റിക്കോർഡേഴ്സ് ബുള്ളറ്റിനിലേയും ഗലീജ് ടൈംസിലേയും ക്ലാസ്സിഫൈഡ് കോളങ്ങളിലെ പരസ്യം കണ്ട് ഓരോ സ്ഥാപനത്തിനു മുന്നിലും തടിച്ചു കൂടുന്ന ഉദ്യോർത്ഥികളുടെ എണ്ണം.

പത്തോ അൻപതോ അല്ല.

മക്കൾ- നാടുവിട്ട നിമിഷം മുതൽ ബാങ്ക് ഡ്രാഫ്റ്റുകൾ കാത്തിരിക്കുന്ന രക്ഷിതാക്കൾ.

പോളിസ്റ്റർ തുണിത്തരങ്ങളും പെർഫ്യൂമും ജപ്പാൻ റിസ്റ്റു വാച്ചും സ്വപ്നം കണ്ടിരിക്കുന്ന സഹോദരങ്ങൾ.

ഇവിടെ ഒരു നേരത്തെ ആഹാരം പോലും അന്യന്റെ കരുണയുടെ തണലിലാണ് ലഭിക്കുന്നതെന്ന പൊള്ളുന്ന സത്യം ആരറിയുന്നു?

പറഞ്ഞാൽ പോലും ആര് വിശ്വസിക്കുന്നു?

രണ്ടു ദിവസം മുമ്പാണ് മെസ്സ് നടത്തുന്ന അബ്ദുൾ റഹ്മാൻ ശബ്ദം താഴ്ത്തി ഓർമ്മിപ്പിച്ചത്.

"കണക്കില് കാശ് കൊറെ ആയല്ലോ. ആരൊടെങ്കിലും വാങ്ങി കുറച്ചെങ്കിലും തരാൻ നോക്ക്, അല്ലെങ്കിൽ....."

അത്രയും പറഞ്ഞ് അയാൾ അപൂർണ്ണമായി നിർത്തിയപ്പോൾ, ലജ്ജ കൊണ്ടും സങ്കടംകൊണ്ടും മുഖം കുനിഞ്ഞു പോയി.

വിളറി വിവശമായ സ്വന്തം മുഖം മനസ്സിൽ കാണാമായിരുന്നു.നിറഭേദങ്ങളില്ലാത്ത രാപ്പലുകളുടെ പ്രയാണം.

ഇതിന്റെ അന്ത്യം?

അന്വേഷണത്തിലുള്ള ഉത്സാഹം മരിച്ചുപോയിരിക്കുന്നു.

ഇനി?

വിസയ്ക്കുവേണ്ടി ചിലവാക്കിയ നാൽപതിനായിരം രൂപാ. അതിനു മാത്രമായി ബ്ലെയ്ഡു കമ്പനിയ്ക്ക് പണയപ്പെടുത്തിയ വീടും പറമ്പും. എയർ ടിക്കറ്റിനായി വിറ്റുകളഞ്ഞ അമ്മയുടെ കൊട്ടുതാലിയടക്കമുള്ള ആഭരണങ്ങൾ....

ഇവയൊക്കെ തിരിച്ചെടുക്കാൻ എന്നെങ്കിലും കഴിയുമോ?

ഈശ്വരാ...... എന്നെങ്കിലും കഴിയുമോ!

ക്ലോക്ക് വീണ്ടും ശബ്ദിക്കുന്നു. മണി ഒമ്പത്.

പുതപ്പ് നീക്കി മെല്ലെ എഴുന്നേറ്റു.

മുറിയ്ക്കകത്തെ തണുപ്പിന്റെ തീവ്രത.

ഊൺമേശമേൽ ആരോ മറന്നു വച്ചുപോയ സിഗരറ്റു പായ്ക്കറ്റ്.

അതിൽ നിന്ന് ഒരു സിഗരറ്റെടുത്തുകത്തിച്ച് പുക കുടിച്ചുകൊണ്ട്, ടീപ്പോയിന്മേൽ കിടക്കുന്ന ഖലീജ് ടൈംസ് എടുത്തു നോക്കി.

സിറ്റ്വേഷൻ വേക്കന്റ് കോളം.

മറ്റൊന്നും നോക്കാനോ വായിയ്ക്കാനോ താൽപ്പര്യം തോന്നുന്നില്ല. വായിക്കാറുമില്ല.

വായിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു, പണ്ട്.

പത്രത്തിലെ വാർത്തകൾ വായിയ്ക്കാനായി മാത്രം എന്നും രാവിലെ തൊമ്മാനയിലെ ബാലേട്ടന്റെ തുണിക്കടയിൽ ചെന്നിരിക്കുമായിരുന്ന ദിവസങ്ങൾ.

വാർത്തകൾ വായിക്കുക മാത്രമല്ല, സ്വന്തമായി ചിന്തിക്കുകയും സ്വന്തമായ നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്തിരുന്ന കാലങ്ങൾ.

എന്തു ഗുണം?

ഇപ്പോഴറിയുന്നു: എല്ലാം വ്യർത്ഥം.

അറിവു വർദ്ധിച്ചതുകൊണ്ടോ സ്വഭിപ്രായം ഉണ്ടായതു കൊണ്ടോഒരാളുടെ അഷ്ടി കഴിയുകയില്ല.

എന്നോ ഉദിക്കുമെന്ന് വ്യാമോഹിക്കുന്ന ചുവപ്പും തുടുപ്പുമോർത്ത് ആയുസ്സ് നഷ്ടപ്പെടുത്താമെന്നു മാത്രം.

പെട്ടെന്ന്, ജോലി ഒഴിവുകളുടെ പരസ്യക്കോളത്തിൽ കണ്ടു:

ജുമേരിയിൽ സകുടുംബം താമസിക്കുന്ന ഒരു ഇംഗ്ലീഷ് ഫാമിലിക്ക് ഇംഗ്ലീഷ് സംസാരിക്കാനറിയാവുന്ന ഒരു ഹൗസ് ബോയിയെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ ദുബൈ മുനിസ്സ്പ്പാലിറ്റിക്ക് മുമ്പിലുള്ള ടെകിനിക്കൽ ട്രേഡിംഗ് കമ്പനിയിലെ മിസ്റ്റർ ബ്രൗണിനെകാണുക.

-ഹൗസ് ബോയ്.

മുമ്പൊക്കെ അത്തരം പരസ്യങ്ങൾ ശ്രദ്ധിക്കാറില്ല.

അഴുക്കു പുരളാതിരിക്കാൻ പ്ലാസ്റ്റിക്ക് കവറിൽ സൂക്ഷിക്കുന്ന കോളേജു വിദ്യഭ്യാസത്തിന്റെ സർട്ടിഫിക്കറ്റും, അന്തസ്സുള്ള ഒരുദ്യോഗത്തെക്കുറിച്ചുള്ള ധാരണയുമായി കഴിയുന്ന നാളുകളായിരുന്നു..... അതൊക്കെ.

അത്തരം സങ്കൽപ്പ

ങ്ങൾക്ക് ഇപ്പോൾ അടിസ്ഥാനമില്ലാതായിരിക്കുന്നു. ഈ വാഗ്ദത്തഭൂമിയിൽ വന്നിറങ്ങിയ നിമിഷങ്ങളിൽ ഉള്ളിലുണ്ടായിരുന്ന ചിത്രങ്ങളിൽ ഒന്നുപോലും ഇപ്പോഴില്ല.

ടൈയും സൂട്ടുമണിഞ്ഞ്, സ്വന്തമാക്കിക്കഴിഞ്ഞ മെഴ്സിഡസ് ഓടിച്ച് ഗമയിൽ രാജവീഥികളിലൂടെ പോകുന്ന എലൈറ്റ് ക്ലാസ്സിൽപ്പെട്ട മാന്യൻ.

ഇല്ല. അങ്ങിനെയുള്ള സ്വപ്നത്തിന്റെ ഒരു തരിപോലും ഇന്നില്ല.

കഴിഞ്ഞ ദിവസം ഷാർജ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഒരു കോൾഡ് സ്റ്റോറേജിൽ ഇന്റർവ്യൂവിനു പോകുമ്പോഴാണ് ആബ്രയിൽ ബോട്ടിറങ്ങിയപ്പോൾ ഒരാൾ കൈയിൽ പിടിച്ചത്.

സ്വൽപം അമ്പരപ്പോടെ നോക്കിയപ്പോൾ, ക്ഷണണത്തിലോർമ്മ വന്നു:

ഇന്റർവ്യൂവിനുപോയ പല ഓഫീസുകൾക്കുമുന്നിലും കണ്ടുമുട്ടിയിട്ടുള്ള പ്രദീപ്. ബിരുദധാരിയായ മറ്റൊരഭയാർത്ഥി.

എന്നോ, എവിടെയോ വച്ച്, ഇങ്ങോട്ടു കയറി പരിചയപ്പെട്ട ചെറുപ്പക്കാരൻ.

" എനിക്ക് ജോല്യായിട്ടോ–"

ആഹ്ലാദത്തിന്റെ പ്രകാശം മുഖത്ത് പടർത്തികൊണ്ട് പ്രദീപ് പറഞ്ഞു: "സത്യേയിലാ, ഒരു ലെബനാനീടെ വീട്ടില് ഹൗസ് ബോയ് ആയിട്ട്."

ഹൗസ് ബോയ്!

അവന്റെ നേരെ പകച്ചു നോക്കി നിൽക്കുമ്പോൾ, അവിശ്വസനീയതയായിരുന്നു മനസ്സിൽ.

അഞ്ചു വർഷം കോളേജിൽ തുലച്ച് ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയ യുവാവ്.

അയാളെങ്ങിനെഒരു ഹൗസ് ബോയ് ആയി ജോലി ചെയ്യും?

പ്രദീപ് ന്യായീകരിച്ചു: "അല്ലാതെ എത്ര കാലാ ഇങ്ങനെജോലി തെണ്ടി നടക്കാ? മാസം ആറായി വന്നിട്ട്, എന്തു വിചാരിച്ചാ ഇനിയും കാത്തിരിയ്ക്കാ? അതുകൊണ്ട് കിട്ടണേന്ന് കേറി നില്ക്കാൻ തീരുമാനിച്ചു."

ഉച്ച സമയമായിരുന്നു. മഞ്ഞുകാലമായിട്ടും നല്ല ചൂട്.

"വാ, നമുക്കൊരു കോള കുടിയ്ക്കാം."

"എനിക്കു വേണ്ട–" ദാഹമുണ്ടായിരുന്നുവെങ്കിലും, ഷാർജയിൽ പോയി വരാന്മാത്രമുള്ള ആറു ദിർഹമേ കയ്യിലുള്ളൂ എന്നതുകൊണ്ടു പറഞ്ഞു.

"വരുന്നേ–" പ്രദീപ് നിർബന്ധിച്ചു: "ഇപ്പോഴെങ്ങോട്ടാ?"

ഷാർജയിലൊരിടത്ത് വിളിച്ചിട്ടുണ്ട്."

"വെറുതെ ടാക്സിക്കൂലി കളയാമെന്നു മാത്രം."

തണുത്ത കോള വാങ്ങിത്തന്ന്, വീണ്ടും കാണാമെന്ന വാഗ്ദാനവുമായി പ്രദീപ് തിരക്കിട്ടുപോയപ്പോൾ, ലേശം അസൂയയോടെ ഓർത്തു:

– ആരുമല്ലാത്ത തനിക്ക് ഒരു കോള വാങ്ങിത്തരാനെങ്കിലും അയാൾ കഴിവുള്ളവനായല്ലോ!

സത്യത്തിൽ അപ്പോൾ പ്രദീപിനോട് ബഹുമാനമാണ് തോന്നിയത്:

അന്യനായലെ ബാനാനിയുടെ വീട് വൃത്തിയാക്കിയാലെന്ത്? കുളിമുറിയും കക്കൂസും കഴുകിയാലെന്ത്? കുട്ടികളെ കുളിപ്പിച്ചാലെന്ത്? തുണിയലക്കിക്കൊടുത്താലെന്ത്? ഭക്ഷണം പാകം ചെയ്തു കൊടുത്താലെന്ത്?

സ്വന്തം ഭാഷ സംസാരിക്കുന്നവരുടെയും സ്വന്തക്കാരെന്നു നടിക്കുന്നവരുടെയും അവഹേളനവും അവഗണനയുമേറ്റ് മനസ്സ് മുറിപ്പെടുത്തേണ്ടല്ലോ

ആദ്യമായി തോന്നി: തൊഴിലിന്റെ സ്വഭാവം കൊണ്ട് ഒരാളുടെ മാനം നഷ്ടപ്പെടുന്നില്ല.

പിന്നെ താമസിച്ചില്ല. എഴുന്നേറ്റ് കുളിച്ചു. സുലൈമാനിയുണ്ടാക്കി കുടിച്ചു.

വേഗം ഡ്രസ്സുചെയ്ത് പുറപ്പെടാനൊരുങ്ങി.

ഈ പ്രാവശ്യം ഞാൻ തോല്ക്കുകയില്ല. തികഞ്ഞ ആത്മവിശ്വാസത്തോടെ ഉള്ളിൽ പറഞ്ഞു.

അന്നോളം സന്തതസഹചാരിയായിരുന്ന ബിരുദാന്തര സർട്ടിഫിക്കറ്റുടാക്കാതെ, കിട്ടാൻ പോകുന്ന ശമ്പളത്തെക്കുറിച്ചുള്ള കണക്കുകൂട്ടലുകളില്ലാതെ, മുറി പൂട്ടി പുറത്തിറങ്ങി, കുമുകുമാ കിടക്കുന്ന പൂഴിമണലിൽ ആണ്ടുപോകുന്ന പാദങ്ങൾ വലിച്ചെടുത്ത് ധൃതിപ്പെട്ടു നടക്കുമ്പോൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ഒരാശ്വാസം മനസ്സിനെചൂഴ്ന്നു നിന്നു. "

ഒടുക്കം, ഏതോ ഒരു തീരം കണ്ടെത്തിയതിന്റെ ആശ്വാസം.

■

(കവിത)

# കവിയും കാമുകനും



അനിൽ ചെങ്ങണാശ്ശേരി

വെൺ കടലാസിതളും
പെൺ കവിൾത്തടവു–
മൊരു പോലതീവ്രമൃദുലം
കവിയുടെ വിരൽത്തുമ്പാൽ
തൂലിക ചലിക്കവേ
കടലാസിതളൊരു
കാമിനീ കപോലം പോൽ
തുടുക്കുന്നു മധുതര
വചനങ്ങളുരിയാടുന്നു
പ്രേമ വാക്യങ്ങളോതി
കാമുക നംഗനയുടെ
ലോലമാം കവിളിണയിൽ
കവിതപ്പൂ വിരിയിക്കുന്നു.

# കുളി



പി. ആർ. നാഥൻ



കുളിയ്ക്കുന്നതിനെക്കുറിച്ച് ആരാധ്യരായ വായനക്കാരുടെ അഭിപ്രായം എന്താണ്? കുളിയ്ക്കുന്നതുകൊണ്ടുള്ള പ്രയോജനത്തെക്കുറിച്ച് ഞാൻ ധാരാളം പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ശരീരത്തിന്റെ മിതശീതോഷ്ണാവസ്ഥ നിലനിറുത്തുന്നതിൽ കുളിയ്ക്ക് വലിയ പങ്കുണ്ട്.

അതുകൊണ്ട് മിക്കവാറും ചടങ്ങുകളിൽ കുളിയെ ഒരു പ്രത്യേക ആചാരമായികാണുന്നു. കുളിയ്ക്കാതെ ക്ഷേത്രത്തിൽ പോകാറില്ല. ഉത്തരവാദപ്പെട്ട ചടങ്ങുകളിൽ പങ്കെടുക്കാറില്ല. ശവസംസ്ക്കാര ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ തുടക്കത്തിൽ ഒരു കുളി പിന്നെ ഒടുക്കവും കുളിക്കണം.

ചിലകാര്യങ്ങൾക്ക് മുങ്ങികുളി ആവശ്യമാണ്. ഒഴുകുന്ന വെള്ളത്തിൽ കുളിക്കേണ്ട ചടങ്ങുകളും ഉണ്ട്. ഇന്ത്യയിലെ പ്രമുഖ നദികളിലെല്ലാം ഞാൻ മുങ്ങികുളിച്ചിട്ടുണ്ട്. കുളി ആവശ്യമാണോ എന്നു ചോദിച്ചാൽ ആവസ്യമാണ് എന്ന് ഉത്തരം

ഒരിക്കൽകൂടി എന്നെ സൂക്ഷിച്ചുനോക്കി കുളി ആവശ്യമാണോ എന്ന് ചോദിച്ചാൽ ഞാൻ ഉത്തരം മാറ്റി പറയും. ഒരു തവണ പറഞ്ഞതിന് വിരുദ്ധമായി ഞാൻ പ്രസംഗിക്കാറണ്ട്. എഴുതാറുമുണ്ട്. പ്രകൃതിചികിത്സകന്റെ വീക്ഷണത്തിൽ കുളി ആത്യാവശ്യമൊന്നുമല്ല. ആവശ്യമില്ലാത്ത കുളികൾ ദോഷമാണ് ചെയ്യുക. അവദൂതന്മാർ കുളിക്കാറില്ല. ഒരിക്കലും കുളയ്ക്കാത്തസന്യാസിമാരെ ഞാൻ കണ്ടിട്ടുണ്ട്. മുപ്പത് വർഷമായി കുളിക്കാത്ത ഒരു അവദൂതനെഞ്ഞാൻ ഇടക്കിടെ സന്ദർശിക്കാറുണ്ട്. മണിക്കൂറോളം ഞാൻ അദ്ദേഹത്തിന്റെ അരികിലിരിക്കും. അവധൂതന് അസ്വസ്ഥമായ മാനസികവിക്ഷേപങ്ങൾ ഇല്ല. അത് പരിപൂർണ്ണമായ അവസ്ഥയാണ്. അത്തരം വ്യക്തികളിൽനിന്നും പ്രവഹിക്കുന്ന തരംഗങ്ങൾ ആശ്വാസത്തിന്റേതാണ്. ഒരിക്കലും കുളിക്കാത്ത അവധൂതന് വിയർപ്പിന്റെ ഗന്ധം പോലുമില്ല. മനസ്സ് നിശ്ചലമാണ്. അവധൂതന്റെ മേൽവിലാസം എഴുതാത്തത് ആളുകൾ അദ്ദേഹത്തിന്റെ അടുത്തെത്തി ശല്യം ചെയ്യും എന്നതുകൊണ്ടാണ്. കുളി നല്ലതെന്ന് പറയുന്നത് സാധാരണക്കാരെ സംബന്ധിച്ചേടത്തോളം അത് വളരെ നല്ല ഒരു അനുഭവമായതുകൊണ്ടാണ്. ഇത്രയേറെ ശാരിരിക സുഖം തരുന്ന മറ്റൊരു അനുഭവം ഇല്ല.

കുളിച്ചാൽ നന്നാകുമെങ്കിൽ വെള്ളത്തിൽ കിടക്കുന്ന നീർക്കോലി നന്നാകേണ്ടെ എന്നൊക്കെ പറയുന്നത് ഫലിതം മാത്രമാണ്. നീർക്കോലിയുടെ ശരീരത്തിൽ അഴുക്കില്ല.

വെള്ളത്തിൽ ഇറങ്ങാത്ത സർപ്പങ്ങളുടെ ശരീരത്തിലും അഴുക്കില്ല. സദാ ഉപ്പുവെള്ളത്തിൽ ജീവിക്കുന്ന മീനുകളുടെ ശരീരത്തിലേക്ക് ഉപ്പ് കയറാറില്ല. ചേറിൽ കഴിയുന്ന മീനുകൾക്ക് വെള്ളിയുടെ തിളക്കം. ചുരുക്കത്തിൽ കുളിയെ അനുകൂലിച്ചും പ്രതികൂലിച്ചും ന്യായീകരണങ്ങൾ പറയാം.

ഓർമ്മവെച്ച നാൾ മുതൽ ഞാൻ രണ്ടു നേരം കുളിക്കുന്നു. രാവിലെ കുളി വീടിനകത്തെ കുളിമുറിയിൽ തന്നെ. ചെറുപ്പത്തിൽ രണ്ടാമത്തെ കുളി ഭാരതപ്പുഴയിലായിരുന്നു. ഇന്ന് ഭാരതപ്പുഴ ഇല്ലാതായി. രാത്രിയിലെ ആഹാരത്തിന് മുമ്പ് കുളിക്കുന്നത് കുളിമുറിയിൽ തന്നെ. സോപ്പ് ശരീരത്തിന് ഹാനികരമാണെന്ന് ഗുരുനാഥൻമാർ എന്നെ ഉപദേശിച്ചു.

നല്ല ഉപദേശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാനു

ള്ളതാണ്. ഇരുപതാം വയസ്സ് മുതൽ ഞാൻ സോപ്പ് ഉപയോഗിച്ചിട്ടില്ല. ഒരു സോപ്പിനെകുറിച്ചും എനിക്ക് അറിഞ്ഞുകൂടാ. ശീതള പാനീയങ്ങളിൽ ഒന്നിന്റെയും രുചി അറിയാത്തതുപോലെ സോപ്പുകളുടെ ഗന്ധവും എനിക്കറിഞ്ഞുകൂടാ. സോപ്പു തേയ്ക്കാത്തതു കൊണ്ട് ഒരു കുഴപ്പവും ഇന്നേവരെ ഉണ്ടായിട്ടില്ല. ഒരു ത്വക്ക് രോഗവും ഇതുവരെ വന്നിട്ടുമില്ല.

പണ്ടെത്തെ കാരണവന്മാർ കുളിയെക്കുറിച്ച് എന്തൊക്കെയാണ് പറഞ്ഞിട്ടുള്ളത് എന്ന് പലയിടത്തുവെച്ചും അന്വേഷിക്കാറുണ്ട്. ഹരിദ്വാർ, ഋഷികേശ്, വാരണാസി, ദ്വാരക തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങളിലെ സന്യാസിമാരോട് ഞാൻ ഇതെക്കുറിച്ച് ചോദിച്ചിട്ടുണ്ട്.

അഞ്ചു തരംസ്നാനങ്ങളുണ്ടെന്നാണ് ഇവരിൽ ചിലർ പറയുന്നത്. പഞ്ചവിധസ്നാനം എന്ന് കേട്ട് അത്ഭുതപ്പെടേണ്ട. അത് രോഗങ്ങളെ അകറ്റും. ശരീരം പഞ്ചഭൂതമാണ്. അതിന്റെ നിലനിൽപ്പിന് പഞ്ചവിധസ്നാനം ആവശ്യമാണ്. മനസ്സ് സദാ സന്തുഷ്മായിരിക്കും. രാത്രിയിൽ ദുഃസ്വപ്നം കാണുകയില്ല. എല്ലാം മറന്നുകൊണ്ടുള്ള ഉറക്കമാണ് അനുഗ്രഹമായികിട്ടുക.

മൃതസ്നാനമാണ് ആദ്യത്തേത്. ഇത് പൃഥ്വീതത്വത്തെ പ്രതിനിധീകരിക്കുന്നു. മണ്ണുതേച്ചുള്ള കുളിയാണിത്. മണ്ണുതേച്ചുള്ള കുളിമാതിരി ആസ്വാദ്യകരമായ ഒരു അനുഭവമില്ല. മണ്ണ് നമ്മുടെ ശരീരത്തിന്റെ മിത്രമാണ്.

ഒന്നുകൂടി തറപ്പിച്ചു പറഞ്ഞാൽ ശരീരം തന്നെയാണ്. ശരീരത്തിൽ മണ്ണു പുരണ്ടാൽ അത് കഴുകിക്കളയാൻ വെപ്രാളപ്പെടുന്നവരാണ് നാം. മണ്ണ് രോഗങ്ങളെ അകറ്റും. ആരോഗ്യത്തെ പ്രദാനം ചെയ്യും. മണ്ണുതേച്ചുള്ള കുളി പ്രകൃതി ചികിത്സാകേന്ദ്രങ്ങളിലെ പ്രധാനചടങ്ങുകളിലൊന്നാണ്. പുറ്റുമണ്ണാണ് ഇതിന് ഉത്തമം. ഒന്നാം സ്നാനം മൃതസ്നാനം.

രണ്ടാം സ്നാനം ജലസ്നാനമാണ്. ശുദ്ധോദകസ്നാനം എന്നും പറയാറുണ്ട്. ഒഴുക്കുവെള്ളത്തിൽ വേണം കുളിക്കാൻ. കുളിമുറി അധമം. കുളത്തിലേത് മധ്യമം. ഉത്തമമായത് ഒഴുക്കുവെള്ളത്തിൽ തന്നെ.

അരുവിക്കരയിൽ കുളിച്ചിട്ടുണ്ടോ? കുറ്റാലത്ത്? ശൃംഗേരിയിൽ? എത്രയോ സ്ഥലത്ത് ഒഴുക്കുള്ള പുഴകളുണ്ട്. ശുദ്ധോദകസ്നാനം നിരവധി രോഗങ്ങളെ ഇല്ലായ്മചെയ്യുന്നു.

ഭൂമിയും ജലവും കഴിഞ്ഞാൽ മൂന്നാമൻ അഗ്നിയാണ് അഗ്നിയിൽ എന്തു കുളി എന്നാണോ ചോദ്യം. ഭസ്മം അഗ്നതിത്വത്തെ പ്രതിനിധീകരിക്കുന്നു. ശരീരമാസകലം ഭസ്മം പുരട്ടുക. പശുവിന്റെ ചാണകം കത്തിച്ചുണ്ടാക്കുന്ന ഭസ്മമായിരിക്കണം. പുലർച്ച മൂന്നു മണിക്ക് കൊല്ലൂരിലെ സൗപർണ്ണികാനദിയിലിറങ്ങി മങ്ങിക്കുളിച്ചിരുന്ന ശങ്കരസ്വാമിയെയാണ് ഓർമ്മ വരുന്നത്. 1970ലാണ് സംഭവം. ശുദ്ധോദകസ്നാനം കഴിഞ്ഞ ശേഷം ശങ്കരസ്വാമി കൗപീനം മാത്രം ധരിച്ച് ശരീരമാസകലം ഭസ്മം തേച്ചുപിടിപ്പിക്കും. വൈകുന്നേരത്തെ സ്നാനം വരെയും ആ ഭസ്മം അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടാകും. ഭസ്മലേപനത്തിന്റെ ഗുണങ്ങളെക്കുറിച്ച് ഞങ്ങൾ വർഷങ്ങളോളം ഇടവേളകളിൽ സംസാരിച്ചിട്ടുണ്ട്. ആഗ്നേയസ്നാനം കഴിഞ്ഞാൽ വായുസ്നാനമാണ്. ഇതിനെവായസ്നാനം എന്നു വിളിക്കാറുണ്ട്.

ഇവിടെ വായു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പഞ്ചഗവ്യസേവയാണ്. ഊർദ്ധ്വമുഖ വ്യക്തിത്വത്തിലേക്ക് മനുഷ്യനെഉയർത്തുന്ന എല്ലാസൽചിന്തകളും ഇതിന്റെ ഭഗമാണ്. ഗോമൂത്രസേവവായവ്യസ്നാനത്തിന്റെ ഭാഗമാണ്.

ഒടുവിലത്തേതാണ് ആകാശസ്നാനം ഇത് നമ്മെ വിനയാന്വിതരാക്കുന്നു. മനസ്സിന്റെ പുതിയ വാതായനങ്ങൾ തുറക്കുന്നു. ആകാശ തന്മാത്രയായ ശബ്ദത്തിനെശരീരത്തിലേക്ക് കടത്തിവിടുന്ന പ്രക്രിയയാണ് മന്ത്രജപം.

എല്ലാ നാമജപങ്ങളും ഇതിന്റെ ഭാഗമാണ്. അറിഞ്ഞോ അറിയാതേയോ പലരും ആകാശസ്നാനത്തിന്റെ ഭാഗമാകുന്നുണ്ട്. പരമകാരുണികനായ ദൈവത്തെ ഓർക്കുക. കുളികഴിഞ്ഞ് തല തോർത്തും മുൻപ് മുതുക് തുടയ്ക്കണമെന്ന് ഒരു ഗുരുനാഥൻ എനിയ്ക്ക് പറഞ്ഞുതന്നു. സാധാരണ ഗതിയിൽ തലയിൽ വെള്ളമൊഴിച്ചാൽ ഉടനെതല തോർത്തുന്നതാണ് സൗകര്യം. മുഖത്ത് വെള്ളമുണ്ടെങ്കിൽ അസ്വസ്ഥത തോന്നും.

കുളി കഴിയുന്നതോടെ നമ്മിൽ പോസറ്റീവ് തരംഗങ്ങൾ ഉണ്ടാകുന്നു. നെഗറ്റീവ് എന്നു പറയുന്നതുംപ്രപഞ്ചത്തിന്റെ ഭാഗമാണ്.

നെഗറ്റീവ് ഇല്ലാതെ പോസറ്റീവ് ഇല്ല. ഇതിനെവേദാന്തികൾ ശ്രീ ഭഗവതിയായും ജ്യേഷ്ഠാ ഭഗവതിയായും സങ്കൽപ്പിക്കാറുണ്ട്.

ആദ്യം ദുശ്ചിന്തയാണ് വരിക എന്ന അർത്ഥത്തിലാണ് നെഗറ്റീവിനെജ്യേഷ്ഠത്തിയായി കണക്കാക്കുന്നത്. കുളി കഴിഞ്ഞ ഉടനെആദ്യം തുടയ്ക്കുന്ന ഭാഗത്ത് നെഗറ്റവ് ശക്തികൾ കയറുന്ന സ്ഥിതിക്ക് അത് മുതുകിലാകുന്നതാണ് ഉചിതം എന്ന് പറയുന്ന നമ്മുടെ മുഖമാണല്ലോ മറ്റുള്ളവർ കാണുന്നത്. സ്വന്തം വിജയപരാജയങ്ങളെല്ലാം മുഖത്തെ ആശ്രയിച്ചു നിൽക്കുന്നു. മുൻപിലുള്ള ആകാശം എന്നാണ് മുഖം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമായാലും ദോഷമായാലും കുളി കഴിഞ്ഞ ഉടനെനെഗറ്റീവിനെമുതുകിലാക്കി മാറ്റുന്ന ശീലം ഞാൻ തുടരുന്നു. ഇതു കൊണ്ട് ഗുണമാണോ ദോഷമാണോ എന്നൊന്നും ചിന്തിക്കാറില്ല.


പഞ്ചവിധസ്നാനം എല്ലാവർക്കും പറഞ്ഞതല്ല. സാധാരണഗതിയിൽ നാമെല്ലാം രണ്ടുനേരം കുളിയ്ക്കേണ്ടതാണ്. കുളിക്കാത്ത വ്യക്തികളെ കാണുന്നത് എനിക്കിഷ്ടമല്ല.

പ്രഭാതത്തിൽ കുളിക്കാതെ ഉച്ചയൂണും കഴിഞ്ഞ് വൈകുന്നേരം നാലുമണിക്ക് ഞാൻ ഇതുവരെ കുളിച്ചിട്ടില്ല എന്ന് പ്രഖ്യാപിക്കുന്നവരുണ്ട്. കുളിയ്ക്കാത്ത ഇത്തരം സൃഷ്ടികളുടെ കരണക്കുറ്റിക്ക് രണ്ടു കൊടുക്കാനായി എനിക്ക് തോന്നാറുണ്ടെങ്കിലും ഞാൻ അവരെ നോക്കി പുഞ്ചിരിക്കുന്നത് പോലീസിനെഭയമുള്ളതു കൊണ്ടാണ്. •

# കാഴ്ചയ്ക്കപ്പുറം



നിതിൻ എം. എ




എന്നും നല്ല ഗ്രാഹ്യം ലഭിക്കുന്നത് കാഴ്ചയിലൂടെയാണ്. ഈ കാര്യത്തിൽ ഇന്ന് ആർക്കും തർക്കമില്ല. ഓരോ നിമിഷവും മാറികൊണ്ടിരിക്കുന്ന സന്തോഷവും ദുഃഖവും കാഴ്ചകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് പറയാൻ എനിക്ക് കാരണങ്ങളുണ്ട്. ഒരുപാട് യാത്രകളിൽ പല കാഴ്ചകളും എന്റെ മനസ്സിനെമുറിവേൽപ്പിക്കുകയും മുറിവുണക്കുകയും ചെയ്തിട്ടുണ്ട്. ഒരു ദിനം എന്റെ യാത്ര ബസിലാണ്. ബസ്റ്റാന്റിലേക്ക് ഒരു ഉറുമ്പിൻ കൂട്ടത്തെ അനുസ്മരിപ്പിക്കും വിധം ബസുകൾ ഓരോന്നായി കയറിയിറങ്ങി പൊയ്കൊണ്ടിരിക്കുന്നു. അതിലൊന്നിൽ നിന്നും ഞാനിറങ്ങി ആർക്കും തിരഞ്ഞെടുക്കത്തക്ക വിധത്തിൽ നിർത്തിയിട്ട ബസ്സുകൾക്കിടയിലൂടെ ഞാൻ സ്റ്റാൻഡിലെ ജനവാസ കേന്ദ്രത്തിലേക്ക് കാലെടുത്ത് വച്ചു. ആളുകളുടെ തിക്കിലും തിരക്കിലുംപെട്ട് നടക്കാൻ ആവാതായി. ഞാൻ ഒരിടത്ത് ഇരിക്കാൻ തീരുമാനിച്ചു. അവിടെ എന്റെ കണ്ണുകൾ പതിഞ്ഞത് ഒരു പോസ്റ്ററിലേക്കാണ്. മുതലാളിത്തം തുലയട്ടെ സോഷ്യലിസം വിജയിക്കട്ടെ...


ഇന്ന് പോരാട്ടത്തിന്റെതാണ്... നാളെ സോഷ്യലിസത്തിന്റെതും.

ഞാൻ അതിലേക്ക് കൂടുതലായി ശ്രദ്ധിച്ചു. പാവപ്പെട്ടവന്റെ വിയർപ്പിനു വേണ്ടി പോരാടാൻ ആഹ്വാനം ചെയ്യാൻ തുടങ്ങിയിട്ട് എത്ര കാലമായി. ആ പോസ്റ്റർ ഒട്ടിച്ച തൂണിന് താഴെയായി ഒരു തമിഴ് സ്ത്രീ ചീർപ്പുകളും ക്ലിപ്പുകളും വിൽക്കുന്നു. കണ്ടാലറിയാം കുളിച്ചിട്ടു കുറച്ചു ദിവസമായി. പഴകിയ സാരിയും ചൂടായ അന്തരീക്ഷത്തിന്റെപ്രതിഫലനമെന്നോണം നെറ്റിയിൽ രണ്ട് മൂന്ന് വിയർപ്പുതുള്ളികൾ വന്നുപോകുന്ന ഓരോ മനുഷ്യന്റേയും മുഖത്തേക്ക് നോക്കി തന്റെ കച്ചവട പ്രാഗത്ഭ്യം തെളിയിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പലരും പിൻതിരിഞ്ഞു നോക്കിയില്ല. അപ്പോഴൊക്കെ താഴോട്ടു നോക്കി ആരോടെന്നില്ലാതെ ചില ജല്പനങ്ങൾ. പക്ഷേ എന്നെ ഞെട്ടിച്ചത് മറ്റൊന്നായിരുന്നു. ആ തൂണിന് പിന്നിലായി രണ്ടു വയസ്സ് പ്രായം തോന്നിക്കുന്ന കുഞ്ഞ് കിടന്നുറങ്ങുന്നു. ഒരുപാട് കാലൊച്ചകളും, ഒരുപാട് പേരുടെ സംഭാഷണങ്ങളും അലതല്ലുന്നു. അവിടെ ഒന്നുമറിയാതെ ആ കുഞ്ഞ് ഉറങ്ങുകയാണ്. എന്തൊരു ശാന്തതയാണ് ആ മുഖത്ത്. അൽപം കീറിയതും മുഷിഞ്ഞതുമായ വസ്ത്രം. എങ്കിലും ആ കുട്ടിക്ക് അത് ഭംഗിയാണ്. ആ ഉറക്കം അധികം നീണ്ടു നിന്നില്ല. എഴുന്നേറ്റു, ചുറ്റും നോക്കി കരയാൻ തുടങ്ങി. ആ കുഞ്ഞിന്റെ കരച്ചിൽ ആൾക്കാരുടെ ബഹളത്തിൽ മുങ്ങിപ്പോയി. എങ്കിലും ഒരു ബിസ്കറ്റിന്റെ മുമ്പിൽ ആ കരച്ചിലടങ്ങി.

ഈ ലോകത്തിൽ എല്ലാവരും നേരിടുന്ന ഒരേ ഒരു പ്രശ്നം വിശപ്പിന്റെയാണെന്ന് ഞാൻ മനസ്സിലാക്കി. ആ കുഞ്ഞിന്റെ മുഖത്തെ നിഷ്കളങ്കത എന്റെ ഈ ചിന്തയ്ക്ക് ആക്കം കൂട്ടി. വളരെ പെട്ടെന്നു തന്നെ ആ ബിസ്കറ്റിന്റെ കഥ കഴിച്ചു അടുത്തതിനായി വീണ്ടും കരച്ചിലിന്റെ മാർഗ്ഗം സ്വീകരിച്ചു. പക്ഷേ ആ അമ്മ മറുപടിയില്ലാതെ ഇരുന്നു. കുഞ്ഞിന്റെ കരച്ചിലിന്റെ ശബ്ദം ഓരോ നിമിഷവും കൂടി കൂടി വന്നു. പക്ഷേ ആ കോലാഹലങ്ങൾക്കിടയിൽ അതിന് യാതൊരു പ്രസക്തിയുമില്ല. ഈ സമൂഹത്തിന്റെ നിസംഗത. ആ കുഞ്ഞു മനസ്സിന് തിരിച്ചറിയാൻ കഴിയില്ലല്ലോ. അനിവാര്യമായ സമയം എനിക്ക് വന്നു ചേർന്നു ഞാൻ പുറപ്പെടുന്നു. വീണ്ടും വീണ്ടും ഞാൻ ചുറ്റുപാടും നോക്കി ആർക്കും ഒരു ഭാവഭേദവും ഇല്ല എല്ലാവരും ജീവിതത്തിന്റെ താളമായ ഘോഷയാത്രയിൽ അഭിമാനപൂർവ്വം സഞ്ചരിക്കുകയാണ്. അതിനു സാക്ഷിയാവാൻ അവിടെ തൂണുകളിൽ ഒട്ടിച്ച പരസ്യങ്ങളും പോസ്റ്ററുകളും മാത്രം. പോകുമ്പോൾ തിരിഞ്ഞു നോക്കി. പോസ്റ്റർ ഒന്നു കൂടി വായിച്ചു.

ഇന്ന് പോരാട്ടത്തിന്റെതാണ്... നാളെ സോഷ്യലിസത്തിന്റെതും.

# ഫിഫാ ലോകകപ്പ് റഷ്യ 2018




ഭാസിമലാപ്പറമ്പ്

കഴിഞ്ഞ ലക്കം തുടർച്ച.

റഷ്യ 2018 ലോകകപ്പിൽ ആഫ്രിക്കൻ വൻകരാ രാഷ്ട്രങ്ങളുടെ സ്ഥാനങ്ങൾ അഞ്ച്– റഷ്യയിൽ മാറ്റുരയ്ക്കുന്ന 32 ടീമുകളിൽ 53 അംഗരാഷ്ട്രങ്ങളുള്ള ആ്രഫിക്കൻ വൻകരാ ഫുട്ബോൾ കോൺഫെഡറേഷനിൽ നിന്ന് അഞ്ചുടീമുകൾ! കഴിഞ്ഞ സൌത്ത് ആഫ്രിക്ക 2010, ബ്രസീൽ 2014 ലോകകപ്പ് ചാമ്പ്യൻഷിപ്പുകളിലും ആഫ്രിക്കയുടെ സ്ഥാനങ്ങൾ അഞ്ചു തന്നെയായിരുന്നു. ഇരുചാമ്പ്യൻഷിപ്പുകളിലും പങ്കെടുക്കുവാൻ യോഗ്യത കൈവരിച്ചതും ഒരേ ടീമുകൾ തന്നെ: അൾജീരിയ, കാമറൂൺ, ഐവറി കോസ്റ്റ്, ഘാന, നൈജീരിയ.

സ്വന്തം മണ്ണിൽ എപ്പോഴും അജയ്യരാണ് ഈ 'ആഫ്രിക്കൻ ആന'കൾ! നൈജീരിയ സ്വന്തം സ്റ്റേഡിയത്തിൽ 1981 ഒക്ടോബർ 10 നു ശേഷം ലോകകപ്പ് യോഗ്യതാ റൗണ്ട് മത്സരങ്ങളിൽ ഒരിക്കലും പരാജയമറിഞ്ഞിട്ടില്ല. കാമറൂണാകട്ടെ കഴിഞ്ഞ നാല് പതിറ്റാണ്ടുകാലമായി ഈ അപൂർവ്വ സൌഭാഗ്യത്തിന് ഉടമകളാണ്. 1976 ഒക്ടോബർ 31നുശേഷം കാമറൂൺ ആർക്കുമുന്നിലും സ്വന്തം മണ്ണിൽ തലകുനിച്ചിട്ടില്ല.

ലോകകപ്പ് ഫൈനൽ റൗണ്ടിൽ ആഫ്രിക്കയിൽ നിന്ന് ഇതുവരെ മാറ്റുരച്ചത് പതിമൂന്ന് രാജ്യങ്ങളാണ്. റഷ്യ 2018ന്റെ വൻകരായോഗ്യതാ റൗണ്ടിൽ ഈ ടീമുകളിൽ ചിലത് പ്രയാസമേറിയ കടമ്പടൾക്ക് വിധേയരായി. നാലു തവണ (1970, 1986, 1994, 1998) ഫൈനൽ റൗണ്ടിൽ പന്തുതട്ടിയ മൊറോക്കോയ്ക്ക് ഇക്വറ്റോറിയൽ ഗിനിയ കടുത്ത എതിരാളികളായി. മുൻലോകകപ്പിൽ




## ആഫ്രിക്കൻ ആനകൾ ആരെല്ലാം.?

കളിച്ച അംഗോളയും ദക്ഷിണ ആഫ്രിക്കയും ഗോഗ്യതാ റൗണ്ടിൽ നേർക്കുനേർ ഏറ്റുമുട്ടുന്നു.

ആഫ്രിക്കൻ വൻകരയിൽ നിന്ന് ലോകകപ്പ് ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടിയ ആദ്യടീം ഈജിപ്താണ്. 1934ലെ രണ്ടാം ലോകകപ്പിൽ 53 അംഗരാഷ്ട്രങ്ങൾ മാത്രമുള്ള ലോകഫുട്ബോൾ സംഘടന'ഫിഫ'യിലെ 31 അംഗരാഷ്ട്രങ്ങൾ പങ്കെടുത്ത യോഗ്യതാ റൗണ്ടിൽ നിന്ന് യോഗ്യത കൈവരിച്ച് ഇറ്റലി ആതിഥേയത്വം വഹിച്ച ലോകകപ്പിൽ മൈതാനത്ത് ഇറങ്ങി ഫ്രീ–ക്വാർട്ടറിൽ ഹംഗറിയോട് രണ്ടിനെതിരെ നാല് ഗോളുകൾക്ക് പുറത്തായ ഈജിപ്ത് പിന്നീട് ലോകകപ്പിന് യോഗ്യത നേടിയത് ഇറ്റലി തന്നെ ആതിഥേ


യത്വം വഹിച്ച 1990ലെ ലോകകപ്പിൽ മാത്രമാണ്. തുടർച്ചയായി മൂന്നുതവണ (2006, 2008, 2010) വൻകരാചാമ്പ്യൻഷിപ്പ് നേടിയെങ്കിൽ പോലും ഈജിപ്തിന് ലോകകപ്പ് പ്രവേശനം അന്യമായി. ഈ വൻവീഴ്ചയ്ക്ക് പരിഹാരം തേടുകയാണ് ഈജിപ്ത് ഇത്തവണ.

സാമ്പിയയുടെ ഗതിയും ഏതാണ്ട് ഇതുപോലെ തന്നെ. 2012ൽ ആഫ്രിക്കാ വൻകരാചാമ്പ്യന്മാരായ സാമ്പിയക്ക് ഇതുവരെ ലോകകപ്പിൽ പന്തുരുട്ടാൻ യോഗ്യത ലഭിച്ചിട്ടില്ല. 'റഷ്യ 2018'ന്റെ യോഗ്യതാറൌണ്ട് സാമ്പിയക്കും വൻവെല്ലുവിളി തന്നെ. രണ്ടാം യോഗ്യതാറൌണ്ടിൽ നേരിടേണ്ട സുഡാൻ സാമ്പിയക്ക് വെല്ലുവിളിയാകുമെന്നാണ് കണക്കുകൂട്ടൽ. 2012ലെ വൻകരാചാമ്പ്യൻഷിപ്പിൽ തങ്ങൾക്കു പിണഞ്ഞ പരാജയത്തിന്റെ 'കണക്കു തീർക്കു'വാൻ സുഡാൻ സാമ്പിയക്കു മേൽ വൻഭീഷണിയാകും.

**2018ലെ ലോകകപ്പ് യോഗ്യതാറൌണ്ട്- ആഫ്രിക്ക:**

53അംഗരാഷ്ട്രങ്ങളിൽ ഫിഫാ ലോകറാങ്കിങ്ങിൽ ഏറ്റവും താഴെയുള്ള 26 ആഫ്രിക്കൻ രാഷ്ട്രങ്ങൾ രണ്ടു ടീമുകൾ വീതം നോക്കൗട്ട് അടിസ്ഥാനത്തിൽ ആദ്യറൌണ്ടിൽ ഏറ്റുമുട്ടി. ഇതിലെ വിജയികളായ പതിമൂന്ന് രാഷ്ട്രങ്ങളും രണ്ടാം റൌണ്ടിലേക്ക് 'ബൈ'ലഭിച്ച 27 രാഷ്ട്രങ്ങളും ചേർന്ന് 40 ടീമുകൾ രണ്ടാം റൌണ്ടിൽ ദ്വിപാദ നോക്കൌട്ട് മത്സരങ്ങളിൽ ഏറ്റുമുട്ടുകയാണ്. ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന നോക്കൌട്ട് റൌണ്ടിലെ വിജയികളായ ഇരുപത് ടീമുകളെ മൂന്നാം റൌണ്ടിൽ നാലുടീമുകൾ വീതമുള്ള അഞ്ചു ഗ്രൂപ്പുകളിൽ ഗ്രൂപ്പ് ലീഗ് മത്സരങ്ങൾ മുഖേനവിജയികളെ നിർണയിച്ചാണ് റഷ്യ 2018ൽ അണിനിരക്കുന്ന അഞ്ചുടീമുകളെ തിരഞ്ഞെടുക്കുന്നത്.

അഞ്ച് ഗ്രൂപ്പ് ലീഗ് മത്സരങ്ങളുടെ മൂന്നാം റൌണ്ട് 'ഒക്ടോബർ 2016- നവംബർ 2017' കാലയളവിൽ സംഘടിപ്പിക്കുന്നതാണ്. വൻകരയിലെ ഏറ്റവും വാശിയേറിയ മത്സരങ്ങൾ ഈ മൂന്നാം റൌണ്ട് ലീഗ് മത്സരങ്ങൾ തന്നെ. ■



കവിത

# സ്വതന്ത്ര ചിന്തകൾ

വി. രവീന്ദ്രൻ

**അർദ്ധരാത്രിയിലന്നു സ്വാതന്ത്ര്യമടഞ്ഞപി–
ന്നർദ്ധശതകത്തിലേറെ പിന്നിട്ടു ഭാരതീയർ
അല്ലിലും പകലിലും പാടുപെട്ടിവിടിപ്പോൾ
അല്ലലില്ലാതെ ജനം ജീവിതം നയിക്കുമ്പോൾ
നാട്ടിന്റെ പുരോഗതി തടയുംവിധം ചിലർ
കാട്ടുമക്രമമോർത്തു ഞെട്ടുന്നു മനസ്സാക്ഷി
ഇഷ്ടജോലികൾ ചെയ്യാൻ, പഠിയ്ക്കാൻ പഠിപ്പിയ്ക്കാൻ
ഇഷ്ടരാഷ്ട്രീയം, മതം സ്വീകരിക്കുവാൻ പിന്നെ
സഞ്ചാരസ്വാതന്ത്ര്യവും നിയമാനുസൃതമായ്
അഞ്ചാതെയധിപ്രായമോതാനും ശ്രവിപ്പാനും
ഉണ്ടവകാശമെല്ലാഭാരത പൗരന്മാർക്കും
ഇണ്ടലെന്തിന്ന്പിന്നെ? ചോദിയ്ക്കാം നിർദ്ദോഷികൾ
മതമേതായാലെന്ത്? മനുഷ്യൻ നന്നാകണം
ഇതത്രെ മതേതര തത്വത്തിന്നടിസ്ഥാനം.
ഭാരതപൗരർ നമ്മൾ ഹിന്ദുവോ, മുസൽമാനോ,
പാർസിയോ, ക്രിസ്ത്യാനിയോ,ജൈനനോ, ബഹായിയേ
ആരായിരുന്നാലെന്ത് തുല്യരാണഖിലരും
ഭാരതീയരാം നമ്മൾ മാതൃകാ ജനാവലി.
ഇത്രയും മഹോന്നത ചിന്തകൾ കരിഞ്ഞുപോയ്
ചിത്രമാം ഭൂതകാല ശാന്തിയും, സ്വൈരതയും
കൊല്ലുവാൻ ചോരചിന്താൻ തൻമതം നടപ്പാക്കാൻ
തെല്ലുമേയില്ല കൂസൽ മതഭ്രാന്തന്മാർക്കിപ്പോൾ
മാനവസംസ്കാരത്തെ ഹനിക്കും കശ്മലന്മാർ,
കാനനനീതിയുള്ളോർ ഹിംസതൻ വൈതാളികർ
സ്നേഹത്തെ മുക്കിക്കൊല്ലും നൂതനജള്ഞതാസ്സുകൾ
ഇഹലോകത്തിൽ വാസം വിഷലിപ്തമാക്കിയോർ
മറന്നൂകടമകൾ, മൂല്യങ്ങൾ, സദ്ഗുണങ്ങൾ
മറന്നൂ പൌരദർമ്മമീശ്വരവിശ്വാസവും.
മാനവ പുരോഗതി ശാന്തിയിലധിഷ്ഠിതം
മാന്യരായുള്ളോരെന്നുമാക്രമം വെറുത്തീടും
ഈ വിശ്വസത്യത്തിന് പിൻതിരിഞ്ഞിരിപ്പവർ
അവിവേകികളാത്മവഞ്ചകരല്ലോ നൂനം
മാറ്റണം കാഴ്ചപ്പാട് തീർക്കണം കടമകൾ
മുറ്റണം സാഹോദര്യം ദേശീയ ബോധമേവം
അക്രമപാതവിട്ടു സ്നേഹത്തിൽ പാതനേടാം
അക്രമരാഹിത്യമാണഖിലം മഹോന്നതം
ശാശ്വതസമാധാനം തേടുമീ സമൂഹത്തി–
ന്നശ്വാസം പകർന്നീടാം സ്നേഹമന്ത്രണങ്ങളാൽ
ഏകത്വം നാനത്വത്തിലെന്ന ഭാരതതത്വം
ഏകസ്വരത്തിലേറ്റു പാടിടാം സോദരരെ.**

# ജരിത



எம். எஸ் குமார்


"അമ്മേ, അമ്മ പറന്നു പൊയ്ക്കോളൂ! ഞങ്ങൾ തീയിൽപെട്ടു മരിച്ചോളാം. എരിയുന്ന തീയിൽനിന്ന് അമ്മയെങ്കിലും രക്ഷപ്പെടൂ..."

നാലു പക്ഷിക്കുഞ്ഞുങ്ങൾ ഒരുമിച്ചു പറഞ്ഞു. തുടുത്തനിറമുള്ള കുഞ്ഞുങ്ങൾ. അവർക്കു ചിറകുകൾ മുളച്ചിരുന്നില്ല. കൊച്ചു ചിറകുകൾ ചലിപ്പിക്കാനാവുന്നേയുള്ളു. തൂവലുകൾ മുളച്ചുവരുന്നേയുള്ളു.

അവർ നാലുപേർ. ജരിതാരി. സാരിസൃക്കൻ, സ്തംബമിത്രൻ, ദ്രോണൻ.

അമ്മയായ ജരിത മക്കളോടു പറഞ്ഞു. മക്കളേ നമ്മളെ എന്തായാലും അഗ്നി വെന്തു ഭക്ഷിക്കും. നിങ്ങളെ ചൂടു തട്ടാത്ത ഒരു സ്ഥലത്തു കൊണ്ടു ചെന്നാക്കാം. ഞാൻ തീയിൽ പെട്ടോളാം.

ഖാണ്ഡവം എന്ന വനത്തിലാണ് ജരിതയും കുഞ്ഞുങ്ങളും താമസിച്ചിരുന്നത്. കുഞ്ഞുങ്ങളുടെ അച്ഛനായ മന്ദപാലൻ എന്ന മഹർഷി ജരിതയേയും കുഞ്ഞുങ്ങളേയും ഉപേക്ഷിച്ചു പോയി. പറക്കമുറ്റാത്ത നാലു മക്കളുമായി ജരിത ഒരു മരക്കുറ്റിയിലെ കോടരത്തിൽ താമസിച്ചു വരികയാണ്.



അഗ്നിദേവന് ഖാണ്ഡവവനം ദഹിപ്പിയ്ക്കേണ്ടുന്ന ഒരു സാഹചര്യമുണ്ടായി. ശ്വേതകി എന്നു പേരായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം നൂറുവർഷം നീണ്ടുനിന്ന ഒരു യാഗം നടത്തി. പൂജാകർമ്മങ്ങളിലെ ഹവിസ്സുകൾ അഗ്നിയിൽ ഹോമിച്ചു. പാല്, നെയ്യ്, തേൻ, പഞ്ചാമൃതം, അവില്, അപ്പം, ശർക്കര തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കളും അഗ്നി ആവോളം കഴിച്ചു. അഗ്നിദേവന് ദഹനക്കേടു ബാധിച്ചു. ശരീരം ശോഷിച്ചു. തീരെവയ്യാതായി.

തന്റെ രോഗം മാറിക്കിട്ടാൻ എന്തെങ്കിലും പ്രതിവിധി ഉപദേശിച്ചു തരുവാൻ അഗ്നി ദുർവ്വാസുമഹർഷിയോട ഭ്യർത്ഥിച്ചു. മഹർഷി പരിഹാരം നിർദ്ദേശിച്ചു.

ഇവിടേയ്ക്കടുത്തുള്ള ഖാണ്ഡവവനം ദഹിപ്പിച്ച് അതിലെ ജീവികളുടെ ഉരുകിയ നെയ്യു ഭക്ഷിച്ചാൽ സകല രോഗങ്ങളും ഭേദമായികിട്ടും.

തനിയ്ക്ക് ഒറ്റയ്ക്ക് ഒരു മഹാവനം ദഹിപ്പിക്കാനും അതിൽ വസിക്കുന്ന മനുഷരടക്കമുള്ളവർ രക്ഷപ്പെടാതെ നോക്കാനും കഴിയില്ല. അഗ്നിദേവൻ കൃഷ്ണനോടും അർജ്ജുനനോടും സഹായമഭ്യർത്ഥിച്ചു. അർജ്ജുനൻ ആഗ്നേയാസ്ത്രമെയ്ത് ഖാണ്ഡവവനം കത്തിച്ചു. അഗ്നി വ്യാപകമായി പടർന്നു.

ജരിതയും മക്കളും താമസിക്കുന്ന പൊത്തിലും ആഗ്നി വ്യാപിക്കുമെന്ന നിലയായി. കുഞ്ഞുമക്കളുടെ അദമ്യമായ മാതൃസ്നേഹം പ്രകടമായി. അവർ പറന്നു രക്ഷപ്പെടുവാൻ വീണ്ടും കരഞ്ഞപേക്ഷിച്ചു. അമ്മ പറഞ്ഞു. ഇവിടേയ്ക്ക

(ശേഷം പേജ് 19ൽ)

# ജലരേഖകൾ



സമദ് പനയപ്പിള്ളി



ഈ നഗരത്തിൽ ആനിയെ അയാൾ പ്രതീക്ഷിച്ചിരുന്നതല്ല.

വർഷങ്ങൾക്ക് മുൻപ് പിരിയുമ്പോൾ ഇനിയൊരിക്കലും കണ്ട് മുട്ടരുതെന്നാണ് ആഗ്രഹിച്ചിരുന്നതും.

പക്ഷേ ആഗ്രഹിക്കുന്നതല്ലല്ലോ സംഭവിക്കുന്നത്. അതുകൊണ്ടാകും വീണ്ടും കണ്ടുമുട്ടിയത്.

"അച്ഛനും മകനും എങ്ങോട്ടാ....."

അയാളോർക്കുകയായിരുന്നു. ഒരു പാട് വർഷം കഴിഞ്ഞ് കണ്ടിട്ടും ആനിക്കൊരു മാറ്റവുമില്ല. പണ്ടുണ്ടായിരുന്ന അതേ വാചാലത. പ്രകൃതം.....

മനുഷ്യരായാൽ ഇങ്ങനെവേണം.

ഒരു പ്രതിസന്ധിക്ക് മുന്നിലും തളരുത്.

പക്ഷെ താൻ അങ്ങനെയല്ലല്ലോ! ഏത് ഇളം വെയിലിലും മനസ്സ് വാടും. എത്ര കുറിയാണ് മരിക്കണമെന്ന് ആഗ്രഹിച്ചിട്ടുള്ളത്.

മകനുമായി നഗരം ചുറ്റാനിറങ്ങിയതാണ്."ആനിയോട് അയാൾ പറഞ്ഞു.

"മകന്റെ കയ്യിലിരുന്ന കഥാപുസ്തകം കണ്ട് ആനിചോദിച്ചു.

"മകനും അച്ഛനെപോലെ എഴുതുമോ?"

" എന്താ മകന്റെ പേര്? "

"എന്താ വിപിൻ മകനൊന്നും സംസാരിക്കാത്തെ......"

" അവൻ സംസാരിക്കില്ല ആനി....."

ആദ്യമായൊരു ആൺകുഞ്ഞ് പിറന്നപ്പോൾ അയാൾക്കെന്ത് സന്തോഷമായിരുന്നെന്നോ. ദൈവം തന്റെ പ്രാർത്ഥന കേട്ടല്ലോ എന്നോർത്ത്.....

പിന്നെ അവനൊന്നും സംസാരിക്കില്ലെന്ന് അറിഞ്ഞപ്പോൾ.....

അപർണ്ണ പറയാറുണ്ട്. ഇങ്ങനെയൊരു മകൻ നമുക്കെന്തിനാണെന്ന്. അവനെനമുക്കേതെങ്കിലും ഓർഫനേജിൽ ചേർക്കാമെന്ന്.

മകൻ അവൾക്ക് അപമാനമായിരുന്നു.

ഇതേ ചൊല്ലി ഞങ്ങളെത്ര കുറിയാണെന്നോ കലഹിച്ചിട്ടുള്ളത്.

ഇല്ല. ജീവിച്ചിരിക്കുന്നയിടത്തോളം കാലം മകനും തന്നോടൊപ്പം കാണുമെന്ന് പറഞ്ഞപ്പോഴാണ് തിരിച്ചു വരില്ലെന്ന് പറഞ്ഞ് അവൾ അവളുടെ വീട്ടിലേക്കു പോയത്.

പോയിട്ടിപ്പോൾ കുറച്ചായി.....

വിളിക്കാനൊന്നും പോയില്ല.

പോകുന്നെങ്കിൽ പോകട്ടേന്ന് കരുതി.

പുകഞ്ഞ കൊള്ളി

കവിത

# നിശാഗന്ധി



സബിതകോടി നല്ലളം

നിശാഗന്ധി പൂക്കുന്ന താഴ്വരയിൽ
നിശയാം ഇരുൾ വീണടിഞ്ഞ വീഥിയിൽ
നിലാവൊഴുകിയെത്തുന്ന രാത്രിയിലായ്
നിശതൻ മൂകത നിറഞ്ഞൊഴുകുകയായ്
നിശാഗന്ധിതൻ മൃദുലമാം പാൽ പുഞ്ചിരി
നിലാവിൽ പാൽനിലാവായ് പെയ്തൊഴുകി
നിഴലും നിലാവും നിറഞ്ഞൊഴുകുമീ രാവിൽ
നിശാഗന്ധിതൻ സൗരഭ്യം പരന്നൊഴുകി
നിദ്രയ്ക്ക് കൂട്ടായ് വിരിഞ്ഞൊരു നിശാഗന്ധി
നിദ്രയ്ക്കഴകേകുമീ സുന്ദരസ്വപ്നത്തിൽ
നിഴലും നിലാവും പോൽ നിഴലാട്ടമാടി
നിശാഗന്ധിതൻ സുഗന്ധം ചാർത്തിയ സ്പ്നങ്ങൾ
നിദ്രയിൽ മുങ്ങുമീ കാമുക ഹൃദയത്തിൽ
നിദ്രയെപ്പോലും സുഗമായി തലോടി
നിദ്രയിൽ വിടരുമീ സുന്ദര സ്വപ്നത്തിൽ
നിശാഗന്ധി സുഗന്ധം വിടർത്തിയൊഴുകി
നിശയിൽ വിരിഞ്ഞൊരു നിശാഗന്ധി
നിശയെ സുഗന്ധപൂരിതമായ് തലോടി
നിശയ്ക്കഴകേകുമീ നിശാഗന്ധിതൻ ധവളനിറം
നിശയെപ്പോലും പുളകിതയാക്കി
നിശാഗന്ധിയുടെ സുഗന്ധം താരാട്ടായൊഴുകി
നിശയോ നിദ്രയിൽ വീണു മയങ്ങി.

പുരക്കു പുറത്തെന്നല്ലേ.

"അപർണ്ണയ്ക്ക് സുഖമാണോ വിപിൻ? " എന്ന് ആനി ചോദിച്ചപ്പോൾ അയാളോർത്തത് ആനിയുമായുണ്ടായിരുന്ന പ്രണയമാണ്.....

ആനി തന്റെ ജീവിതത്തിലെ വസന്തമാകുമെന്ന് കരുതി. ആ കരുതലിൽ കരുക്കൾ നീക്കി. എന്നിട്ടതൊന്നും യാതാർത്ഥ്യമായില്ല.

"നമുക്ക് എക്കാലവും നല്ല സുഹൃത്തുക്കളാവാം." പ്രണയബന്ധം പിരിയുമ്പോൾ അന്ന് അവൾ പറഞ്ഞു. "മതം, സാമ്പത്തിക കാര്യങ്ങളിലുള്ള ഉയർച്ച താഴ്ചകൾ. ഇതൊന്നും നിന്റെ പാവം അച്ഛനോ ദുരഹങ്കാരിയായ എന്റെ അപ്പനോ ക്ഷമിക്കില്ലെ. സൗഹൃദംപോലെ ആരോഗ്യകരമായ ആത്മബന്ധമാകില്ല നമ്മുടെ ദാമ്പത്യജീവിതം."

ഓർമ്മയിൽ നിന്നു തിരിച്ചു വരുമ്പോൾ ആനി നടക്കാനൊരുങ്ങുകയായിരുന്നു.

പിരിയാൻ നേരം ആനി അവളുടെ മൊബൈൽ നമ്പർ കുറിച്ച് തന്നിട്ട് വിളിക്കണമെന്ന് പറഞ്ഞു. നീയെന്താ ഇപ്പോഴൊന്നും എഴുതാത്തതെന്ന് പറഞ്ഞ് ശകാരിച്ചു.

ഇല്ല. ഇനിയൊന്നും എഴുതിയില്ലെന്ന് വരും.....

ഇങ്ങനെയാണ് ആനിയോട് അയാൾ പറയാൻ മുതിർന്നതെങ്കിലും അതവളെ വല്ലാതെ അസ്വസ്ഥമാക്കുമെന്ന് ഭയന്ന്. അയാളൊന്നും പറയാതെ മൗനിയായി മകനുമായി മുന്നോട്ട് നടക്കുകയായിരുന്നു. ■

# ജരിത (പേജ് 17ൽ നിന്നു ബാക്കി)

ടുത്ത് ഒരു എലിയുടെ മാളമുണ്ട്. അതിൽ താമസിച്ചിരുന്ന എലിയെ ഒരു പരുന്തുകൊണ്ടു പോയി. നിങ്ങളെ ഞാൻ ആ മാളത്തിലാക്കാം. തീയും പുകയും തട്ടാതെ മാളം മൂടാം.

ജരിതാരി എന്ന മകൻ പറഞ്ഞു. തീയിൽ നിന്നു രക്ഷപ്പെട്ട് പാമ്പിന്റെ കടികൊള്ളാൻ ഞങ്ങളില്ല. മറ്റു മൂന്നു പേരും അങ്ങിനെത്തന്നെ ആവർത്തിച്ചു പറഞ്ഞു. മക്കളെ മരപ്പൊത്തിലുപേക്ഷിച്ച് ഹൃദയഭാരത്തോടെ ജരിത ദേവലോകത്തേയ്ക്കു പറന്നു.

മക്കളിരിയ്ക്കുന്ന വൃക്ഷത്തിലും അഗ്നിപടർന്നു. ഈ സമയത്ത് മന്ദ പാല രാജാവ് തന്റെ ഭാര്യയേയും മക്കളേയും ഓർമ്മിച്ചു. അവരെ കാണാൻ അദ്ദേഹത്തിനു കൊതിയായി. ഖാണ്ഡവവനം അഗ്നിക്കിരയാകുകയാണെന്നും കുട്ടികളുടെ നിലഗുരുതരമാണെന്നും അദ്ദേഹത്തിന്നു വിവരം കിട്ടി. രാജാവ് ഓടിവന്ന് അഗ്നിദേവനോട് തന്റെ മക്കളെ രക്ഷിക്കണമെന്നപേക്ഷിച്ചു. അഗ്നി ജരിതമാളത്തിലെത്തിയിരുന്നു. പക്ഷികുഞ്ഞുങ്ങൾ തങ്ങളെ രക്ഷിക്കണമെന്നും അമ്മയപ്പൻമാരോടൊപ്പം ജീവിക്കാനനുവദിക്കണമെന്നും താണുകേണപേക്ഷിച്ചു.

അഗ്നിദേവൻ ജരിതയുടെ മാളവും പരിസരവും അഗ്നിജ്ജ്വലനത്തിൽ നിന്ന് ഒഴിവാക്കി. അപ്പോഴേക്കും ജരിത എത്തിച്ചേർന്നു. മന്ദപാലനും ജരിതയും മക്കളും ഒരുമിച്ചു ചേർന്ന് കുടുംബജീവിതം തുടർന്നു. അഗ്നിദേവൻ അവരെ അനുഗ്രഹിച്ചു

■

നിങ്ങളുടെ വിലപിടിച്ച ഗൃഹോപകരണങ്ങൾ സംരക്ഷിക്കാൻ ഒരു സർവ്വീസ് സെന്റർ

HELPLINE
9544310783, 9961051222,
9544151222

**Bilyash TECHNOLOGIES**

Golden Building, Opp. Alakapuri, Off M.M. Ali Road,
Palayam, Kozhikode- 2, E-mail:bilyashtech@gmail.com






ഞങ്ങളുടെ സേവനങ്ങൾ:– എ.സി., ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, മൈക്രോവേവ് ഓവൻ
എന്നിവയുടെ സർവ്വീസ് ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു.


**സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ**





അർപണ സെന്റർ, കോവൂർ, കോഴിക്കോട്, ഫോൺ: 0495 2353022
സി.എം. സുന്ദരൻ – 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്,
അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്

സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും

**KODAPPALLY AYURVEDA PHARMACY**



29/1552 A2, Kottooli Centere,
Kozhikode - 16
Agency : KACOPS, KOTTOOLI
Mob : എം. കെ. രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി – 9747868041



എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

**ശാരദ**



ഇൻഡസ്ട്രീയൽസ്



കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070

# നമുക്ക് വന്ദിക്കാം ഗോമാതാവിനെ



കെ. ഷൈനു.

വേണമെങ്കിൽ എന്നെ കൊന്നു കൊള്ളൂ. പക്ഷേ ഗോമാതാവിനെ, ഉപദ്രവിക്കരുതേ... ലോകമാന്യ ബാലഗംഗാധര തിലകൻ



വൃന്ദാവനത്തിലെ ഗോപികമാർക്ക് കണ്ണന്റെ അധരങ്ങൾ എല്ലാ സമയവും കവരുന്ന ഓടകുഴലിനോട് എന്തെന്നില്ലാത്ത അസൂയ തോന്നി. എന്തുകൊണ്ടാണ് ഓടക്കുഴലിന് ഭഗവാന്റെ അധരത്തിൽ സ്ഥാനം ലഭിച്ചത്. അവസാനം ഓടക്കുഴൽ തന്റെ കഥ പറയുവാൻ തുടങ്ങി. ഞാൻ കാട്ടിൽ ഉല്ലാസത്തോടു കൂടി എന്റെ ബന്ധുക്കൾക്കൊപ്പം സുഖമായി വസിക്കുമ്പോൾ ആരോ എന്റെ മൃദുലമായ ശരീരത്തിൽ മൂർച്ചയേറിയ ആയുധം പ്രയോഗിച്ചു. എന്നെ എന്റെ കുലത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും അകറ്റി, എന്റെ ശരീരത്തിൽ മൂർച്ചയേറിയ ആയുധം വീണ്ടും വീണ്ടും പ്രയോഗിച്ചു ശരീരത്തിൽ മുഴുവൻ തുളകൾ ഉണ്ടാക്കി. അത്രയേറെ യാതനയും വേദനയും സഹിച്ചു കൊണ്ടും, ഏറ്റവും വലിയ ത്യാഗമനുഭവിച്ചതു കൊണ്ടുമാണ് എനിക്ക് ഏവരും കൊതിക്കുന്ന ശ്രീകൃഷ്ണ ഭഗവാന്റെ അധരത്തിൽ സ്ഥാനം ലഭിച്ചതും ലോകത്തിന് മധുരമായ വേണുനാദമനുഭവിക്കാൻ എന്നെ കൊണ്ട് സാധിക്കുന്നതും.

ഭാരതീയ സമൂഹം പരമ്പരാഗതമായി പശുവിനെമാതാവായിട്ടാണ് കണക്കാക്കിപോരുന്നത്. കേവലം ഭാരതത്തിന്റെ മാത്രമല്ല "ഗാവോ വിശ്വസ്യ മാതരഃ"പശുവിനെസമസ്ത വിശ്വത്തിന്റെയും മാതാവായിട്ടാണ് ഭാരതീയർ കണക്കാക്കി പോരുന്നത്. പ്രകൃതി തന്നെ ഗോമാതാവിന്റെ രൂപത്തിൽ വന്ന് മാനവവംശത്തെ സംരക്ഷിക്കുന്നു എന്നാണ് വിശ്വാസം. സമസ്ത സൃഷ്ടികളെയും മാതൃഭാവത്തിൽ ദർശിക്കുക എന്നത് ഭാരതീയ ദർശനങ്ങളുടെ പ്രത്യേകതയാണ്. പ്രകൃതി ആരാധനയുടെ ഭാഗമായുള്ള "അമ്മ" എന്ന ശ്രേഷ്ഠ ഭാവ ദർശനം. കല്ലിലും നദിയിലും കടലിലുമെല്ലാം നമുക്ക് കാണാം. ഗംഗ നമുക്ക് ഗംഗാമാതാവാണ്. കടൽ നമുക്ക് കടലമ്മയാണ്. നേരത്തെ സൂചിപ്പിച്ച കഥയിലെ ഓടക്കുഴലിനെക്കാളും ത്യാഗമനുഭവിക്കുന്നു എന്ന് നിത്യേനനാം മനസ്സിലാക്കുന്ന സർവ്വം സഹയായ പശു നമുക്ക് ആരാധ്യയാണ് ഗോമാതാവാണ്. നാമെല്ലാവരും അമ്മയ്ക്കൊപ്പവും ശേഷവും പാലുകുടിച്ചു വളർന്നത് പശുവിന്റെതാണ് അതുകൊണ്ട് ഗോമാതാവിന്റെ മാതൃസ്ഥാനം അർഹിക്കുന്നത് തന്നെ എന്നതിൽ സംശയമില്ല.

**മതപരവും സാംസ്കാരികവുമായ പ്രാധാന്യം.**

അമൃതപാനം ചെയ്ത വേളയിൽ ബ്രഹ്മാവിന്റെ മുഖത്തു നിന്നും വന്ന പതയിൽ നിന്നാണ് ഗോക്കളുടെ ഉല്പത്തി ഉണ്ടായത്. പശുവിൻ പാലിൽ നിന്നും പാലാഴി ഉണ്ടായി. അത് കടഞ്ഞപ്പോൾ കാമധേനു ഉയർന്നുവന്നു.

ശ്രീകൃഷ്ണ ഭഗവാന്റെ സർവ്വപ്രിയമായ നാമം തന്നെ " ഗോപാലൻ" എന്നാണ്, ഗോപാലനം അദ്ദേഹത്തിന്റെ ലീലകളിൽ പ്രധാനപ്പെട്ടതായിരുന്നു. ഇന്ദ്രന്റെ അഹങ്കാരം ശമിപ്പിക്കാനായി ഗോവർദ്ധനപർവ്വതം തന്നെ കുടയാക്കി, ഗോവംശത്തേയും സമാജത്തേയും രക്ഷിച്ചു. വെണ്ണ കട്ടുതിന്നുന്ന അമ്പാടിക്കണ്ണൻ നമ്മുടെയെല്ലാം മനസ്സിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ളതാണല്ലോ. സ്വയം വെണ്ണ കഴിക്കുക മാത്രമല്ല ഗോപബാലൻമാരെ ഊട്ടുകയും ചെയ്തു അദ്ദേഹം. എല്ലാ ഗോക്കളും സാക്ഷാത് വിഷ്ണുരൂപം തന്നെ അതിന്റെ സർവ്വ അംഗങ്ങളിലും ഭഗവാൻ കേശവൻ വിരാജിക്കുന്നു, എന്ന് ബ്രഹ്മാണ്ഡപുരാണത്തിൽ ഭഗവാൻ വേദവ്യാസൻ " ഗോ"-സാവിത്രി" സ്തോത്രത്തിൽ പറയുന്നു. ഗോ സ്വാമി തുളസീദാസിന്റെ അഭിപ്രായത്തിൽ ധർമ്മാർത്ഥകാമമോക്ഷങ്ങളാകുന്ന ഫലങ്ങൾ നാലും തന്നെയാണ് പശുവിന്റെ നാല് സ്തനങ്ങൾ, മനുഷ്യന്റെ പരമമിത്രമായാണ് ബുദ്ധൻ പശുവിനെകാണുന്നത്. ജൈനൻമാർ പശു ഒരിക്കലും വധിക്കപ്പെടേണ്ടവളല്ല എന്ന് വിലയിരുത്തുന്നു. ഗോരക്ഷയെ കൂടാതെ മാനവരക്ഷ സാദ്ധ്യമല്ലെന്ന് ഭഗവാൻ മഹാവീരൻ പറയുന്നു. പശുവിൻ പാൽ രസായനവും നെയ്യ് അമൃതവും പശുവിൻ മാംസം രോഗവുമാണെന്ന് ഹസത്ത് മുഹമ്മദ് പറയുമായിരുന്നു. ഒരു കാളയെ കൊല്ലുന്നത് ഒരു മനുഷ്യനെകൊല്ലുന്നതിന് സമമാണെന്ന് യേശുദേവനും വ്യക്തമാക്കുന്നു.



**മഹാൻമാരുടെ അഭിപ്രായത്തിൽ**

"ഗോ രക്ഷ" സ്വരാജ് എന്ന പ്രശ്നത്തേക്കാളും മഹത്വവുമാണ്. ഗോവംശത്തിന്റെ രക്ഷ സമസ്ത മുക സൃഷ്ടികളുടെയും രക്ഷയാണ്. ഭാരതത്തിന്റെ സുഖസമൃദ്ധി തന്നെ ഗോവംശവുമായി ബന്ധപ്പെട്ടുകിടക്കുന്നു. പശു ഉന്നതിയുടേയും പ്രസന്നതയുടെയും മാതാവാണ്. പശു പല പ്രകാരത്തിലും സ്വന്തം അമ്മേയക്കാളും ശ്രേഷ്ഠയാണ് എന്ന് മഹാത്മഗാന്ധി വ്യക്തമാക്കുന്നു. "സ്വതന്ത്ര്യം ലഭിച്ചാൽ പേനയുടെ ഒരു ചലനം കൊണ്ടു തന്നെ. ഗോഹത്യനിരോധിക്കും, എന്ന് ലോകമാന്യ തിലകനും, ഒരു പശു തന്റെ ജീവിതകാലത്ത് 4,10,440 മനുഷ്യർക്ക് ഒരു നേരത്തെ ഭക്ഷണം നൽകാൻ പ്രാപ്തയാണ്. അതേ സമയം അതിന്റെ മാംസം കേവലം 80 പേർക്ക് ഒരു നേരത്തെ ഭക്ഷണത്തിന് മാത്രമെ തികയുകയുള്ളു. എന്ന് ഗോ കരുണാനിധി എന്ന പുസ്തകത്തിൽ ദയാനന്ത സരസ്വതി സ്വാമികളും, ഗോ രക്തം ഭാരതഭൂമിയിൽ വീഴുന്നതു തുടരുന്നിടത്തോളം കാലം ഭാരതദേശത്തിൽ സുഖമോ, ശന്തിയോ സമ്പൽ സമൃദ്ധിയോ ഉണ്ടാവുമെന്ന് പ്രതീക്ഷിച്ചു കൂടായെന്നും. ഭാരതീയ സംബന്ധിച്ച് ഗോഹത്യാ നിരോധനം അനിവാര്യമാണെന്ന് സ്വർഗീയ ജയപ്രകാശ് നാരായണനും പറയുകയുണ്ടായി.

**ശാസ്ത്രീയ പ്രാധാന്യം.**

1. പശുവിൻ പാൽ റേഡിയോ വികിരണ (അണു പ്രസരണം)ത്തിൽ നിന്നും രക്ഷനേടാനുള്ള ശക്തി നല്കുന്നതാണ് എന്ന് പ്രശക്ത റഷ്യൻ ശാസ്ത്രജ്ഞൻ സിറോവിച്ച് പറയുന്നു.
2. പശു വിഷ പദാർത്ഥങ്ങൾ ഉൾപ്പെടെ എന്തെല്ലാം തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ കഴിച്ചാലും, അവ നൽകുന്ന പാൽ പൂർണമായും ശുദ്ധവും പോഷക സമൃദ്ധവുമാണ്.
3. ചാണകം മെഴുകിയ വീടുകൾ അണുപ്രസരണത്തിൽ നിന്നും രക്ഷ നൽകുന്നു.
4. പശുവിൻ പാൽ ഹൃദ്രോഗത്തിൽ നിന്നും രക്ഷ നൽകുന്നു. ശരീരത്തിന് പുഷ്ടിയും, ഓജസ്സും, ആരോഗ്യവും ഉത്സാഹവും നൽകുന്നു. ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു.
5. പശുവിൻ നെയ്യ് അഗ്നിയിൽ ഹോമിക്കുമ്പോൾ ഉയരുന്ന പുക അന്തരീക്ഷത്തിൽ അണുപ്രസരണത്തെ തടയുന്നു.
6. പശുവിന്റെയും പശുകുട്ടികളുടെയും ശബ്ദം മാനസിക വിഭ്രാന്തികളിൽ നിന്നും മോചനം തരുന്നതാണ്.
7. ക്ഷയരോഗികളെ പശുക്കളുടെയോ ഗോശാലകളുടെയോ സമീപത്ത് താമസിപ്പിച്ചാൽ അവരിലെ ക്ഷയരോഗാണുക്കൾ നശിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ചാണകത്തിന് കോളറ രോഗാണു

ക്കളെ നശിപ്പിക്കാനുള്ള കഴിവുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

8. കശാപ്പുശാലകളുടെ സാന്നിദ്ധ്യം ഭൂകമ്പ സാധ്യതകൾ വർദ്ധിപ്പിക്കുന്നതായി റഷ്യയിലെ പ്രസിദ്ധമായ ഒരു ശാസ്ത്ര മാസിക ചൂണ്ടിക്കാണിക്കുന്നു.

9. പശുവിന്റെ നട്ടെല്ലിലെ "സൂര്യകേതു" നാഡി സൂര്യപ്രകാശം ലഭിക്കുമ്പോൾ ജാഗ്രതാവസ്ഥയിലാവുന്നു. അത് ഒരു പ്രത്യേക തരം മഞ്ഞ നിറത്തിലുള്ള പദാർത്ഥം സ്രവിക്കുന്നു. അതിനാലാണ് പശുവിൻ പാലിന് ഇളം മഞ്ഞ നിറം കൈവരുന്നത്. കേരോട്ടിൻ എന്ന ഈ പദാർത്ഥം സർവ്വ രോഗനാശകവും. സർവ്വവിഷഹാരിയുമാണ്.

10. പശുവിൻ നെയ്യ് അരിയോടൊന്നിച്ച് കത്തിച്ചാൽ അതിൽ നിന്നും അത്യന്തം പ്രയോജനപ്രദമായ എഥിലീൻ ഓക്സൈഡ്, പ്രോപലീൻ ഓക്സൈഡ് എന്നീ വാതകങ്ങൾ ലഭിക്കുന്നു. എഥിലീൻ ഓക്സൈഡ് അണു രോധകരമായതിനാൽ ഓപ്പറേഷൻ തിയ്യറ്ററിലും ജീവൻരക്ഷാ ഔഷധ നിർമ്മാണത്തിനും പ്രയോജനപ്രദമാണ്. പ്രോപലീൻ ഓക്സെഡ് കൃത്രിമ മഴ പെയ്യിക്കാൻ ഉപയോഗപ്പെടുമെന്ന് ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു.

എൺപത് ശതമാനത്തിലധികം കർഷകരുള്ള കാർഷിക രാജ്യമായ ഇന്ത്യയിൽ ഗോവിന്റെ പ്രാധാന്യം പറയേണ്ടതില്ലല്ലോ. രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയ്ക്കും പശുവിന് വലിയ പ്രാധാന്യമാണുള്ളത്. ജനനം മുതൽ മരണം വരെയും മരണത്തിനു ശേഷവും പശു മനുഷ്യന് ഉപകാരപ്രദമാണ്. പശുവിന്റെ ജഡം ഭൂമിയിൽ കുഴിച്ചിട്ടാൽ ഏറ്റവും നല്ല വളമാണെന്ന് പ്രസിദ്ധമാണല്ലോ. ഗോമൂത്രം ഔഷധവും ചാണകവും പ്രാകൃതിക വളമാണ് എന്ന് മാത്രമല്ല ഇതിന്റെ ഉപയോഗം ഭൂമിയുടെ ഉർവരത നെടുനാളേക്ക് നിലനിർത്തുകയും ചെയ്യുന്നു. ഭാരതം ആയിരക്കണക്കിന് വർഷങ്ങളായി ഫലഭൂയിഷ്ഠമായും സമ്പൽ സമൃദ്ധിയോടെയും നിലനിന്നതിന്റെ രഹസ്യവും ഇതുതന്നെയാണ്. ഇത്തരത്തിൽ ഗോവംശ പരിപാലനത്തിന് ചെലവാകുന്ന മൊത്തം തുകയേക്കാൾ എത്രയോ ഇരട്ടി നമുക്ക് ലഭ്യമാകുന്നു എന്നർത്ഥം. പഞ്ചഗവ്യ ആയുർവ്വേദത്തിന്റെയും ഗോവംശ ആധാരിത കൃഷി സമ്പ്രദായങ്ങളുടെയും ഉപയോഗം വർദ്ധിപ്പിച്ചാൽ ഭാരതത്തിലെ മുഴുവൻ ഗ്രാമങ്ങളിലെയും തൊഴിലില്ലായ്മ പരിഹരിക്കാനും പരിസ്ഥിതിയും പൊതുജനാരോഗ്യവും സുരക്ഷിതമാക്കാനും കഴിയും.

മനുഷ്യന് ഉപകാരപ്രദമായ ഗോവംശത്തിന്റെ സംരക്ഷണം, പരിപാലനം, വംശ വർദ്ധനവ് എന്നിവ ചുരുങ്ങിയ കാലയളവിനുള്ളിൽ സാധ്യമാക്കാവുന്ന കാര്യങ്ങൾ അല്ല. ഇതിന്നായി ഗോസംരക്ഷണ പ്രവർത്തനത്തിൽ ബദ്ധശ്രദ്ധരായവരുടെ നിരന്തര പ്രയത്നം അനിവാര്യമാണ്. അതോടൊപ്പം എല്ലാ സംസ്ഥാനങ്ങളിലും ഗോവധ നിരോധനം നടപ്പിലാക്കുകയും വേണം. 22 സംസ്ഥാനങ്ങളിൽ ഗോവനം നിരോധിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സംസ്ഥാനങ്ങളിൽ അധികാരത്തിലിരിക്കുമ്പോഴാണ് എന്നത് ഇന്നത്തെ സാഹചര്യത്തിൽ പ്രസക്തമാണ്. പൂർവ്വികൻമാരുടെ പാതയിലേക്ക് ഈ നേതൃത്വം തിരിച്ചു വരണമെന്ന് ആഗ്രഹിക്കുന്നവരാണ് ഭാരതത്തിന്റെ ഭൂപക്ഷവും. അട്ടപ്പാടിയിൽ പോഷക ആഹാരക്കുറവ് കൊണ്ട് ആദിവാസി കുട്ടികൾ മരിച്ചു വീഴുന്നു. ഓടക്കുഴലിനെഅനുസ്മരിയ്ക്കുന്ന തരത്തിൽ തന്റെ സർവ്വസ്വവും ഈ സമാജഹിതത്തിനു സമർപ്പിക്കും അത്യന്തം ത്വാഗോജ്ജ്വല ജീവിതമാണ് ഗോമാതാവിന്റേത് അതിനാൽ ഓടക്കുഴൽ ഭഗവാന്റെ അധരത്തിലാണ് സ്ഥാനം പിടിച്ചതെങ്കിൽ ഈ ഗോമാതാവിനെപാലിക്കുന്നവനായി മാറുകയായിരുന്നു ഭഗവാൻ. കാലിയെ മേയ്ക്കുന്ന കാർവർണ്ണൻ, ഗോപാലൻ.

പശുക്കൾ കൂടി കൂടി വന്നാൽ എന്തുചെയ്യും അവ പെറ്റുപെരുകില്ലേ എന്നു ചോദിക്കുന്നവരുണ്ട് കുഞ്ചൻ നമ്പ്യാരുടെ കാലനില്ലാത്ത കാലം എന്ന കവിതയെ അനുസ്മരിപ്പിക്കുന്ന ചോദ്യം ചോദിക്കുന്നവർ അവർക്കു വേണ്ടി ശ്രാനാരായണ ഗുരുദേവന്റെ ജീവിതത്തിലെ ഒരു സംഭവ വിവരണത്തോടെ നിർത്തുന്നു. ഗോ സംരക്ഷത്തിനായി നാം ഏവരും ഒന്നിക്കും. എന്ന പ്രതീക്ഷയോടെ....

ഭക്തൻ: ആട്ടിൻ പാലും പശുവിൻപാലും, നാം കഴിക്കുന്നല്ലോ, സ്വാമീ. പിന്നെന്താണ് അവയുടെ മാംസം തിന്നാൻ, വല്ല തരക്കോടും ഉണ്ടോ?

സ്വാമി: തരക്കേടില്ലല്ലേ! (അൽപം കഴിഞ്ഞ് മന്ദഹാസത്തോടുകൂടി) അമ്മയുണ്ടോ?

ഭക്തൻ: ഇല്ല സ്വാമീ, മരിച്ചുപോയി.

സ്വാമി: ദഹിപ്പിച്ചോ? തിന്നോ?

അവസാനമായി ഇത്രമാത്രം

അജ്ഞാനികളോട് പൊറുക്കുക

നമുക്ക് വന്ദിക്കാം ഗോമാതാവിനെ.

■

പാവന സ്മരണയ്ക്ക്

**28-11-2004**

**11-ാംചരമ വാർഷികം**



ചോയി മഠത്തിൽ മാളുക്കുട്ടി
W/o ചോയി മഠത്തിൽ അപ്പു



## Yes Key Electricals & Engineering Works


**Puthiyapalam, Calicut**

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikrema Rectifiers etc.

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്ത്കൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunilkumar Mob: 9847390950
Ph: 0495-2702073, Resi: 9048594525



SANDEEP DAMODAR
9349414141, 8086441441

**For Quality**
*Studio Portraits & Out Door Groups, Wedding & Function Flash Photos in Colour - Black & White & Other Photographic Services.....*

## PHOTO SQUARE

M.C. COLLEGE CROSS ROAD, KOZHIKODE - 673011

*PHOTOGRAPHY - VIDEOGRAPHY*



## ഇ.എം.വി.പൂജാസ്റ്റോർ
### E.M.V. POOJA STORE

തളി റോഡ്, കോഴിക്കോട് – 2

Mob: 91 9447417390
Resi : 0495 2352669

Mob: 91 9895597970
Ph: 0495 2701363

എല്ലാവിധ പൂജാസാധനങ്ങളും ലഭിക്കുന്ന സ്ഥാപനം
All kinds of Pooja articles available here

## R. C. Choorals



S. K. Bazar Elathur, Calicut - 673303
Mob : Jothish Kumar 9745457919, 9895557266, 8129404626

## HASBI TOURS & TRAVELS




*Meenchanda, Areekkad, Calicut - 27*
*Mob: Sahir - 9895999100*
*9895350141*




## FRIENDS

*SPRAY PAINTING WORKS*

Malaparamba, Kozhikode - 673 009
Mob: 9495411642

# ഐശ്വര്യ സ്വയം സഹായ സംഘം

## മുക്കണ്ണിപ്പറമ്പ്
## പി. ഒ. കൊമ്മേരി, കോഴിക്കോട് - 7

നക്ഷത്രരാജ്യം ലേഖകൻ

2004 മുതൽ കഴിഞ്ഞ 10 വർത്തിലധികം കാലം കൊമ്മേരി പ്രദേശത്ത് ഒരു കൂട്ടം ചെറുപ്പക്കാർ ചേർന്ന് “ഐശ്വര്യ സ്വയം സഹായ സംഘം” രൂപികരിച്ച് നിസ്വാർത്ഥമായ അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നു. രാഷ്ട്രീയം മറന്ന് കൊമ്മേരി പ്രദേശത്തെ പൊതുജനങ്ങളെ സേവിക്കുകയെന്നതാണ് സംഘത്തിന്റെ പ്രധാനലക്ഷ്യവും പരിപാടികളും. കഴിഞ്ഞ 10 വർഷത്തിനിടയിൽ സംഘം ജനക്ഷേമകരമായ പല പ്രവർത്തികൾക്കും കൊമ്മേരിയിൽ തുടക്കം കുറിക്കുകയും ആകാവുന്നത് ചെയ്യുകയും ചെയ്തു. ഇതിനു മുൻപും സംഘം നടത്തിയ പ്രവർത്തനങ്ങൾ ‘2013 ജൂലായ് മാസം ലക്കത്തിൽ നക്ഷത്രരാജ്യം മാസിക’ പ്രസിദ്ധികരിച്ചിട്ടുണ്ട്.

2014 - 2015 വർഷങ്ങളിൽ സംഘം ജനോപകാരപ്രദമായ പല നല്ല പ്രവർത്തികൾക്കും നേതൃത്വം നൽകി. സംഘം പ്രസിഡണ്ട് ചമ്പയിൽ ബാബുരാജ് പറയുന്നു.

മുൻവർഷങ്ങളിലെപ്പോലെ സംഘം, ആയുർവ്വേദ കൊതുകുനാശിനി പ്രദേശത്തെ വീടുകളിൽ തളിക്കുകയും 100 വീടുകളിൽ തുണി സഞ്ചി നൽകുകയും ചെയ്തു. പകർച്ചവ്യാധികളെക്കുറിച്ച് മുന്നറിയിപ്പ് നടത്തുകയും ബോധവൽക്കരിക്കുകയും ചെയ്യുന്നതിനു പ്രദേശത്തെ വീടുകളിൽ നോട്ടീസ്സുകൾ അച്ചടിച്ചു വിതരണം ചെയ്യുകയും കൊമ്മേരി പ്രദേശത്ത് വീവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. മുക്കണ്ണിപ്പറമ്പിലേക്കുള്ള വഴി സൈഡ് കെട്ടി സ്ലേബ് ഇടുന്നതിനു ബഹു. എം. കെ മുനീർ സാമൂഹ്യ നീതി വകുപ്പ് മന്ത്രിക്ക് മാങ്കാവ് ആസ്പത്രിയിൽവെച്ചു നടന്ന മുഖാമുഖം പരിപാടിയിൽ 15. 09. 2015 ന് സംഘം നിവേദനം നൽകി. 16 ലക്ഷം രൂപ ചിലവഴിച്ച് ഈ പ്രവർത്തികൾ നടത്തിയ വാർഡ് കൗൺസിലർക്ക് സംഘത്തിന്റെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തി ബോർഡ് സ്ഥാപിച്ചു. ജൈവ പച്ചക്കറി ഉൽപ്പാദനത്തിന്റെ ഭാഗമായി 2- ാം ഘട്ട പ്രവർത്തനമെന്ന നിലയിൽ പയർ, ചീര എന്നിങ്ങനെയുള്ള പച്ചക്കറികളും 3-ാം ഘട്ട പ്രവർത്തനമായി കപ്പ കൃഷിയും ആരംഭിച്ചു. 7- ാം ഘട്ട പ്ലാസ്റ്റിക്ക് നിർമ്മാജ്ജനത്തിന്റെ ഭാഗമായി വീടുകളിലെ പ്ലാസ്റ്റിക്ക് കവറുകൾ സംഘം സ്വന്തം ചിലവിൽ കൊണ്ടുപോകുന്നതിനു നടത്തിയ ബോധവൽക്കരണ ക്ലാസ്സിൽ സെക്രട്ടറി നിഷാന്ത് സ്വാഗതവും, സെക്രട്ടറി ബാബുരാജ് ചമ്പയിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഉൽഘാടനം യുവ കവി പ്രമോദ് മാങ്കാവ് നിർവ്വഹിച്ചു. മുഖ്യ അഥിതിയായി നക്ഷത്രരാജ്യം മാസിക മാനേജിംഗ് എഡിറ്റർ ഇ.രാധാകൃഷ്ണൻ പങ്കെടുത്തു. ജില്ല പരിസ്ഥിതി പ്രസിഡണ്ട് ശ്രീവൽസൻ ബോധവൽക്കരണ ക്ലാസ്സെടുത്തു. ജോ. സെക്രട്ടറി എടോളി ശ്രീഷാന്ത് നന്ദി പ്രകാശിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും അന്ന് തുണി സഞ്ചിയും 500 മില്ലി ആയുർവ്വേദ കൊതുകു നാശിനിയും സൗജന്യമായി വിതരണം ചെയ്തു.

3-ാം ഘട്ട തെങ്ങുകയറ്റ പരിശീലനം, സംഘം 22.11. 2015 ന് സംഘടിപ്പിച്ചു. സംഘം തീരുമാനിക്കുന്ന ദിവസങ്ങളിൽ തെങ്ങു കയറ്റ യന്ത്രം സൗജന്യമായി നൽകാനും തീരുമാനമെടുത്തു. ഐ. ഡി. സി. താമരശ്ശേരിയുടെ കീഴിൽ പ്രവർത്തിക്കുന്ന 1200 സംഘങ്ങളിൽനിന്ന് അവാർഡിനായി 7 സംഘങ്ങളെ ഐ. ഡി. സി. പ്രഖ്യാപിച്ചപ്പോൾ “ഐശ്വര്യ സ്വയം സഹായ സംഘം” മുക്കണ്ണിപ്പറമ്പിനും മികച്ച സംഘത്തിനുള്ള അവാർഡും, ഫലകവും, പ്രശസ്തി പത്രവും ലഭിച്ചു

സംഘം മെമ്പർമാർ : 1. ബാബുരാജ് ചമ്പയിൽ, 2. നിഷാന്ത് വി. പി., 3. സുധീഷ് കുമാർ, 4. ഇ. ശ്രീഷാന്ത്, 5. സുബിലൻ, 6. അജീഷ്, 7. ഷിജിത്ത്, 8. ചന്ദ്രൻ, 9. ബിജു, 10. ബിനീഷ്, 11. രാജീവ്, 12. മോഹൻദാസ്, 13. വിജയകുമാർ, 14. ബാലകൃഷ്ണൻ, 15. ബിനു, 16. പരമേശ്വരൻ.

■



സംഘം പ്രവർത്തകർചെയ്യുന്ന ജൈവ പച്ചക്കറി കൃഷി

# നക്ഷത്രരാജ്യം മാസിക

# 7-ാം വാർഷികാഘോഷവും

# അവാർഡ് സമർപ്പണവും – 2015

നക്ഷത്രരാജ്യം മാസിക, ഗവ.രജി.നമ്പർ 2008/11/2718/ഡി/, ആർ.എൻ. ഐ. ഇ. എൻ. നമ്പർ: , 40980
ഡേറ്റ് 10 – 10 – 2007/ ഗവ. രജി. നമ്പർ 222/2014, പോസ്റ്റ് ബോക്സ് നമ്പർ : 1205,
മാങ്കാവ് പി.ഒ, കോഴിക്കോട് – 07, ഫോൺ : 9847649567, 9744233997
E - mail : nakshathrarajyam@gmail.com

## Programme

**കഥ, ലേഖനം, കവിത, നാടകം, സാഹിത്യം ശിൽപശാലയും കലാപരിപാടികളും**

**രാത്രി 7 മണി മുതൽ**

കോഴിക്കോട് ടൗൺഹാൾ, ജൂബിലി ഹാൾ അരങ്ങുകളിൽ അവതരിപ്പിച്ച നക്ഷത്രരാജ്യം ഇ രാധാകൃഷ്ണന്റെ അമ്പല്ലൂർവാഴികോട്ട, ഭൂമിഗീതം, അഗ്നിച്ചിറകുള്ള തുമ്പികൾ, പേടമാൻപാടുന്നകാട് എന്നി നാടകങ്ങളിലെ 11 ഗാനരംഗങ്ങൾ കോർത്തിണക്കിയ ഗാനനൃത്തസന്ധ്യ "സ്വരലയം" ●

രചന, **സംവിധാനം** : നക്ഷത്രരാജ്യം ഇ.രാധാകൃഷ്ണൻ ● ഗാനാലാപനം സുനിൽ കുമാർ, ജയൻ കോഴിക്കോട്, ഉണ്ണിമോൾ കുന്ദമംഗലം. വിന്നി, സോന, പ്രിയങ്ക, ദീപ, സജിത ●കോറിയോഗ്രാഫി അനീഷ് നാട്യാലയ ●

അവതരണം നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ് വളയനാട്●.

പ്രതിഭാശാലികളായ സാഹിത്യകാർക്കുവേണ്ടി നക്ഷത്രരാജ്യം മാസിക
കഥ, ലേഖനം, കവിത മൽസരം
സംഘടിപ്പിച്ചതിൽ അവാർഡ് ജേതാക്കളായ സാഹിത്യക്കാർക്കും കവികൾക്കും
അവാർഡ് സമർപ്പണം.

സമയം : 6.30 pm.

നോവൽ, ചെറുകഥ, രചനകളിലൂടെ ഇന്ത്യൻ ഭാഷയിൽ അംഗീകാരം നേടിയ
കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് യു. ഏ. ഖാദറിന്
അവാർഡ് സമർപ്പണം. സമയം 6 pm.

# നക്ഷത്രരാജ്യം മാസിക
# അവാർഡ് സമർപ്പണം


## 2015 ഡിസംബർ 12 ന് ശനിയാഴ്ച ഉച്ച 2 മണി മുതൽ
## കോഴിക്കോട് ടൗൺഹാളിൽ

**സാഹിത്യം, നാടകം,ശിൽപശാലയും കവിയരങ്ങും:**
**പി.ആർ നാഥൻ, എം.എസ്. കുമാർ, സുകുമാർ കൂർക്കഞ്ചേരി**
**മലയത്ത് അപ്പുണ്ണി, ഭാസി മലാപ്പറമ്പ്, പുനൂർ കെ.കരുണാകരൻ, മുണ്ട്യാടി ദാമോദരൻ, പ്രശാന്ത് നടുവട്ടം,**
**വാസു അരീക്കോട് (സിനിമാഗാന രചയിതാവ് ), ഗിരീഷ് മൂഴിപ്പാടം, മിഥുൻ ചിത്രരശ്മി, സി.കെ. രാഘവൻ**
**കൂടാതെ മലയാളത്തിലെ പ്രമുഖ സാഹിത്യകാരന്മാരും കവികളും രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുന്നു**


6 മണി മുതൽ 7 വരെ പൊതു സമ്മേളനവും, അവാർഡ് സമർപ്പണവും

യു.ഏ.ഖാദർ, പി.ആർ. നാഥൻ, എം.എസ്.കുമാർ, സുകുമാർ കൂർക്കഞ്ചേരി,
മലയത്ത് അപ്പുണ്ണി, വാസു അരീക്കോട് (കവി, സിനിമാ ഗാനരചയിതാവ്), സുനിൽ കുമാർ (സിനിമാ പിന്നണി ഗായകൻ)
തുടങ്ങിയ , സാഹിത്യ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്നു.

# ആതിരപ്പള്ളി അണക്കെട്ടിന് വീണ്ടും പരിസ്ഥിതി അനുമതി



വിനോദ്കുമാർദാമോദർ



വർഷങ്ങളായി പരിസ്ഥിതി പ്രവർത്തകർ നടത്തിയ പോരാട്ടം വെറുതെയായോ എന്ന സംശയം നിലനിൽക്കുന്ന തരത്തിലാണ് കഴിഞ്ഞ ദിവസം കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അവസാനഅനുമതി തൃശ്ശൂർ ജില്ലയിലെ വാഴച്ചാലിൽ ആതിരപ്പള്ളി അണക്കെട്ടിന്റെ നിർമ്മാണ കാര്യത്തിലുണ്ടായത്.

വൻരീതിയിലുള്ള ഈകൊല്ലത്തെ മഴക്കുറവും വെള്ളച്ചാട്ടത്തിൽ ഒഴുകിയെത്തുന്ന വെള്ളത്തിന്റെ കുറവും ഒന്നുംതന്നെ കണക്കിലെടുക്കാതെയാണ് കഴിഞ്ഞദിവസം മന്ത്രാലയം അനുമതിനൽകിയത്.

ആതിരപ്പള്ളി ഇന്ന് തെന്നിന്ത്യയിൽതന്നെയുള്ള ഏറ്റവും സുന്ദരമായ വെള്ളച്ചാട്ടമാണ്. തൃശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥിതിചെയ്യുന്ന ഈ വെള്ളച്ചാട്ടത്തിന് കഴിഞ്ഞ സർക്കാറിന്റെക്കാലത്ത് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം സഹമന്ത്രിയായിരുന്ന ശ്രീ. ജയറാം ഗണേഷ് അനുമതി നിഷേധിച്ചത് പരിസ്ഥിതി പ്രവർത്തകർക്കും ജനങ്ങൾക്കും ഒരുപോലെ സന്തോഷം നൽകിയിരുന്നു.

നാലുവർഷത്തിനകം ഇവിടെ നിന്നും വൈദ്യുതി ഉൽപ്പാദനം തുടങ്ങുമെന്നുംമറ്റും പൊളിവർത്തമാനം പറയുന്ന വൈദ്യുതി വകുപ്പ് ചാലക്കുടി പുഴയിലെ ഈ വെള്ളച്ചാട്ടത്തിന്റെ പരിസ്ഥിതി പ്രാധാന്യം ഒന്നുംതന്നെ കണക്കിലെടുക്കാൻ തയ്യാറല്ല.

അണക്കെട്ടു നിർമ്മാണം നടന്നാലും എപ്പോഴും സെക്കന്റിൽ 7.65 മീറ്റർ ക്യൂബ് വെള്ളം തുറന്നുവിടണമെന്നാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയുമായുള്ള കരാറെങ്കിലും മഴ കുറയുന്ന- അണക്കെട്ടിലേക്ക് നീരൊഴുക്ക് കുറയുന്ന മഴക്കാലം അണക്കെട്ടിന്റെ നിർമ്മാണം വലിയ ആഘാതം സൃഷ്ടിക്കുമെന്നാണ് പരിസ്ഥിതി പ്രവർത്തകർ പറയുന്നത്.

1996 കാലഘട്ടത്തിൽ തന്നെ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം അണക്കെട്ടു നിർമ്മാണത്തിനു അനുമതി നൽകിയിരുന്നെങ്കിലും പിന്നീടു നടന്ന നിയമ പോരാട്ടംമൂലം താൽക്കാലികമായി പദ്ധതിയ്ക്ക് വിരാമമായി.

32 വർഷങ്ങൾക്കു മുമ്പാണ് ആദ്യമായി ആതിരപ്പള്ളി വെള്ളച്ചാട്ടത്തിന് തൊട്ടുമുകളിലായി ആണക്കെട്ടു നിർമ്മാണത്തിന് പദ്ധതി തുടങ്ങിയത്. എന്നാൽ പ്രകൃതി സുന്ദരമായ ഈ പ്രദേശത്ത് അണക്കെട്ടു നിർമ്മാണം അനുവദിക്കില്ലെന്നു പറഞ്ഞ് പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയ പോരാട്ടം പലതരം നിയമയുദ്ധങ്ങൾക്കും വഴിതെളിയിച്ചു. അത് ഇന്നും തുടർന്നുകൊണ്ടിരിയ്ക്കുന്നു.


ഇവിടത്തെ പ്രസിദ്ധ ആദിവാസി സമൂഹം പദ്ധതിയെ ശക്തമായി എതിർക്കുന്നു. ഹൈഡ്രോ ഇലട്രിക്ക് പദ്ധതികൾക്കുവേണ്ടി രണ്ടു പ്രാവശ്യം ഇതിന് മുമ്പ് മാറ്റിതാമസിക്കപ്പെട്ട ഇവർ അണക്കെട്ടു നിർമ്മാണ പദ്ധതിയെകൂറിച്ചും ഭയചികിതരായി പറയുന്നത് ഇനിയും തങ്ങൾ നിയമപോരാട്ടം തുടരുമെന്നാണ്. കാടിനേയും വന്യജീവികളേയും വൻരീതിയിൽ ബാധിക്കുന്ന ഒരു പദ്ധതിയ്ക്ക് ഇനിയും ഇവിടെ ഇടമില്ലായെന്നും അവർ തറപ്പിച്ചു പറയുന്നു. രൂപകൽപ്പനചെയ്ത രീതിയിൽ പദ്ധതി നടപ്പിലാക്കി കഴിഞ്ഞാൽ ജലമൊഴുക്ക് ഉണ്ടാവില്ലയെന്നാണവർ പറയുന്നത്. ചാലക്കുടി പുഴയിൽ വീണ്ടും ഒരു അണക്കെട്ടു നിർമ്മിക്കുമ്പോൾ ഉണ്ടാവുന്ന ആദിവാസി ഊരുകളിലെ പ്രസ്നങ്ങളിലെ വാസ, ജീവിത, തൊഴിൽ കാര്യങ്ങളെക്കുറിച്ചും തെറ്റായ രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ചും നിയമത്തിന്റെ വഴിയിൽ നേരിടുമെന്നു കദ്ദാർ ട്രൈബൽ കൗൺസിലും സർക്കാറിനെഓർമ്മപ്പെടുത്തി.

വൈദ്യുതി ബോർഡിന്റെ വിദഗ്ദർ എന്നു പറയുന്നവർ തെറ്റായ റിപ്പോർട്ടും പരിസ്ഥിതി നാശത്തിന്റെ പൂർണ്ണവിവരങ്ങളും നൽകാതേയും ശരിയായ രീതിയിൽ പരിസ്ഥിതി ആഘാത റിപ്പോർട്ടു നൽകാതേയുമാണ് ഈ പദ്ധതിയ്ക്ക് സമ്മതപത്രം



നേടിയെടുത്തത് എന്നാണ് പ്രമുഖ പരിസ്ഥിതി പ്രവർത്തകർ പറയുന്നത്. കൺസർവേഷൻ ഓഫ് നേച്യർ സൊസൈറ്റി എന്ന സർക്കാരേതര സംഘടനപറയുന്നത് അവർ ഹൈക്കോടതിയെ സമീപിയ്ക്കുമെന്നതിൽ യാതൊരു സംശയവുമില്ലെന്നാണ്. അണക്കെട്ടു വരുന്നസ്ഥലത്തുനിന്നും 400 മീറ്റർ ദൂരത്ത് സ്ഥതിചെയ്യുന്ന കദ്ദാർ ട്രൈബൽ കോളനിയെപ്പറ്റിയുള്ള വിവരങ്ങൾ മറച്ചു വെച്ചത് പിന്നോക്ക (കേന്ദ്ര) വിഭാഗം മന്ത്രാലയത്തെ അറിയിക്കുമെന്നും തീരുമാനമായിട്ടുണ്ട്.

■



**GLAMOUR GENTS WEAR**

Naluparambil Complex, Mankave, Calicut - 7
9847756569

*Pants, Jeans, Shirt, T-Shirts etc....*

India's No - 1
**AKSHAYA WATER PROOFING**

29/851, Kottoli, Mavoor Road,Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*
*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**Sree Lakshmi Enterprises**

24/1410-D, Thalikulangara, Mankave,
Calicut - 673 007Ph: Off: 9847140046
Mob: Ramesh : 9847005566
Dealers in
Johnson & Johnson, PEDI GREE (Dog & Cat Food)

**Highness Cool**
Refrigeration & Air Conditioning

NEAR POST OFFICE, MANKAVE, CALICUT-7
(Service for A/C, Fridge
Washing Machine, Spray Painting, etc.)
Mob: 9349810003

**P.V. ENTERPRISES**
DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

**രാജു ഓട്ടോസ്**
ടൂ വീലർ വർക്ക്ഷോപ്പ്

മേത്തോട്ടുതാഴം, കോഴിക്കോട്.
രാജേഷ്- 9745323946

**MANAMKULAM ENTERPRISES**

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
WHOLE SALE DEALER OF ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards,
Aluminium Items, Hardware, Timbers etc.

**MANAMKULAM TIMBERS**

Chalappuram P.O., Calicut-673 002, Kerala
Whole sale and Retail dealer of All types of Timber logs & sizes, Nilotika sizes available
Ph: Abdul Nazer - 9847010745
Mohemed Faizel - 9847133878

**ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്**

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്
കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

**വിനായക**

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ
ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ - 9400741434

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്
**ടി.പി. ടീ സ്റ്റാൾ**
കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

**CRAFT "N" STYLE**
Wood Designers
Manalody Compound, Mankave, Calicut -7

**CRAFT "N" STYLE**
Tool Grinding Centre, Kallai Road,Calicut-3
Email:ajayanwok06@gmail.com
Mob:A.K.Ajayan
9526368402,9539691872

# ചുഴലി



അശോകൻ മല്ലിശ്ശേരി



ഒഴിവ് സമയങ്ങളിൽ വായനാലോകത്തെ വരികൾ എണ്ണിപ്പെറുക്കാൻ കീർത്തനമടി കാണിക്കാറില്ല.

അടുത്തുള്ള വായനശാലയിൽ നിന്നും കൊണ്ടുവന്ന അറിയപ്പെടാത്ത എഴുത്തുകാരൻ സച്ചാസിന്റെ കുറിപ്പുകൾ വായിക്കുകയായിരുന്നു.

എവിടെനിന്നു വന്നു...

പ്രാചീനപാശ്ചാത്യനാണോ...

മുട്ടോളം വന്ന തൊട്ടാവാടിയ്ക്കു മേലെ വർണ്ണപ്പകിട്ടാർന്ന നിറഭേദങ്ങൾ സൗഭാഗ്യവർണ്ണവരയുടെ സൗന്ദര്യചിറകിനുള്ളിൽ സ്നേഹം പടർത്തി നൃത്തം ചെയ്യുന്നു. ഒരുവിധം കൈകളിലാക്കി ഇറുക്കിവെച്ചപ്പോൾ ഇക്കിളിയാകുന്നു.

സൂക്ഷിച്ചുനോക്കി...

മെല്ലെ മെല്ലെ തിരിയുന്നപോലത്തെ കണ്ണുകളിൽ എന്റെ രൂപം.

നിങ്ങളാരാണ്...

ആയുസ്സെത്ര ...

ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടിയൊന്നും കാക്കാതെ തലയും ചിറകും വേർപ്പെടുത്തിയ കുട്ടിക്കാലം ഉൾക്കാമ്പിൽ കണ്ടപ്പോൾ ഇത്തിരിനേരത്തെ കുറ്റബോധം.

ഒത്തിരികാലത്തെ ഇടവേളകൾക്കുശേഷം പ്രകൃതിയേയും ഒപ്പം സമൂഹത്തേയും മനസ്സിലാക്കിയപ്പോൾ ചൊറിച്ചിൽപുഴുവിന്റെ ലാർവയിൽനിന്നും ഉദിച്ചുവന്ന ചിത്രശലഭ സൗന്ദര്യമാണെന്ന തിരിച്ചറിവ്.

ഞാൻ ആരാണ്...

എന്റെ ആയുസ്സെത്ര...

നിർണ്ണയിക്കാൻ പറ്റാത്ത വിധത്തിൽ നിർണ്ണയിക്കപ്പെട്ടത്. ശരീരത്തിന് ചൊറിച്ചിലില്ലാത്തതുകൊണ്ട് ലാർവയിൽനിന്നല്ല ഉൽപ്പത്തിയായതെന്നു വിശ്വസിക്കുന്നു.

കീർത്തനചേച്ചി....

അങ്ങേലത്തെ പല്ലവി വിളിക്കുന്നുണ്ട്

പുസ്തകം മടക്കി വെച്ചു ചെന്നു.

എന്താ പല്ലവി

നിങ്ങൾ വാങ്ങിയ പുതിയ സാരി ഉടുത്തിട്ട് തിരുമ്പിയോ?

ഇല്ല പല്ലവി

എന്നാൽ ഞാനിന്ന് പ്രഭാകരേട്ടന്റെ മോളെ കല്ല്യാണത്തലേന്ന് പോയിവന്നിട്ട് തിരുമ്പിയാമതി.

നിങ്ങൾക്ക് കല്ല്യാണ കത്ത് കിട്ടിയിട്ടില്ല എന്നല്ലെ പറഞ്ഞത് അതുകൊണ്ട് പോകേണ്ടല്ലൊ...

ശരി പല്ലവി

ഇപ്പം തരാം...

ഒന്ന് ആലോചിക്കുക പോലും ചെയ്യാതെ മറുപടി പറഞ്ഞത് എങ്ങിനെയാണ്. ഇന്നാണെങ്കിൽ പല്ലവിക്ക് ചോദിക്കാൻ തന്നെ നാണക്കേടല്ലെ... എനി ഞാൻ അഥവാ ചോദിച്ചെന്ന് കൂട്ടിക്കൊ...

തിരുമ്പിയോ എന്ന് ഓർമ്മയില്ല നോക്കട്ടെ പിന്നെ റൂമിൽ ചെന്ന് ഒന്ന് ആലോചിക്കും.

വലിയ വിലയുള്ളതല്ലെ

മഴയത്തെങ്ങാനും നനഞ്ഞാലൊ...

കീർത്തനചേച്ചി....

തിരുമ്പിയിട്ടുണ്ട് പോരാഞ്ഞ് വാഷിങ്ങ്മെഷിനിലെ സ്ഥിതിയറിയാമല്ലൊ...

ചുക്കിചുളിഞ്ഞ് കിടക്കാ...

കീർത്തനഓർക്കുകയായിരുന്നു...

പരസ്പരം കൈമാറിയ ഒരുമയുടെ കാലങ്ങൾ...

ഇന്ന് എത്ര വേഗത്തിൽ എന്തൊരുമാറ്റങ്ങൾ.

പല്ലവിയുടെ ഭർത്താവിന്റെ വീട്ടുകാര് വന്നാൽ വീട്ടിൽ വളർത്തുന്ന കോഴിയെ പറമ്പിലൊന്നായ് ഓടിച്ച് പിടിക്കലായിരുന്നില്ലെ...

അവസാനം ഞാനാ പിടിച്ച് കൊടുക്കാ...

പെട്ടന്നാരെങ്കിലും വന്നാൽ ചില്ലറ സാധനങ്ങളൊക്കെ ഗ്ലാസ്സ് അളവിൽ പരസ്പരം കൈമാറിയിരുന്നത്...

ഇന്ന് അഥവാ സാധനങ്ങൾ ഇല്ലെങ്കിൽ പോലും ചോദിക്കാൻ മടിയല്ലെ.... പോരാഞ്ഞ് വല്ലിടത്തും വിരുന്നിനൊ കല്ല്യാണത്തിനൊ പോകാനുണ്ടെങ്കിൽ മാറി മാറിയല്ലെ ഉള്ള പൊന്ന് കഴുത്തിലിടുന്നത്

ഇപ്പോൾ കയർ വണ്ണം മാതിരിയാ പെണ്ണുങ്ങൾ കഴുത്തിലണിയുന്നത്...

ആരെ കാണിക്കാനാ...

പാവങ്ങളേയൊ...

നിർഭാഗ്യവശാൽ പേപ്പറിൽ കാണുന്നപോലെ ഒറ്റയ്ക്ക് പോകുമ്പോഴെങ്ങാനും പൊട്ടിക്കാൻ നോക്കിയാൽ കഴുത്തെങ്കിലും ബാക്കിയുണ്ടാവേണ്ടെ...

പുറത്ത് നല്ല മഴ പെയ്യുന്നുണ്ട്... ശ്ലെ.. ആറിയിട്ട തുണികളൊക്കെ നനഞ്ഞു എല്ലാം ഉണങ്ങിയതായിരുന്നു.

തുണികളിലെ വെള്ളം പിഴിയുമ്പോഴും കീർത്തനതുടർന്നും ഓർക്കായിരുന്നു... ഓരോരൊ ആണ്ടർതി വരുമ്പോഴും പല്ലവിയുടെ എളേമയുടെടുത്ത് ഒന്നിച്ച് പോയതും സദ്യയും പായസവും കഴിച്ചതൊക്കെ...

ഇന്നിപ്പം ഓർമ്മകൾ ബാക്കി...

പല്ലവിയ്ക്കതൊക്കെ ഓർമ്മയുണ്ടൊ ആവൊ....

സമ്പത്തിനൊപ്പം സൗകര്യങ്ങൾ കൂടുമ്പോൾ ചിലർക്ക്ബുദ്ധിവികാസക്കുറവ് വരുമായിരിക്കും.

കാറും ബംഗ്ലാവും പത്രാസും ചമയുമ്പോൾ പിന്നെന്തിനാ അത് കുറവുള്ള കുടുബക്കാരൊക്കെ.

ഞാനും എന്റെ മക്കളുംമാത്രം എന്ന ചിന്തമനുഷ്യമസ്തിഷ്ക്കത്തിൽ ചുഴലിനുരയായ് വന്നടിഞ്ഞു കൂടി

ക്രമേണ പല്ലവിയുടെ ദിശയും മാറി.

ഭാവിയിൽസ്നേഹിച്ചുലാളിച്ച സ്വന്തം മക്കളും ഇതേ മാതിരി തുടരാനുള്ള ട്രയിനിംഗല്ലേ സത്യത്തിൽ ബോധോദയമില്ലാതെ മണ്ടത്തരമായ് ഇവർ കാണിച്ചു കൊടുക്കുന്നത്.

എന്നാലും കോന്തൻ കെട്ട്യോന് ചില കാര്യങ്ങളിലൊക്കെ ഇടപെട്ടുകൂടെ.

ഒരു കോണകം വാങ്ങണമെങ്കിൽ പോലും അന്നു രാത്രി ഒന്നുചേർന്ന് ചിന്തിച്ച് ചിന്തിച്ചേ വാങ്ങുള്ളു.

എന്നാൽ കാര്യത്തിനൊന്നും ചിന്തിക്കുമില്ല.

മീൻകാരൻ ബജാൻ വരാറായതിനുള്ള തെളിവായ് പൂച്ചകൾ കാത്തിരിക്കുന്നുണ്ട്.

പക്ഷേ...

ഒന്നിനും അവന്റടുത്തുനിന്നും വാങ്ങാനറിഞ്ഞു കൂടാ.

കിട്ടിയാൽ തിന്നും. ഇല്ലെങ്കിൽ നമ്മൾ കൊടുക്കാനുണ്ടല്ലോ എന്ന ചിന്ത അവറ്റകൾക്കുണ്ടായത് ഞങ്ങൾ അന്യരല്ലെന്ന വിവേകബുദ്ധി ഉണ്ടായതുകൊണ്ടല്ലെ. കീർത്തനക്ക് സന്തോഷം തോന്നി.

ഏകദേശം മുപ്പതോളം വർഷമായില്ലേ ബജാൻ മീൻ കൊണ്ടുവരുന്നത്. ആദ്യം നടന്നും പിന്നെ സൈക്കിളിലും ഇപ്പോൾ ഇരുചക്രവാഹനത്തിലുമായ് നേരത്ത് എത്തിയ്ക്കുന്നു.

ജീവിതത്തിൽ അവന്റെ വരുമാനവരയുടെ ശ്രോതസ്സുകൾ നമ്മളല്ലെ, ആയതിനാൽ വരുമാനരേഖ നിലനിർത്തേണ്ടത് കടമയെന്ന കരുതി ബജാനോടുതന്നെ വാങ്ങിക്കുന്നു.

കീർത്തനയുടെ ഭർത്താവ് വിമലിന് കർണ്ണാടകയിൽ കൊങ്കൺ റെയിൽവേയിലാണ് ജോലി. രണ്ടാഴ്ച കൂടുമ്പം രണ്ടോ അല്ലെങ്കിൽ മൂന്നോ ദിവസം വീട്ടിൽ ഉണ്ടാകും.

കഴിഞ്ഞ ആഴ്ച വന്നപ്പം അവന്റെ ചെറിയ വാടക വീട്ടിൽ ഒരാൾ ഒരുവർഷത്തേയ്ക്ക് താമസിക്കാൻ കൊടുക്കണമെന്ന് പറഞ്ഞ് അഞ്ഞൂറു രൂപ ടോക്കൺ കൊടുത്തിരുന്നു. പക്ഷേ, എന്തോ സാങ്കേതിക ബുദ്ധിമുട്ടുകാരണം വരാൻ പറ്റില്ലെന്ന് ഫോണിൽ വിളിച്ചു പറഞ്ഞു. ടോക്കൺ പണം തിരിച്ചു കൊടുക്കാനൊന്നും അയാൾ പറഞ്ഞില്ല.

ബ്രോക്കർ കീർത്തനയോട് പറഞ്ഞു.

എനി തിരിച്ചു കൊടുക്കേണ്ടന്ന്.

വിമൽ പറഞ്ഞു.

കീർത്തനേഅത് ശരിയല്ല.

സാധാരണ ആരും തിരിച്ചു കൊടുക്കാറില്ല. എന്നാൽ തിരിച്ചു കൊടുത്തില്ലെങ്കിൽ മനസ്സിൽ ഒരു കടമായ് നിലനിൽക്കും. അതുകൊണ്ട് ഇന്നു തന്നെ അയാളെ വിളിച്ചു കൊടുത്തേക്കാം.

കീർത്തനയുടെ അഭിപ്രായവും അതുതന്നെയായിരുന്നു.

പിന്നെ നാളെ മുൻവശ കട്ട്റോഡിലേക്ക് ചാഞ്ഞ കാട്ടുചെടിയും പുല്ലുമൊക്കെ വെട്ടി വൃത്തിയാക്കണം. രണ്ടു ദിവസം ലീവുണ്ടല്ലോ.

എന്നാലും യുവത്വങ്ങളുടെ കൂട്ടായ്മയുടെ കുറവ് അപകടംതന്നെ. സമയക്കുറവ് കൊണ്ടാണെന്ന് വിചാരിച്ച് സമാധാനിക്കാം.

എന്നാൽ മൊബൈലും പിടിച്ച് വാട്ട്സപ്പും നോക്കി എത്ര സമയാ ചിലവാക്കുന്നത്.

വൃത്തിയാക്കുമ്പം അരികിലൂടെ പോവുമ്പോൾ ഇയാൾക്ക് വേറെ പണിയൊന്നുമില്ലേ എന്ന നോട്ടം എന്തുകൊണ്ടായിരിക്കാം.

രാവിലെ ആറുമണിയായിട്ടും മക്കൾ രണ്ടുപേരും എണീറ്റിട്ടില്ല.

വിളിച്ചുണർത്തി.

ഇന്നലെ പറഞ്ഞ മാതിരിതന്നെ പരിസരമൊക്കെ ഒരുമ


(ശേഷം പേജ് 36ൽ)

Short Story

# SLEEPLESS NIGHTS



C.K. RAGHAVAN




I was born and had been brought up in a thached house located on a hill-top of remote village.Water required for all our domestic needs was fetched from a small stream on the foot of the hill. Really, bringing water from the valley was a herculian task at that time. That time there was neither electriccity nor water pumps running in kerala villages as of now.

Upon completing my schooling, I have been able to secure a job in a govt: department Now so many years passed away. I wished to own a new house, that would be constructed as per my plan. When owning a house budded in my heart, my first priority had been to confirm the availability of water easily and in plenty by the home. So I purchased 4 cent area land near the sea bank about 5 km away from the city centre. In one year time I built a single stroyed concrete house on the plot. All other neighbourhood houses exept one were tiled type. Each one was situited in a land of about 2 cent. My house well was only 3 m deep. Water would be there in the well always irespective of seasons. I did not mind the matter that the water in well is slight salty. three of our neighbours are geting water from my well since they have no separete wells.

Now some decades have been passed off. My youthhood almost ended. In my house there are only two members living, my wife and I. In most neighbouring houses there are more than 15 members in each house. Being a small family I have been always alarming that
burglars would give much priority to my house whenever they are selecting a house for thier performance.

It was on a sunday night. There were a little rain dropping. My wife and me had already planed a rail journey to Ernakulam to visit one of our reletives. We sheduled to set off for Ernakulam at 6am on monday. Hoping that we could awake in the dawn we went for sleep early than usual.

Suddenly I was shuddered from sleep on hearing some loud crying voices of people outside. Some of them had been calling out “Thief,” “Thief”, immidiatly rushed to the neighbouring house. Now many are pouring into that premises. Time is now 11pm. The house owner started explain the incident with some panting. “In my sleep I was awakened by the unnatural sounds heard from out side.” “I suddenly rushed out.” “I noticed that one young man was running away and desappearing from the sight,” along the northern side of the house.Then he showed us the broken window grills,

that had been committed by plunderer in his bid get into the house. This was done by using a crow-bar which had already been kept there. Then for an half an hour time, people crowded there engaged in serious discussions about robbery attempt and robber's escape. Most of us now perceived that this was only a one man show and he was been able to get away from here. Nothing is seen lost from the house. So there is not much sence in waiting here any more. People thronged there wanted to go their homes to sleep. So all of us left the place. I lay again in the bed. But I am not able to get in to sleep. About half an hour is over. Again I heard the shouting noices of people from out side. They were also had crying out saying "Theif,Theif". I rised from bed. Then I went out of my house quickly. This time voices are being come from another house. The house ower is now briefing the occurrence. "I was standing inside my house by the window, looking at outside." "Just one minute ago a young man jumped out from my mango tree and zoomed off. He was hiding under the cover of thick mango leaves." The people arrived there now have a common opinion that there were 2 persons in the gang. Both have left the place. Nothing is lost from the houses. So all of us left the place. I went again to bed. Without sleep I lay in the bed for sometime. Again weeping voices, mixed with calling "thief, thief", struck at my ears. Immidiatly I roused and came out. This time it is from another house the howl sound coming out. People appeared there also as previously. The horde of people now have been surmised that this failed larceny mission had been executed by the three persons of a criminal gang. So all the people went back from there including me.

When I was drifted off to sleep I heard the barking sound of my dog. I suddenly got up and looked out by opening the window. Now I am alarmed and terribly frightened, a man had been just climbing up from my well. When he came out of the well, he was seemed completly soaked in water. He was a lanky young man standing at about 7 foot height. Now he has been ran off. Viewing this my mind has been gone to a benumed state. So I could not come out of my house easily and immidiatly.

Over some moments I did regain my normal mood. My dog is still barking. Now I am standing at my house's thresold. I shouted out "Thief", "Thief". Upon hearing my shouting many neighbours started to pour into my court yard.I explained to them what I had witnessed some moments ago. Now clearly we did understand that there had been total 4 members in the criminal group. Yet there remains a chance of more culprits have been in the gang. We jointly arrived at a dicision that all should abandon our sleep further in that night and condut a search to find out any culprit still holed up some where there. For more than one hour time, We combed the area completly but we are not able to find out any other member of the gang. Now the time is six 'o' clock, in the morning of Monday. Due to the unhappy events occured some hours ago, I lost the sleep of one whole night. There is no habit of sleeping in the day time for me. Now the time is ten 'o' clock in the morning. As I am working in the post and telegraph department I have been provided with a stationary phone connection. As of now there were no wide spread mobile phones, public call fecilities were only available at post offices. Now my phone is ringing. I took hold of the phone in my hand. Attended the call. One of my relatives is calling from Delhi. He informed me that he with his 3 friends would reach here tomorrow night. After saying this he cut-off the phone call. Since I did not get the sleep in the last night, I was in a low mood. So I was not able to engage in a long conversation with him. He might had made phone call to me from any post office some were in Delhi. He does not have a telephone connection. So there is no way to contact him to know the exact time of his arrival

here. My relative with his 3 friends is coming here,tomorrow night. That means on tuesday night. After 12 pm on monday it is Tuesday and it is night till 6 am. So the 4 young men could reach here in that time. Other wise they would come here at any time between 6 pm to 12 pm on tuesday. If a group of 4 unknown youngsters come during night time, in light of last night's spree, I feared some unpleasant events might be happened. So for me it is better to cancel my sleep after 12pm monday. So this means that I will not be able to sleep in coming night from 00.00 hrs to 6am on Tuesday. If the young men would not come in that time, I cannot sleep during the time 6 pm to 12 pm on tuesday also Now adays we have not such dificulties, at any instant we can make contact with almost any one we wish to. Mobiles phones are there in every one's pocket and hands. We cannot imagine about a world with out these small and big gadgets like mobile phones, computer, Internet, T.V, ATM etc. With out these equipments how much troubles would we face in day today life?

These instruments and services are mainly as the result of hard work of scientists and technocrats of, U.S.A, nations in Europe, Japan etc.

We postponed our journey to Earnakulam. I lost my sleep of 3 days. My relative with his 3 friends entered my home at 10pm on Tuesday.

∎

കവിത

# മഞ്ഞുതുള്ളിയുടെ സാഫല്യം

പരിമള പി.

പുലർകാലവേളയിൽ ഒരു മഞ്ഞുതുള്ളി
പുൽനാമ്പിനറ്റത്തു തങ്ങിനിന്നു
കൺമിഴിച്ചായവൾ ചുറ്റിലും നോക്കവേ
പ്രകൃതിയാമിഴികളിൽ പ്രതിഫലിച്ചു.
"മാരിവില്ലിൻ കുഞ്ഞു പൈതലെ"യെന്നൊരു
കളമൊഴികേട്ടവൾ നോക്കീടുമ്പോൾ
ഒരുകൊച്ചു വിത്തൊന്നു മണ്ണിലുയർന്നതാ
കൈകളാൽ മാടിവിളിച്ചിടുന്നു.
"ജീവജലം നീ തരുമോ വളരുവാൻ
നാളെയീമണ്ണിന്റെ ജീവനാവാൻ"
അത്ഭുതസ്തംബ്ധയായ് മഞ്ഞുതുള്ളിയിങ്ങു
ദാഹജലംപോലുമില്ലയെന്നോ?
മലരണിക്കാടുകൾ തിങ്ങിനിറഞ്ഞൊരാ
ഹരിതാഭ ഭൂമി മറഞ്ഞുവെന്നോ?
വെട്ടുവാൻ മാത്രം പഠിച്ചോരുമർത്ത്യന്റെ
കൈകളാൽ കാടുകൾ വെട്ടിമാറ്റി
പണമെന്ന ഭൂതത്തെ നേടുവാനേതേതു
കുടില തന്ത്രങ്ങൾ മെനയുകില്ല!
കാടുകൾ കുന്നുകൾ പോരാഞ്ഞുമാനവൻ
"തല"കളും വെട്ടിയറുത്തീടുന്നു
ചതിയും കപടവുമേറിയ മർത്ത്യന്റെ
കഥയീ"ഹിമബിന്ദു"വെന്തറിയാൻ
കരയുന്ന വിത്തിന്റെ കൺകളിൽ നോക്കവെ
ഹിമവിന്ദു മെല്ലെചിരിച്ചുചൊല്ലി
"നിന്നരികത്തായ് വരുന്നു ഞാനെന്നുടെ
ജന്മം സഫലമായ്തീർന്നുകുഞ്ഞേ
നാളെയീമണ്ണിന്റെ ഭാഗമായ് മാറണം
നിന്നുള്ളിലൂർജ്ജമായ് ജീവനായ് ഞാൻ
എന്നമ്മയായ പുഴയുംവനങ്ങളും
വീണ്ടുമീമണ്ണിൽ തളിർത്തിടേണം
പകയും ലഹരിയും കാമവും മാഞ്ഞൊരു
പ്രണയമീ മണ്ണിൽ നിറഞ്ഞീടേണം

**ചുഴലി** (പേജ് 32 ബാക്കി)

ണിക്കൂർ കൊണ്ടുതന്നെ വൃത്തിയാക്കി.

മക്കൾ റെഡിയായിട്ടുണ്ട്. പിന്നെ അവരൊട് പറയാറുള്ള വ്യത്യസ്ഥ വാക്കുകൾ ആവർത്തിച്ചു.

നിങ്ങൾക്കൊക്കെ ഭാഗ്യത്തിന് ജനസമ്പർക്ക ഇൻചാർജ്ജ് ജോലി കിട്ടുകയാണെങ്കിൽ സമൂഹത്തെ തിരിച്ചറിഞ്ഞ് മതേതര ചിന്ത മനസ്സിലുണ്ടാകണം. പഠിക്കുകയും നല്ലമാർക്കു വാങ്ങുകയും തുടർന്നുള്ള പഠനപ്രയാണത്തിൽ വ്യത്യസ്ഥ കോഴ്സുകൾ ചെയ്യുമ്പോഴും നല്ലമനുഷ്യനാകാൻ നോക്കണം. എത്ര പണമുണ്ടായാലും ശമ്പളം കിട്ടിയാലും വാങ്ങിക്കാൻ കിട്ടാത്ത അമൂല്യനിധയാണ് മതേതര മനസ്സ്.

പല്ലവി ഓടിവരുന്നുണ്ട്.

വിമലേട്ടാ പൂച്ച കിണറ്റിൽ വീണു.

എങ്ങനാ ഇപ്പം എടുക്കുാ

ഓടിചെന്നു നോക്കി

കപ്പടയിൽ നില്പ്പുണ്ട്.

വലിയ ബക്കറ്റ് താഴ്ത്തി നോക്കിയപ്പം

പേടിച്ചിട്ടാകാം കയറുന്നില്ല.

പിന്നെ ചക്ക വലിക്കാൻ വലിയ ഏണിയുണ്ടായിരുന്നു അത് ചാരിവെച്ച് ഞങ്ങൾ മാറിനിന്നു.

കുറച്ച് സമയം കഴിഞ്ഞപ്പം ഭാഗ്യത്തിന് വലിഞ്ഞു കയറി പുറത്തു ചാടി.

പല്ലവി പറഞ്ഞു ഭഗവാനെരക്ഷപ്പെട്ടു.

വിമൽ ചോദിച്ചു

ദീപക്കിനെകണ്ടില്ല...

പല്ലവിയുടെ ഭർത്താവാണ്. സൂപ്പർ മാർക്കറ്റ് ഉണ്ട്

വിമലേട്ടാ ബിസ്സിനസ്സെല്ലെ...

ഒരൊഴുവും ഇല്ല.

കീർത്തനപറഞ്ഞു ഗൃഹപ്രവേശനത്തിനു പോകാനുണ്ട്. തട്ടാം തൊടി ടൗണിനടുത്താണ്. പണ്ടെങ്ങോ പോയതാ. അത്രയ്ക്ക് ഓർമ്മവരുന്നില്ല.

പൂച്ച കാറിന്റെ മോളിൽ കിടക്കുന്നുണ്ട്. അവന്റെ കിടക്കയാണെന്നാ വിചാരം എന്നാലും നഖത്തിന്റെ പാടൊന്നും ഉണ്ടാകാറില്ല...

കീർത്തനയോട് പറഞ്ഞു

വേഗം റെഡിയായിക്കൊ സമയം ഉച്ചയാവാറായ്...

സ്ക്കൂട്ടറിലാണ് പോയത് സ്ഥലമൊക്കെ മാറിയിട്ടുണ്ട്

വഴി ചോദിച്ച രണ്ടു പേരും ഹിന്ദിക്കാരാ....

പക്ഷെ ഹിന്ദി അവർക്കറിയില്ല... ഒറീസ്സക്കാരാ...

റോഡിന്നരികെ വണ്ടി പാർക്കിംങ്ങ് കണ്ടപ്പോൾ മനസ്സിലായി വീട് ഇത് തന്നെയാണെന്ന്.

സദ്യയാകുമെന്ന് വിചാരിച്ചിരുന്നു...

ബിരിയാണിയാ

തിരിച്ചു വരുമ്പോൾ ചെറിയ ചാറ്റൽ മഴ

വീട്ടിൽ തിരിച്ചെത്തിയപ്പോഴും പൂച്ച ഉറക്കം തന്നെയാ...

എന്നാലും ബിരിയാണി മണം എത്രവേഗം മണത്തറിഞ്ഞു

തട്ടിക്കുടഞ്ഞ് എണീറ്റ് അരികിലേക്ക് വന്ന് നോക്കി...

സന്ധ്യയ്ക്കെത്തിയ കാറ്റിന് ഇത്തിരി തണുപ്പ് തോന്നി...

വിമൽ ലീവ് കഴിഞ്ഞ് പോയി

ദീപക്ക് സൂപ്പർ മാർക്കറ്റിലേയ്ക്കും മക്കൾ സ്ക്കൂളിലും...

പല്ലവി പതിവുപോലെ കീർത്തനയോട് പറഞ്ഞു.

ചേച്ചി ഗൃഹപ്രവേശത്തിന് പോകുമ്പം

പറഞ്ഞില്ലല്ലൊ...

അല്ല പല്ലവി നിങ്ങൾ എവിടെങ്കിലും പോകുമ്പം ആരോടാ പറയാറ്...

ദീപക്ക് രാത്രി വന്നപ്പം പല്ലവി പറഞ്ഞു... കീർത്തനചേച്ചി പുതിയ സാരിയാ ഉടുത്തത്... കാതിലും ചെയിനും മാറ്റിയിട്ടുണ്ട് വളയും പുതിയതാ...

സത്യത്തിൽ ഒന്നും പുതിയതല്ല...

ദീപക്ക് പല്ലവിയോട് പറഞ്ഞു...

എനിക്ക് ചെലപ്പം തോന്നും അവർ ചെയ്യുന്നതും പറയുന്നതാ... ശരിയെന്ന്...

നമുക്ക് നമ്മളേ അറിയൂ... കുടുംബക്കാരേയും അറിയൂല നാട്ടുകാരേയും...

സാധനത്തിനൊക്കെ ദിനം പ്രതി വില കേറി വരാണ് പോരാഞ്ഞ് തൊട്ടപ്പുറത്ത് ബിൽഡിങ്ങിൽ മൊത്തമായ് ഭീമന്റെ സൂപ്പർമാർക്കറ്റാ ഉടനെവരാൻ പോകുന്നത്...

സ്വർണ്ണവും മേക്കപ്പും ഇലക്ട്രോണിക് സാധനങ്ങളും എത്രയോ ഏറെയുണ്ടിവിടെ...

ഇയ്യ് നാളെമുതൽ ഒഴിവുള്ള സമയത്തൊക്കെ തൊടീല് എന്തെങ്കിലുമൊക്കെ ഉണ്ടാക്കാൻ നോക്ക്...

പച്ചമുളകും കറിവേപ്പിലയെങ്കിലും സ്വന്തമായ് കൃഷി ചെയ്യുന്നുണ്ടെന്ന് നമുക്ക് പറയാമല്ലൊ...

ദീപക്ക് കിടന്നു...

കീർത്തനയുടെ വീട്ടിൽ ലൈറ്റണഞ്ഞിട്ടില്ല...

അവൾ ബാക്കിവെച്ച സാച്ചാറിന്റെ കുറിപ്പുകളുടെ വായനതുടർന്നു...

ജാതിയും മതവും ദൈവവും എവിടെയാ ഒളിഞ്ഞു കിടക്കുന്നത്. സത്യത്തിൽ വിശ്വസിച്ച് പ്രവർത്തിക്കുന്ന വന്ന് ഒരുമയുടെ വിശ്വാസമല്ലെ മനസ്സിൽ തെളിയുക. അതു തന്നെയല്ലെ ദൈവസൂത്രം.

കെട്ടിവച്ച ബലൂൺ മാതിരിയല്ലെ ഭൂമി. കാറ്റത്താടുന്നില്ലെങ്കിലും വട്ടം കറങ്ങുമ്പോൾ നമ്മൾ തലചുറ്റി വീഴാത്തത് ഭാഗ്യം.

കാലത്തിന്റെ കാൽചുവട്ടിൽ വേരോട്ടം നടത്തി എല്ലാം നമ്മുടേതാണെന്ന മോഹം. വെട്ടി പിടിച്ചതെല്ലാം ഭൂമിയുടെ കെട്ടൊന്ന് അഴിച്ചുവിട്ടാൽ പാതാളത്തിലേക്ക് ഒലിച്ചുപോകും. മരണ പായയിൽ തൊട്ടുമുമ്പെ മരിച്ചവരെല്ലാം അവസാനമായ് എന്താണാവോ... ആലോചിച്ചിട്ടുണ്ടാവുക... സ്വർഗവും നരകുവുമാണൊ. ജാതിയോ... മതമോ...

അല്ലെങ്കിൽ ജീവിക്കാനുള്ള കൊതിയോ...

സ്വന്തം ജാതകത്തിലും വീടിന്റെ ഉത്തരത്തിലും


അവനവന്റെ മരണ സർട്ടിഫിക്കറ്റിൽ പോലും എഴുതിവെയ്ക്കാത്ത ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ...

■

# തെക്കേപ്പുറത്തെ പെരുന്നാൾ



സുലൈമാൻ കൊളപ്പുറത്ത്



പെരുന്നാൾ എന്ന തിനെജീവിതത്തിലെ ഏറ്റവും വലിയ ആഘോഷമായി കൊണ്ടാടുന്ന ഒരു ദേശമായിരുന്നു ഇവിടം. പ്രത്യേകിച്ചു സാധാരണക്കാർക്കിടയിൽ പെരുന്നാൾ പുതുവസ്ത്രങ്ങളുടേയും അന്നപൂർണ്ണതയുടേയും ആഘോഷമായിരുന്നു. കടം വാങ്ങിയിട്ടാണെങ്കിലും വറുതിയുടെ വാതായനങ്ങളെ ഒരു ദിവസമെങ്കിലും പൂർണ്ണമായും കൊട്ടിയടയ്ക്കപ്പെടുന്ന ഒരു നാള്. ആ കാലത്ത് സാധാരണക്കാരായ ആളുകൾ പുതുവസ്ത്രം ധരിക്കണമെങ്കിൽ പെരുന്നാള് വരണമായിരുന്നു. പെരുന്നാളിനു ധരിക്കുന്ന വസ്ത്രം പെരുന്നാളിനു ശേഷം പെട്ടിയിൽ സൂക്ഷിച്ചു വയ്ക്കും. പിന്നെ കല്യാണത്തിനോ അതുപോലുള്ള വിശേഷ ദിവസങ്ങളിലോ മാത്രമാണ് അത് ധരിക്കാറ്. ധരിക്കുന്ന വസ്ത്രം പോളിസ്റ്ററോ കോട്ടനോ എന്നറിയാൻ മറ്റുള്ളവർക്ക് വലിയ തിടുക്കമായിരിക്കും. പോളിസ്റ്ററാണെങ്കിൽ അതൊരു വലിയ കാര്യം തന്നെ. കുട്ടികൾ അവരുടെ കൈവിരലിലെ നഖത്തിലെ വെള്ളപ്പുള്ളികൾ എണ്ണിനോക്കി ഓരോപുള്ളിയും ഓരോ കോടി കിട്ടാനുള്ള യോഗ്യതയായി കണക്കാക്കാറുണ്ട്. പുതുവസ്ത്രം ധരിച്ച് നിറഞ്ഞവയറുമായി പുറത്തിറങ്ങുമ്പോൾ അതു പാവങ്ങളെ സംബന്ധിച്ചിടത്തോളം പെരുന്നാളിന്റെ സാക്ഷാത്ക്കാരമായിരുന്നു. സമൃദ്ധിയുടെ സുന്ദരദിനത്തിന് ഇല്ലായ്മയുടെ ഇരുണ്ട നിമിഷങ്ങൾ വഴിമാറികൊടുക്കുന്ന പൊൻപുലരി. പുതുവസ്ത്രങ്ങൾ ധരിച്ചു പള്ളിയിലേക്ക് പ്രാർത്ഥനക്കു പോകുമ്പോൾ ഒരുപാട് സെന്റുകൾ ഒന്നിച്ചുമണക്കുന്ന ഇളംകാറ്റു വീശും. പിന്നെ സ്തുതി കീർത്തനവുമായി പ്രാർത്ഥനയിൽ മുഴുകുമ്പോൾമനസ്സ് ആത്മീയ സായൂജ്യമടയും. ശേഷം പള്ളിപ്പറമ്പിലെ നിശ്ശബ്ദതയെ പ്രാർത്ഥനാ ധ്വനികൾ കൊണ്ടുണർത്താൻ ഖബർസ്ഥാനിലേക്കുള്ള ചുവടുവയ്പുകളാണ്. മരണത്തിന്റെ കറുത്ത കരങ്ങൾക്കുകീഴടങ്ങിയ ബന്ധുമിത്രാദികൾക്ക് ആത്മശാന്തി നേരുവാൻ വേണ്ടിയുള്ള ചുവടുവയ്പ്. ഖബർസ്ഥാനിലെ കുറ്റിക്കാടുകൾക്കിടയിൽ പരേതരുടെ പേരുകൾ പറഞ്ഞുകൊടുക്കുന്ന മീസാൻകല്ലുകൾ. അതിനരുകിൽ നിന്നു കൊണ്ട് ഒരു വേള പ്രാർത്ഥിക്കുമ്പോൾ സ്വന്തം മരണത്തെക്കുറിച്ചുള്ള സ്മരണ പലവട്ടം ഉണരും. പിന്നെ കരളലിഞ്ഞ മനസ്സുമായി സൗഹൃദം പങ്കുവയ്ക്കാനുള്ള സന്ദർശനമായിരിക്കും. അന്യോന്യം ആശംസകൾ നേർന്നുകൊണ്ടും ആലിംഗനം ചെയ്തുകൊണ്ടും പിണങ്ങിനിന്നവർ ഇണങ്ങിച്ചേരുന്ന ഒരു പ്രഭാതം. പിന്നെ വിവിധ വിനോദങ്ങളിൽ മുഴുകുന്നവരുടെ കൂട്ടായ്മകളാണിവിടെ. ഒരേതരം വസ്ത്രങ്ങൾ ധരിച്ചു പോകുന്ന ചങ്ങാതിക്കൂട്ടങ്ങളേയും കവലതോറും കിലുക്കിക്കുത്തുകാരേയും കാണാം. ആറുഭാഗമുള്ള മൂന്നു ചതുരക്കട്ടകൾ. ഓരോ കട്ടയിലും ഒന്നുമുതൽ ആറുവരെ അക്കങ്ങൾ എഴുതി വച്ച് അതേ അക്കങ്ങൾ എഴുതിയ ഒരു പടം താഴെ വിരിച്ചുകൊണ്ട് കട്ടകൾ തകരപ്പാട്ടയിലിട്ടു കിലുക്കിക്കുത്തും.

"വയ് രാജ വയ്, അഞ്ചുവച്ചാൽ പത്ത്."

അഞ്ചു പൈസമുതൽ പണം വയ്ക്കാം. പൈസവച്ച നമ്പറും പകിടയിൽ വീണ നമ്പറും ഒന്നായാൽ ഇരട്ടി പൈസകിട്ടും. പെരുന്നാളായതുകൊണ്ടു മുതിർന്നവർ കുട്ടികൾക്കു പെരുന്നാൾ പൈസ കൊടുക്കാറുണ്ട്. ഈ പൈസ പകിട കുത്തുന്ന കളിക്കാർ നേടും. ആദ്യമാദ്യമൊക്കെ കുട്ടികൾക്കു നേട്ടമുണ്ടാവും. പിന്നെപ്പിന്നെ എല്ലാം പോകും. പെരുന്നാളിനു ടൂറുപോകാനും സിനിമയ്ക്ക് പോവാനുമൊക്കെ കരുതിവയ്ക്കുന്ന പൈസ ഇത്തരം മുച്ചീട്ടു കളിയിൽ നഷ്ടപ്പെടുകയും ശേഷം സ്വന്തം ദേശത്തുതന്നെ ചുറ്റി നടക്കാൻ ഗതിയില്ലാതെ ആഘോഷത്തോടുള്ള ആവേശം കെട്ടടങ്ങി വീട്ടിൽ പോയി കിടന്നുറങ്ങുന്നവരുമുണ്ട്. ഈ ദേശത്തെ പെരുന്നാൾ രാവ് എന്നത് പെരുന്നാളിനേക്കാളും വലിയ ആഘോഷമായിരുന്നു. മങ്കമാർ മൈലാഞ്ചിയിട്ട കൈകളുമായി ഉറക്കമൊഴിഞ്ഞിരിക്കുന്ന രാവ്.

പെരുന്നാളിന്റെ ആഘോഷത്തിമിർപ്പ് പെരുന്നാൾരാവിനു തന്നെ തുടങ്ങും. സമയം സായാഹ്നത്തോടടുക്കുന്നതോടെ റോഡുകളും കവലകളുമെല്ലാം വൈദ്യുതി ലൈറ്റുകൊണ്ട് അലങ്കരിച്ചിരിക്കും. എല്ലാപാർട്ടിഓഫിസുകളുടെ മുന്നിലും ഡെക്കറേഷൻ ബൾബുകൾ മിന്നിനിൽക്കുന്നതു കാണാം. ടൈലർഷോപ്പുകൾ നേരം പുലരും വരെ സജീവമാണ്. പുതുവസ്ത്രങ്ങൾ അടിച്ചതു വാങ്ങാനുള്ള തിരക്ക്. പെരുന്നാൾ രാവിനു സൈക്കിൾ സവാരി കുട്ടികളുടെ പ്രധാന വിനോദമാണ്.

സൈക്കിളിൽനിന്നു പ്രത്യേകം ശബ്ദം പുറപ്പെടുവിച്ചുകൊണ്ടാണ് സവാരി. കയറിൽ കോർത്ത തകരപ്പാട്ടയോ ഊതിവീർപ്പിച്ച ബലൂണോ സൈക്കളിന്റെ ഇല്ലികളിൽ ഘടിപ്പിച്ചാണ് ശബ്ദമുണ്ടാക്കന്നത്. അങ്ങാടിയിലെ ആൾക്കൂട്ടത്തിനിടയിലൂടെ പറപറ ശബ്ദമുണ്ടാക്കിപോകുന്ന ഇത്തരം സൈക്കിൾ സവാരിയും പള്ളി മിനാരങ്ങളിൽനിന്നുയരുന്ന നിലയ്ക്കാത്ത തക്ബീർ ധ്വനികളും ഉറങ്ങാത്തരാവിന്റെ ചേതനയായിരുന്നു. പച്ചക്കറിക്കടകളിലെ മല്ലിയിലകളുടേയും പൊതിനയുടേയും പുത്തൻ ഗന്ധം രാവിന്റെ സുഗന്ധമാകുന്നതും ഇറച്ചിക്കടകളിലെ തിരക്കൊഴിയാത്ത ആൾക്കൂട്ടവുമെല്ലാം വേറിട്ട കാഴ്ചയും അനുഭൂതിയുമായിരുന്നു. പെരുന്നാളിന് ഇറച്ചികൊണ്ടുള്ള വിഭവം പ്രധാനപ്പെട്ടതാണല്ലോ. ഈ ദേശത്ത് ഇല്ലക്ക എന്ന പേരിലറിയപ്പെടുന്ന ഒരു ഇറച്ചി വ്യാപാരി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഈദേശത്തിന്റെ പല ഭാഗത്തും ഇറച്ചികടകളുണ്ടായിരുന്നു. ഇവിടത്തെ ഇറച്ചി "ഇല്ലിക്കന്റെ ഇറച്ചി" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. രാവിനു പ്രത്യേകമായി കെട്ടിയുണ്ടാക്കുന്ന ധാരാളം ഇറച്ചിക്കടകൾ. പെരുന്നാൾ രാവിന്റെ പകലിൽ തന്നെ അറവുശാലകളിലേക്ക് മാടുകളെ തെളിച്ചുകൊണ്ടു പോവുന്നതുകാണാം. കോഴിക്കോട്ടെ സെൻട്രൽ മാർക്കറ്റിൽ നിന്നാണ് മാടുകളെ കൊണ്ടുവരുന്നത്. ഈ ദേശത്തിന്റെ തെക്കേഅറ്റത്തുള്ള കോതി അഴിമുഖത്തിനടുത്തുള്ള അറവുശാലയിലേക്കാണ് കൊണ്ടു പോകാറ്. തെക്കേപ്പുറത്തെ റോഡുകളിലൂടെ കൂട്ടംകൂട്ടമായി പോകുന്ന കാലികൾ റോഡരികിലെ ടാപ്പുകളിൽനിന്ന് വെള്ളം നിറയ്ക്കുന്ന ബക്കറ്റുകളിൽ തലയിടും. അപ്പോൾ ഇടയന്മാർ അവറ്റകളെ ലക്ഷ്യത്തിലേക്കു തെളിക്കും. ഇവിടെയെത്തുന്ന കാലികൾ ജീവന്റേയും ജീവിതത്തിന്റേയും ഇടയിലുള്ള ദാഹജലം കുടിച്ചോ കുടിക്കാതേയോ ആയിരിക്കാം കശാപ്പുകാരന്റെ കത്തിക്ക് ഇരയാവുന്നത്. ■

(കവിത)

# പറയാതെ വയ്യാ



അനീസ സുബൈദ

**പറയാതെ വയ്യാ; ക്രൂശിക്കപ്പെടുന്നു സ്ത്രീ ജനം.**
**ഇന്നലെ, ഇന്ന്, ഇനി നാളെയും.**
**ഏതോ ജ്വാലവിദ്യക്കാരെന്റെ മാന്ത്രിക സ്പർശം പോലെ.**
**തീക്കുണ്ഡത്തിലേക്കാർഷിക്കപ്പെടുന്ന ഈയ്യാം പാറ്റകൾ.**
**ചെഞ്ചൊടിയിലെ ചുടു നിണം നുകരാൻ**
**ദ്വംഷ്ടവുമായ് നിൽക്കുന്ന കാമപിശാചുക്കൾ.**
**തമസ്സിൽ വെളുക്കെ ചിരിക്കുന്നു കോമരം കണക്കെ.**
**ദർശനങ്ങൾ അരികെയെത്തുമ്പോൾ തിരശ്ശീല താഴുന്നു.**
**ആളിക്കത്താൻ വെമ്പുന്ന തീജ്വാലയെന്തേ**
**അകാലത്തിൽ പൊലിഞ്ഞു തീരുന്നു,**
**വന്യമാം പിടുത്തത്തിൽ അമർന്നു പോകുന്നു.**
**നിന്റെ ബാല്യവും, കൗമാരവും യൗവനസ്വപ്നവും.**
**പെണ്ണന്ന ഈയ്യാം പാറ്റയുടെ ചിറകുകൾ**
**കത്തി ഒരു പിടി ചാരമാകുമ്പോൾ**
**ആവെണ്ണീരിൽ എരിഞ്ഞമരുന്നു മോഹങ്ങൾ.**
**രാവിന്റെ നിശബ്ദതയിൽ തേങ്ങി, തേങ്ങി പിടഞ്ഞുവീഴുന്നു.**
**എല്ലാം തന്റെ കൈപിടിയിൽ ഒടുങ്ങിയ സംതൃപ്തിയോടെ**
**കൂസലന്യേ ആർത്തട്ടഹസിക്കുന്നു തമസ്സിൽ കിങ്കരൻമാർ.**
**പുതുമഴയിൽ ഈയ്യാം പാറ്റകൾ വീണ്ടും പുനർജനിക്കുന്നു.**
**ഭാവഭേദമൊന്നുമില്ലാതെ പിന്നെയും ജ്വലിക്കുന്നു തമസ്സിൽ തീകുണ്ഠങ്ങൾ**
**ഭൂമിയും, തത്വവും, ശാസ്ത്രവും, സൂര്യചന്ദ്രൻമാരും, നക്ഷത്രവും.**
**ഒന്നും കാണാത്ത ഭാവത്തിൽ കുലുങ്ങി ചിരിക്കുന്നു.**
**ആൺകുഞ്ഞും, പെൺകുഞ്ഞും ഒപ്പമൊരു ബഞ്ചിലിരുന്നാൽ–**
**തീരുന്നത്രേ സദാചാരങ്ങൾ.**
**ചുംബനം ഒരു കലയാക്കിമാറ്റിയ സ്വപ്നസഞ്ചാരികളെ–**
**ഇരുളും വെളിച്ചവും കണക്കിലെടുക്കാതെ**
**ചെറ്റ വാതിൽ തേടിനടക്കുന്ന നമുക്ക്**
**അവകാശപ്പെടുവാൻ പറ്റുമോ സദാചാരത്തിന്റെ–**
**കവലാൾ നമ്മളെന്ന്.**
**ഓർക്കുക ഐലാൻകുർദിയെന്നപൊന്നോമനയെ.**
**ഓർക്കുക സഹജീവികൾക്കായ് ജീവകൾ കൊടുത്ത നൗഷാദിനെ**
**ഓർക്കുക നാടിനു വേണ്ടി ജീവൻവെടിഞ്ഞ ധീര ജവാൻമാരെ.**

(കവിത)

# ഈശ്വരൻ ഉണ്ടോ?



ജോസഫ് പൂതക്കുഴി
പന്തിരിക്കര

ഈശ്വരൻ ഉണ്ടോ?
ഉണ്ടെങ്കിലെവിടെയാണ്?
ചോദിച്ചു നടന്നു ഞാനീ ചോദ്യം
എല്ലാവരോടുമെന്നോടു തന്നെയും,
കണ്ടെത്തി ഞാനുത്തരമവസാനമെങ്കിൽ
തന്നെയകക്കണ്ണു തുറന്നു ഞാൻ കണ്ടു.
ഞാൻ തേടി നടന്നയീശ്വരനെന്നെ
ത്തേടിനടപ്പായിരുന്നെന്നുതിരിച്ചറിഞ്ഞു–
ഞാനവനെകണ്ടുമുട്ടിയൊരുപാടിടങ്ങളിൽ
അവിടെയുമുണ്ടീശ്വരൻ
ഇവിടേയുമുണ്ടീശ്വരൻ
വിജനമായ ഭൂവിലുമുണ്ടീശ്വരൻ
അലയാഴിതന്നഗാധഗർത്തങ്ങളിലു–
സൗരയുഥങ്ങളിലുമാഷീറപഥങ്ങളിലും
മനുജനെത്തിപിടിക്കാത്തഗോളാന്തരങ്ങളിലും
മുണ്ടീശ്വര ചൈതന്യം ജ്വലിച്ചുനില്പ്പൂ.
ആദിയുമന്ത്യവുമില്ലാത്തവനരൂ–
പനായവൻ സർജ്ഞാനിയായ–
വൻ സർവ്വശക്തൻസ്സർവ്വ നന്മ–
സ്വരൂപനായവൻ സർവ്വസൃഷ്ടജാല–
ങ്ങൾക്കുമുടയവനായവൻ സവ്വേശ്വരൻ.
സൃഷ്ടി, സ്ഥിതി, സംഹാരങ്ങൾനടത്തത്തു–
മവൻ സർവ്വധാകങ്ങൾക്കുമധിപതി–
യായവനെന്റെയുള്ളിൽവാഴുംചൈതന്യമാണീശ്വരൻ..

(കവിത)

# പ്രകൃതി



കുട്ടികൃഷ്ണൻനായർ ഇളവന

അത്തിമരച്ചില്ലയിലെ അമ്മക്കിളിക്കൂട്ടിൽ–
കൊച്ചുചിറകുകൾ കിളർത്തനാളിൽ
നീലവിഹായസ്സിൽ തത്തിപ്പറക്കാൻ പഠിപ്പിച്ചു അമ്മ
നിത്യവും നെൽക്കതിർതാളുമായെത്തി
തീറ്റകൾനൽകിയോമനിച്ചു.
കൂടിനുചുറ്റുംപറക്കുന്നമൂങ്ങയെ
കൊത്തിപ്പറപ്പിച്ചുകൂട്ടിരുന്നു.
മാമരംകോച്ചുന്നമകരത്തണുപ്പിലും
അമ്മതൻചൂടെനിക്കാശ്വസമേകി.
പക്ഷികൾ ഭാഷപഠിച്ചു ഞാനൊരു–
പൈങ്കിളിപ്പെണ്ണായ് വളർന്നുനിൽക്കേ,
ഇണതേടിയെത്തിയ ആൺക്കിളിക്കൊപ്പം
മാമലതാണ്ടിപ്പറന്നുപോയമ്മ.
ഇന്നുരാവുഏറെയായെങ്കിലും വന്നില്ല
എന്നെയീ കുജ്ജത്തിൽ ഏകയാക്കി.
തായയേക്കാണാതെ വിലപിച്ചിരിക്കവേ
ഒരശ്വരീരികേട്ടുതരിച്ചുപോയി.
പ്രകൃതിയാണുകുഞ്ഞേ! അമ്മവരില്ല ഇനിയൊരിക്കലും
ജീവിതവഴിത്താരയിലിനി നിങ്ങളന്യരത്രേ
നാളേക്കൂടുവിട്ടുഇറങ്ങുക തീനിനായ്.

(കവിത)

# വാൽസല്യമൂർത്തി

പത്മ രവീന്ദ്രൻ

പാരിതിലമ്മയെപ്പോലെ ദയാശീല–
രാരെങ്കിലും ജനിച്ചീടുമോ ദൈവമേ–
ചിന്തിച്ചിരുന്നു ഞാനിക്കാലമത്രയും
അന്തിച്ചു നിന്നുപോയുത്തരം കിട്ടാതെ
അമ്മയ്ക്കുതുല്യമായമ്മമാത്രമെന്ന–
മ്മോമതെന്നെ ധരിപ്പിച്ചൊരുനാളിൽ
അമ്മതൻ വാത്സല്യമൂറുന്നകണ്ണുക
ളോമനിച്ചീടുന്നുതൻ പ്രിയമക്കളെ
മാതാപിതാക്കളണേവർക്കുമാശ്രയം
നിത്യജീവിതത്തിലേതുകാര്യത്തിലും
അമ്മതന്നനുഗ്രഹവ്യാപ്തിയളക്കാൻ
ബ്രഹ്മാവിൻകയ്യിലുമില്ലയളവുകോൽ
നൻമനിറഞ്ഞോരഅമ്മമാർമക്കളിൻ
മേൻമയാണവരെന്നുമാശിപ്പതുള്ളു
വൃദ്ധരാം മാതാപിതാക്കളെ നിർദ്ദയം
വൃദ്ധസദനത്തിലാക്കുന്നിതുചിലർ
എന്തുമഹാപാപമാണെന്നൊരുമാത്ര
ചിന്തിച്ചിതില്ലിവർ ഭൂലോകമൂഢന്മാർ
ഭാവിയിലവരുടെ സന്താനങ്ങളും
ഈവിധം ചെയ്യുകില്ലെന്നാരറിഞ്ഞുഹോ!
മാതാപിതാക്കൾ പരലോകംപൂകിട്ടു
പതിറ്റാണ്ടുകളേറെ കഴിഞ്ഞെന്നാലും
എന്റെഹൃദയത്തിലുണ്ടവർഹനു–
മാന്റെ നെഞ്ചിലെ ശ്രീരാമചന്ദ്രൻപോലെ

(കവിത)

# എന്റെ സ്വപ്നം



ബാബുരാജ് ചമ്പയിൽ

തഞ്ചത്തിൽ താളത്തിൽ
താളമിട്ടാടുന്നതാമരപൂമൊട്ടു വിരിഞ്ഞില്ലാ എന്റെ
താമരപൂമൊട്ടു വിരിഞ്ഞില്ലാ
കായൽനിന്നോടങ്ങൾ
കരയിലേക്കടുക്കുമ്പോൾ
താളത്തിലാടുന്ന പൂവേ എന്റെ
തഞ്ചത്തിലാടുന്ന പൂവേ

കായൽനിന്നോടങ്ങൾ
കരയിലേക്കടുക്കുമ്പോൾ
നൊമ്പരമേകുന്നോ പൂവേ നിന്റെ
ഇതളുകൾ കൊഴിയുന്നോ പൂവേ
ഓടങ്ങളില്ലാത്ത ഓളങ്ങളില്ലാത്ത
പുതിയൊരു തീരത്തിലെത്താം പൂവേ
പുതിയൊരു തീരത്തിലെത്താം
വഞ്ചനയില്ലാത്ത ദുരാഗ്രഹമില്ലാത്ത
പുതിയൊരു ജീവിതം തുടങ്ങാം
പൂവേ പുതിയൊരു ജീവിതം തുടരാം
പുതിയൊരു ജീവിതം തുടരാം ■

(കവിത)

# ഒരു പെണ്ണില....

അഷിത കാവുംവട്ടം

ഇലയുടെ ഒരു പാതി ഞാനും, മറു പാതി
അവളും...!
പ്രണയത്തിന്റെ വേര് ഞാനവളിലേക്കും,
രതിയുടെ വേര് അവളെന്നിലേക്കും പടർത്തി.
ഭൂമി വഴിമാറിയ ആകാശത്തിനും അപ്പുറത്തേക്ക്
വേരുകൾ പരസ്പരം പിണഞ്ഞു നീണ്ട്
ആകാശ ഗംഗയിൽ മുട്ടി നിന്നു.
ഒരിക്കൽ....,
കാറ്റ് മഴയെ കൊയ്തെടുത്തൊരു പകലിൽ
വസന്തം കാലത്തിനു വഴിമാറിയ നേരത്ത്
എന്നിലേക്കാഴ്ത്തിയ രതിയുടെ വേരുകൾ
പിഴുതെടുത്തവൾ തിരിച്ചു നടന്നു..
പിന്നീടെപ്പോഴോ....,
പാതി വെന്ത ചിറകുമായി ഞാനവളിലേക്ക്
ഒരിക്കൽ കൂടി ഇഴഞ്ഞെത്തി. സ്വയം –
പിഴുതെടുത്ത എന്റെ കണ്ണുകളെ,
വെട്ടിമാറ്റിയ ചുണ്ടുകളെ, പറിച്ചെടുത്ത
മാറിടത്തെ ഞാനവൾക്കു നൽകി...
കാരണം ഒരു കാലത്ത് അവയെല്ലാം..
അവളുടെ അധരത്തിനു മാത്രം സ്വന്തമായിരുന്നു.

(കവിത)

# കണ്ണുകൾ കരയുന്നു..



എ. എം. ബഷീർ കണ്ണമംഗലം

ഇനിയിപവിഴമല്ലിപ്പൂവിൻ സുഗന്ധമേറ്റു –
മരിക്കുന്നില്ല ഞാൻ, ഇവളെന്റെ തോഴി.
മുഗ്ദമാം, സ്നേഹപ്പൂക്കളർപ്പിച്ചീടുന്നുവെൻ
വിശുദ്ധിയാം ഹ്വദയത്തിലും, കുഴിമാടത്തിലും
ഒരു നാൾ ഞാനേകനായ് നിൻ കണ്ണുകളെ
സാക്ഷിയാക്കി വിതുമ്പിടും, കൂടെ വാടിയ പവിഴമല്ലിപ്പൂക്കളും
വാരിപ്പുണർന്നൊരീ കയ്യൊന്നു മെല്ലെത്തലോടിയതും.
പിന്നെ, പട്ട്ചേല ചുറ്റി, വളകിലുക്കിയതും
സ്വപ്നവീചികളാൽ കണ്ടു ഞാൻ പുഞ്ചിരിയോടെ
ഇളം വെയിലിൻ നാളങ്ങളേറ്റ് പൊലിഞ്ഞതാം.
പൂമൊട്ടുകളും, ചെറുചിരിതൂകി സൗമ്യമാം ചെഞ്ചുണ്ടുകളും,
ഞാനിന്നേകാകിയാണ്, വെയിലേറ്റ് വാടാതിനിയും
പൂക്കേണം, പൂന്തളിരാകേണം അഴകോടെ!
തേനൂറ്റും ശലഭങ്ങൾ വഴിമാറിയില്ല
വണ്ടുകൾ മൂളിപ്പറന്നതുമില്ല! നെറുകയിൽ തലോടി
പ്പൂവിതറാനവളില്ല, ചാരം കണക്കെ
പൂവിൻ സുഗന്ധം മൃതിയണഞ്ഞു.
വിശുദ്ധമാക്കൈകൾ വിറയ്ക്കുന്നുതൻ, കരയുന്നു കണ്ണുകൾ!

(കവിത)

# മാനവ സ്നേഹം



ജസി കാരാട്.

മരണം, തീക്കണ്ണുകളുമായി
തലയ്ക്കു ചുറ്റും വട്ടമിട്ട് പറക്കുകയാണ്
മിനിഞ്ഞാന്ന് കുളക്കരയിൽ മലർന്നു കിടന്നത്
അടുത്ത വീട്ടിലെ ശ്യാമളയാണ്.
ഞാനത് മൊബൈലിൽ പകർത്തി ലൈക്കും, ഷെയറുമടിച്ച്
എത്രയോ രൂക്ഷമായി പ്രതികരിച്ചതാണ്.
ഇന്നലെ ഹൈവേയിലൊഴുകിയ ചുടുരക്തം
ആരുടേതാണെന്നറിഞ്ഞില്ലെങ്കിലും
ഞാനെത്ര നെഞ്ചത്തടിച്ചു നിലവിളിച്ചു.
നീയെന്നോട് ക്ഷമിക്കണം.
പൊട്ടക്കിണറ്റിൽ വീണുകിടക്കുന്ന നിന്റെ നിലവിളി കേട്ടുവെങ്കിലും
ഓടിവരുവാൻ എനിക്ക് കഴിയാതിരുന്നതിനു കാരണം
ഈ മുടിഞ്ഞ തിരക്കു തന്നെ.
വായന, എഴുത്ത്, ജാഥകൾ, ചർച്ചകൾ ഇവക്കിടയിൽ ഞെരുങ്ങുന്ന
എന്റെ ദുർഗതി നിനക്കറിയില്ലല്ലൊ.
എന്തായാലും മോർച്ചറിയിൽ നിന്ന് നീയെത്തും മുമ്പെ
നിന്റെ വീട്ടിൽ ഞാനെത്തിയിരിക്കും
എന്തു ചെയ്യാം. ഞാനൊരു മാനവസ്നേഹിയായിപ്പോയില്ലേ?


## നക്ഷത്രരാജ്യം മാസിക

ചെറുകഥകളും,
ലേഖനങ്ങളും. കവിതകളും
നക്ഷത്രരാജ്യം മാസികയിൽ
പ്രസിദ്ധികരിക്കുവാൻ
നക്ഷത്രരാജ്യം മാസിക
ലിറ്ററേച്ചർ & പോയറ്റ്സ്
റൈറ്റേർസ് ഫോറം
അംഗങ്ങളാകുക.

Mob : മാനേജിംഗ് എഡിറ്റർ
9847649567, 9744233997

**നക്ഷത്രരാജ്യം മാസിക മാനേജ്മെന്റ് "മാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ**

**ശാസ്താസ്**
(Near K.S.R.C Stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്
കോഴിക്കോട്

**ഹരീഷ്കുമാർ പി**
കലാകൗമുദി, ആകാശ് ബുക്ക്സ്,
കന്യാപരമേശ്വരി ടെമ്പിളിന് എതിർവശം
തളി റോഡ്, കാലിക്കറ്റ് - 2

**ക്വോളിറ്റി സ്റ്റേഷനറി**
7/940, കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കട്- 673 001
ഫോൺ: 2721358

**കെ. ആർ. ബ്രദേഴ്സ്**
എസ്. എം. സ്ട്രീറ്റ്
കോഴിക്കോട് - 673 001
ഫോൺ : 2720565

**അളകാപുരി സ്റ്റേഷനറി,**
കോഴിക്കോട്
പാളയം

**മലബാർ സ്റ്റേഷനറി,**
മിംസ് ആശുപത്രിക്ക് എതിർവശം
കോഴിക്കോട്

**വിജയൻ കെ.സി.**
മല്ലിശ്ശേരിത്താഴം
പറമ്പിൽബസാർ
നമ്പ്രത്ത് ബിൽഡിംഗ്
ഫോൺ: 9037880835

**ലക്കി ബുക്ക്സ്**
ന്യൂ ബസ്സ് സ്റ്റാന്റ്
കൊയിലാണ്ടി
ഫോൺ ; 9846544326

**നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ,**
പുതിയ ബസ്സ് സ്റ്റാന്റിനടുത്ത്, (മഞ്ചേരി)
**കരിമ്പ് ജ്യൂസ്കട**
പഴയ ബസ്സ് സ്റ്റാന്റ്, (മഞ്ചേരി)

**യൂണിക്ക് ബുക്ക് സ്റ്റാൾ,**
കോടതിക്കടുത്ത്, (മഞ്ചേരി)
**ബേക്കറി** ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്,
(മഞ്ചേരി)

**ശ്രീദേവി ബുക്ക്സ് & പേപ്പേഴ്സ്**
കച്ചേരിപ്പടി - മഞ്ചേരി

**ശ്രീദേവി എന്റർപ്രൈസസ്സ്**
കോർട്ട് ഗേറ്റ് - മഞ്ചേരി

**ന്യൂ ശ്രീദേവി ഓഫ്സെറ്റ് പ്രിന്റേഴ്സ്**
കോർട്ട് ഗേറ്റ് - മഞ്ചേരി
**അപെക്സ് ബുക്ക് സ്റ്റാൾ,**
ബസ്സ് സ്റ്റാന്റ്, (രാമനാട്ടുകര)

**അക്ഷര ബുക്ക്സ്** (രാമനാട്ടുകര)
**എം. കെ. ബുക്ക്സ്** (രാമനാട്ടുകര)
**ബുക്ക് ലാന്റ്,** (രാമനാട്ടുകര)
**കുട്ടിയാപ്പു സ്റ്റേഷനറി,** (രാമനാട്ടുകര)
**മലയാളി ഫാൻസി,** ഫറോക്ക്
**ചന്ദ്രൻ സ്റ്റേഷനറി,** ഫറോക്ക്
**രാജൻ സ്റ്റേഷനറി,** (പൊയിൽകാവ്)
**കോയ സ്റ്റേഷനറി,** പൂക്കാട്
**ഇ. എൻ. ജി. സ്റ്റോർ,** സ്റ്റേഷനറി, പന്തീരാങ്കാവ്

(കവിത)

# സുര നുകരുമ്പോൾ



രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി.

അവൻ ചിരിക്കുന്നു.
അലർച്ച പോകുവാൻ
മുഴുത്ത ഭ്രാന്തിന്റെ
വരൾച്ച നീക്കുവാൻ
സമാധിയാകുവാൻ
കൊതിച്ചു ജീവിതം
കുടുംബ വൈരങ്ങൾ
കടുത്തു വന്നപ്പോൾ
സുഖചിന്ത മൂലം
സുര നുകുരുവാൻ
യുവ മനസ്സിനെ
ബലി കൊടുക്കുന്ന
അടുത്ത ബന്ധുക്ക
ളകന്നു പോകുന്നു.
കഠിനവാക്കുകൾ
ളെടുത്തടിക്കുന്നു.
അവൻ ലഹരിയിൽ
പ്പറയും വാക്കുകൾ
അടുക്കി വെക്കുമ്പോൾ
ജനം ചിരിക്കുന്നു.


# ഒരിറ്റ്



ഗിരീഷ് മൂഴിപ്പാടം




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Printed at Geethanjali Offset Prints, Kundayithode, Kozhikode


SOBHA INDUSTRIES
Manufacturers of Construction Equipments
Mooriyad, P.O.Chalappuram, Kozhikode - 673002
Ph: Mohandas T - 9846235836,9544475340, 9746591263
Website: www.sbscalicut.com, Email: sobhaindustries3g@gmail.com
Adjustable Prop, Span,
Centering Sheet, Column Box etc.......
മിതമായ നിരക്കിൽ നിർമ്മിച്ചുകൊടുക്കുന്നു.


M/S KRISHNA
METER SERVICE
13/585 - B4 Near Apsara Theatre,
Calicut - 673002
Ph: 2702760, Mob: 9447337908
We are undertaking Repair & Servicing
of all kinds of Speed Meter
and Electronic fare Meters
Dealers in
Smart Electronic fare meter
for Auto & Call Taxi